WORLD MALAYALEE FEDERATION
WMF®
WORLD'S LARGEST
PRAVASI MALAYALEE NETWORK

VISWAKAIRALI

# വിശ്വകൈരളി

A MAGAZINE OF THE WORLD MALAYALEE FEDERATION



## പ്രവാസം സ്പെഷൽ

# 05
April
2021

കവർ സ്റ്റോറി

## പ്രവാസ ജീവിതത്തിൽ മാതൃഭാഷയെയും ലോകഭാഷകളെയും ഒരുപോലെ പ്രണയിച്ച മലയാളി: ആന്റണി പുത്തൻപുരയ്ക്കൽ

വിപിൻ ജോസ് അർത്തുങ്കൽ


സ്പെഷൽ സ്റ്റോറി

## പ്രവാസികളുടെ ഡേറ്റയും പ്രവാസിക്ഷേമവും

ജോബി ആന്റണി



## എഡിറ്ററിന്റെ സന്ദേശം



**സപ്ന അനു ബി ജോർജ്**
ചീഫ് എഡിറ്റർ, ഒമാൻ

***പ്രിയപ്പെട്ട WMF സുഹൃത്തുക്കളേ***

ലോകവും മനുഷ്യനും അവന്റെ അഹങ്കാരവും ചേർന്നു ശക്തമായ മതിലുകൾ കൊണ്ട് സ്വയം നിർമ്മിച്ച തടവറയുടെ തടവുകാരായിത്തീരുകയായിരുന്നു കഴിഞ്ഞ ഒന്നുരണ്ടു വർഷമായിട്ട്! എന്നിട്ടും എങ്ങോട്ട്, എന്തിന്, ആർക്കുവേണ്ടിയായിരുന്നു ഈ തറവറകൾ എന്ന വീണ്ടുവിചാരം ഇന്നും ഉണ്ടായിട്ടില്ല. പ്രവാസം, മനുഷ്യനിർമ്മിതമായ തടവറയല്ലേ? അതെ, വർഷങ്ങളുടെ സ്വയം നിർമ്മിതമായ തടവറ.

കോവിഡ് കാലങ്ങളിൽ ഒരു മീറ്റർ അകലം പാലിച്ചു മാത്രമെ സംസാരവും സംസർഗ്ഗവും പാടുള്ളു എന്നുപറയുമ്പോൾ, ഒരു മുറിയിൽ 15 പേരടങ്ങുന്നവർ താമസിക്കുന്ന ബങ്ക് ബെഡുകളെക്കുറിച്ച് ആരും ചിന്തിക്കുന്നില്ല എന്ന് വ്യക്തം. ആഹാരം സ്വയം തോളോടുതോൾ ചേർന്നുനിന്ന് പാകംചെയ്തുമാത്രം കഴിക്കുന്ന ഈ പ്രവാസികൾ എങ്ങനെ ഈ അകലം പാലിക്കും? എന്തു കിട്ടിയാലും ഒരുമിച്ചിരുന്ന് ഒരു പാത്രത്തിൽ നിന്ന്, അല്ലെങ്കിൽ കട്ടിലുകളിൽ കൂടിയിരുന്ന് കഴിക്കുന്നവർക്ക് സമൂഹ്യഅകലം എന്ന് ചിന്തിക്കാൻ പോലുമുള്ള സംയമനം കാണില്ല. സ്വന്തം ഇഷ്ടങ്ങളെ മാറ്റി നിർത്തി കുടുംബത്തിനായി, തന്റെ ആഹാരത്തിലും, വേഷങ്ങളിലും, സുഖസൗകര്യങ്ങളിലും പരിമിതികൾ സ്വയം നിർമ്മിച്ചു. അതെല്ലാം കുടുംബത്തിന്റെ ഭാവി എന്നൊരു വാക്കിനൊപ്പം കാരണങ്ങളാക്കി! ഒരോ അത്തറും, ഫോണും, കമ്പ്യൂട്ടറും, ടിവിയുമായി എത്തുന്ന എല്ലാ! ഗൾഫ്കാരനും തിരിച്ചു പോകുന്നത് വെറും കാർട്ടണുകളിൽ നിറച്ച ഉപ്പേരിയും അച്ചാറും ചക്കയും, പഴുത്തമാങ്ങയും മാത്രമാണ്. അതും അന്ന് നിൽക്കുന്ന ഗൾഫ് എമിഗ്രേഷൻ ഓഫ്ഫീസറുടെ മനസ്സും കരുണയുടെയും മാത്രം സമ്മാനങ്ങളായിത്തീരുന്നു. നമ്മുടെ നാട്ടിൽ ഏയർപോർട്ടുകളിൽ പ്രവാസിയുടെ കാർബോർഡ് പെട്ടിയോടുള്ള പുച്ഛം ആരും മറച്ചു പിടിക്കാറില്ല. മനസ്സും ശരീരവും നാടിനും വീട്ടുകാർക്കും വേണ്ടി ഹോമിക്കുന്ന പ്രവാസി മറ്റൊരു കാർബോർഡ് പെട്ടിയിൽ അവസാനിക്കരുതേ എന്നൊരു പ്രാർഥന എന്നും മറക്കാതെ ഉരുവിടാറുണ്ട്. നാട്ടിലും വീട്ടിലും പോകാനാവതെ കഴിയുന്ന ഈ പ്രവാസിക്ക് ശമ്പളം കിട്ടുന്നുണ്ടോ. ക്വാറെന്റൈനിൽ കഴിയുന്നവർക്ക് ആഹാരത്തിനുള്ള വകയുണ്ടോ എന്നൊക്ക ആരെങ്കിലും ചിന്തിക്കുന്നുണ്ടാവുമോ?

നമ്മുടെ ഇത്തവണത്തെ വിശ്വകൈരളിയിൽ 'പ്രവാസം' എന്ന വിഷയമാണ് പരിഗണിച്ചിരിക്കുന്നത്.

കണ്ണിനേക്കാൾ വലുതാണ്, കണ്ണടച്ചാൽ പ്രവാസി കാണുന്ന സ്വപ്നങ്ങൾ. ഏതു സംഗീതത്തേക്കാളും ഇമ്പമാണ് പ്രവാസി ഒറ്റയ്ക്കു പാടുന്ന മൂളിപ്പാട്ടിന്. മഴവില്ലിനേക്കാളും വർണശബളമാണ് പ്രവാസി നാടിനെക്കുറിച്ചു കാണുന്ന നിറമെഴും കനവുകൾക്ക്...

നമുക്ക് ഒരുമിച്ച് പ്രവാസിയുടെ അനുഭവങ്ങളെ തൊടാം. ആശയങ്ങളെ കേൾക്കാം. അക്ഷരങ്ങളെ കാണാം.

എല്ലാ വേൾഡ് മലയാളി ഫെഡറേഷൻ അംഗങ്ങൾക്കും എഡിറ്റോറിയൽ ടീമിന്റെ ആശംസകളും അനുഗ്രഹങ്ങളും അറിയിച്ചുകൊണ്ട്...

സപ്ന അനു ബി.ജോർജ്ജ്

**വിശ്വകൈരളി**

**Chief Editor:**
Sapna Anu B. George

**Advisory Board:**
Antony Puthenpurackal
Subhash David

**Editorial Team:**
Anshad Koottukunnam
Jaison Kaliyanil
Saranya Jithin
Vidya Gireesh
Vipin Jose Arthunkal

**Contact:**
viswakairali@worldmalayaleefederation.com

Published by the World Malayalee Federation (WMF).
Reg No. ZVR-Zahl:865685499, Wimbergergasse 5, 1070 Vienna, Austria, Europe



# ഡോ. ജെ. രത്നകുമാർ

ഡബ്ല്യു. എം. എഫ്. ഗ്ലോബൽ
കോർഡിനേറ്റർ (ആക്ടിങ്ങ് ഗ്ലോബൽ ചെയർമാൻ)

വേൾഡ് മലയാളി ഫെഡറേഷന്റെ (WMF) മുഖപത്രമായ വിശ്വകൈരളിയുടെ അഞ്ചാം പതിപ്പ് പുറത്തിറങ്ങുന്ന ഈ സന്തോഷ മുഹൂർത്തത്തിൽ വിശ്വകൈരളിയുടെ ചീഫ് എഡിറ്റർ ശ്രീമതി സപ്ന അനു ബി ജോർജിനും, ഉപദേശക ബോർഡിനും എല്ലാ എഡിറ്റോറിയൽ അംഗങ്ങൾക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ലോകം നേരിട്ടു കൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് കോവിഡ് 19 മഹാമാരി. ഈ മഹാമാരി സൃഷ്ടിച്ച ദുരിതങ്ങൾ ആഗോള തലത്തിൽ നേരിടാൻ വേൾഡ് മലയാളി ഫെഡറേഷൻ (WMF) ഒരു ആഗോള ഹെൽപ്പ് ഡസ്ക്ക് രൂപീകരിച്ച് സമൂഹത്തിൽ സജീവമായി നില കൊണ്ട് സ്തുത്യർഹമായ സേവനം നടത്തി കൊണ്ടിരിക്കുകയാണ്.

ജീവകാരുണ്യ മേഖലയിലും, കലാ കായിക സാംസ്ക്കാരിക, വനിതാ, യുവതാ ശാക്തികരണ പദ്ധതികളിലൂടെയും, പ്രവാസികളിൽ മലയാള ഭാഷാ പരിപോഷിപ്പിക്കാനുള്ള പരിപാടികളിലൂടെയും, പരിസ്ഥിതി സംരക്ഷണ, പ്രവാസി പുനരധിവാസ കർമ്മ പദ്ധതികളിലൂടെയും മറ്റും ചുരുങ്ങിയ കാലത്തിനുള്ളിൽ ആഗോള ശ്രദ്ധ പിടിച്ചു പറ്റാൻ വേൾഡ് മലയാളി ഫെഡറേഷന് (WMF) കഴിഞ്ഞിട്ടുണ്ട്.

മാനവികത ദർശനമാക്കി, ജാതിമത വർഗ്ഗ രാഷ്ട്രീയത്തിനതീതമായി വേൾഡ് മലയാളി ഫെഡറേഷന്റെ സന്നദ്ധ സേവകർ ആഗോള തലത്തിൽ നടത്തുന്ന സേവനങ്ങൾ തുടർന്നും പൂർവ്വാധികം ഊർജ്ജത്തോടെ നടത്തുവാൻ എല്ലാ WMF നേതാക്കളോടും പ്രവർത്തകരോടും വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ആറു വൻകരകളിൽ 161 രാജ്യങ്ങളിൽ സാന്നിദ്ധ്യമുറപ്പിച്ച ലോകത്തിലെ ഏറ്റവും വലിയ പ്രവാസി സംഘടനയായി വേൾഡ് മലയാളി ഫെഡറേഷൻ (WMF) വളരുവാൻ നിങ്ങളോരുത്തരുടെയും പ്രവർത്തനങ്ങൾ ഏറെ സഹായകരമായി തീർന്നിട്ടുണ്ട്.

കർമ്മ നിരതനായ നമ്മുടെ ഗ്ലോബൽ ചെയർമാൻ ശ്രീ.പ്രിൻസ് പള്ളിക്കുന്നേലിന്റെ നേതൃത്യത്തിൽ എല്ലാ നേതാക്കളുടെയും പ്രവർത്തകരുടെയും അച്ചടക്കത്തോടെയും ഒരുമയോടെയുമുള്ള കഠിന പരിശ്രമത്തിൽ , വേൾഡ് മലയാളി ഫെഡറേഷൻ (WMF) ഇനിയും ഉയരങ്ങളിലേക്ക് കുതിക്കുമെന്ന് എനിക്കുറപ്പുണ്ട്.

അച്ചടക്കത്തോടെയും ചിട്ടയായ സന്നദ്ധ പ്രവർത്തനത്തിലൂടെയും നമുക്ക് ലോകത്തിന് നന്മ നിറഞ്ഞ സേവനം ചെയ്യാൻ സാധിക്കട്ടെ.

എല്ലാ മനസ്സുകളിലും സ്നേഹവും നന്മയും നിറയട്ടെ.

വിശ്വ കൈരളിക്ക് എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുന്നു.

പ്രാർത്ഥനയോടെ,
സ്നേഹപൂർവ്വം,
**ഡോ. ജെ. രത്നകുമാർ,**



കവർ സ്റ്റോറി





**വിപിൻ ജോസ്
അർത്തുങ്കൽ**
ഇറ്റലി.


# പ്രവാസ ജീവിതത്തിൽ മാതൃഭാഷയെയും ലോകഭാഷകളെയും ഒരുപോലെ പ്രണയിച്ച മലയാളി: ആന്റണി പുത്തൻപുരയ്ക്കൽ

**പ്രവാസി സമൂഹത്തെ എപ്പോഴും വർണ്ണിക്കുന്നത് ഒറ്റപ്പെടലിന്റെയും ഗൃഹാതുരത്തത്തിന്റെയും നൊമ്പരങ്ങൾ പേറുന്നവരായിട്ടാണ്. ജോലിതേടിയും മികച്ച ജീവിത സാഹചര്യങ്ങൾ മുന്നിൽകണ്ടും മറ്റൊരു ദേശത്ത് എത്തിയാൽ ജന്മനാടും, ഭാഷയും സംസ്കാരവുമൊക്കെ കൈമോശം വന്നുപോകുമെന്നു പറയുന്നത് പലരുടേയും ജീവിതത്തിൽ പൂർണ്ണമായും വാസ്തവമല്ല. മറ്റൊരു ഭാഷ സംസാരിക്കുന്ന മറുനാട്ടിൽ മാതൃഭാഷയെ മാറോടണച്ച് ആ ഭാഷയ്ക്കു വളരാൻ വളവും വെള്ളവും നൽകി കാത്തുപരിപാലിക്കുന്ന ചുരുക്കം ചില വ്യക്തികളെയെങ്കിലും നമുക്ക് കാണാൻ കഴിയും.**


ജർമ്മൻ ഭാഷ മുഖ്യഭാഷയായി മാത്രം സംസാരിക്കുന്ന ഓസ്ട്രിയ എന്ന മധ്യയൂറോപ്യൻ രാജ്യത്ത് ആന്റണി പുത്തൻപുരയ്ക്കൽ എന്ന വ്യക്തി സ്വന്തം ഭാഷാസ്നേഹവും, തുടർപഠനങ്ങളും മൂന്നര പതിറ്റാണ്ടുകൾക്കിപ്പുറവും പച്ചകെടാതെ സൂക്ഷിക്കുന്നുണ്ടെങ്കിൽ അത് ചെറിയ അത്ഭുതമല്ല. മുഴുവൻ സമയവും ജോലിചെയ്യുമ്പോഴും കുടുംബം കെട്ടിപ്പടുക്കാൻ ശ്രമിക്കുമ്പോഴും മലയാളത്തെ മറ്റു ഭാഷകളുമായി ബന്ധിപ്പിച്ചു ക്ളാസ്സുകളും, പുസ്തകങ്ങളും, ലേഖനങ്ങളും എന്തിനു അതിവിശിഷ്ടമായ ഒരു നിഘണ്ടു വരെ തയ്യാറാക്കി, മാതൃഭാഷയെ സംരക്ഷിക്കാൻ കാണിക്കുന്ന ഈ വ്യഗ്രതയാണ് ആന്റണി എന്ന പ്രവാസിമലയാളിയെ വേറിട്ടു നിർത്തുന്നത്.




ആശയവിനിമയത്തിനുള്ള ശബ്ദാത്മകമായ ഉപാധിയായ ഭാഷകൾക്കു ഘടനാപരമായും പ്രയോഗപരമായും ക്രമാനുഗതമായ വളർച്ച ഉണ്ടായിട്ടുണ്ട്. 6500 ലേറെ ഭാഷകൾ ഇന്ന് ലോകത്തിൽ ഉപയോഗത്തിലുണ്ടെന്നാണ് വയ്പ്പ്. ഒരു പുതിയ ഭാഷ പഠിക്കുന്നത്, അല്ലെങ്കിൽ മറ്റൊരു ഭാഷയുടെ അടിസ്ഥാന പ്രമാണങ്ങളെങ്കിലും അറിയാൻ ശ്രമിക്കുന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. എത്ര ഭാഷകൾ കൈകാര്യം ചെയ്യാൻ അറിയാമെന്നതിന്റെ അടിസ്ഥാനത്തിൽ ആഗോള ജോലിസാദ്ധ്യത പോലും നിശ്ചയിക്കപ്പെടുന്ന സാഹചര്യം തന്നെ ഇപ്പോൾ നിലവിലുണ്ട്. ഇവിടെയാണ് ആന്റണി പുത്തൻപുരയ്ക്കൽ എന്ന വിദേശ മലയാളി തയ്യാറാക്കിയ ബഹുഭാഷാ നിഘണ്ടുവും മലയാള ഭാഷയ്ക്ക് നൽകിയ സംഭാവനകളും ശ്രദ്ധിക്കപ്പെടുന്നത്.

### പുതുമകളുമായി സപ്തഭാഷാ നിഘണ്ടു

പല ഭാഷകൾ കൈകാര്യം ചെയ്യേണ്ടവർക്കോ, മറ്റു പ്രാധാന ഭാഷകൾ പിടിക്കാൻ താൽപര്യമുള്ള ഭാഷാകുതുകിക്കോ താൽപ്പര്യം ജനിപ്പിക്കുന്ന, പ്രത്യേകിച്ച് ഇന്ത്യക്കാർക്ക് ഏറ്റവും സഹായകമാകുന്ന രീതിയിൽ വാക്കുകളെ ബന്ധപ്പെട്ട ചിത്രങ്ങളുടെ സഹായത്തോടെ സമഗ്രവും വസ്തുനിഷ്ഠവും ആധികാരികവുമായി തയ്യാറാക്കിയ സപ്തഭാഷാ നിഘണ്ടു 19 വർ


Comprehensive
Multilingual
Visual
Dictionary
English · Deutsch · Français
Español · Italiano
മലയാളം · हिन्दी
The World's First Comprehesnive
and Multilingual Visual Dictionary
in Seven Languages





ഷത്തെ ആന്റണിയുടെ കഠിന പരിശ്രമത്തിന്റെ ഫലമാണ്. അതിനാൽത്തന്നെ ഇതേ രീതിയിലുള്ള മറ്റൊരു നിഘണ്ടു ഇന്ന് മാർക്കറ്റിൽ ലഭ്യമല്ല.

ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച്, സ്പാനിഷ്, ഇറ്റാലിയൻ, മലയാളം, ഹിന്ദി എന്നിങ്ങനെ ഏഴു ഭാഷകളിലൂടെ വാക്കുകളുടെ അർത്ഥം ചതുർവർണ്ണചിത്രങ്ങളുടെ അകമ്പടിയോടെയുള്ള വിവരണമാണ് നിഘണ്ടുവിന്റെ ഉള്ളടക്കം. സംസാരഭാഷയിൽ നിന്നുള്ള വാക്കുകൾ മാത്രമല്ല, ശാസ്ത്രസാങ്കേതിക പദങ്ങൾകൂടി ഉൾപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിൽ മുപ്പത്തയ്യായിരത്തോളം വാക്കുകളുണ്ട്. പ്രായഭേദമന്യേ ലളിതമായി മനസിലാക്കാൻ കഴിയുന്ന രീതിയിൽ പ്രവൃർത്തിപദങ്ങൾ, വിശേഷണ പദങ്ങൾ, സ്ഥാനനിർണ്ണയ പദങ്ങൾ എന്നിവയുൾപ്പെടെ ഇതിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ഒരു വിജ്ഞാനകോശമെന്നു തന്നെ ഈ നിഘണ്ടുവിനെ വിശേഷിപ്പിക്കാം.

ഭാഷാപഠനത്തിലേയ്ക്ക് ആഴത്തിൽ ഗവേഷണം നടത്തണമെന്നുള്ളവർക്ക് ഓരോ പദങ്ങളുടെയും ഉച്ചാരണം അന്താരാഷ്ട്ര സ്വനലിപിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യൂറോപ്യൻ ഭാഷകളിൽ നിന്ന് മലയാളവും ഹിന്ദിയുമടക്കമുള്ള ഇതരഭാഷകളിലേയ്ക്കുള്ള ആയിരക്കണക്കിന് പദങ്ങളുടെ യാത്രയും സപ്തഭാഷാ നിഘണ്ടുവിലെ കൗതുകമുണർത്തുന്ന കാര്യമാണ്. ഫ്രെഞ്ച്, സ്പിനീഷ്, ഇറ്റിലിയൻ എന്നീ ഭാഷകളിലെ വാക്കുകൾ മലയാളത്തിലേക്കും, മലയാളം, ഈ മൂന്നു ഭാഷകളിലേക്കും ആദ്യമായി കുടിയേറിയതും ഈ നിഘണ്ടുവിലൂടെയാണെന്നാണ് ആന്റണി വിശദികരിക്കുന്നത്.

### നിഘണ്ടു തയ്യാറാക്കുന്നതിനുളള പ്രചോദനം

വിയന്നയിൽ 1993ൽ സേവനാടിസ്ഥാനത്തിൽ ആന്റണി പുത്തൻപുരയ്ക്കൽ ആരംഭിച്ച ബാലകൈരളി മലയാളം സ്കൂളിൽ ഭാഷാ പഠനത്തിനെത്തിയ കുട്ടികൾ ജർമ്മൻ ഭാഷമാത്രം അറിയാവുന്നവരായിരുന്നു. ഇവർക്ക് മലയാള വാക്കുകളുടെ അർത്ഥവും ആശയവും മനസിലാക്കിക്കൊടുക്കുക എന്നതായിരുന്നു അദ്ദേഹം നേരിട്ട ഏറ്റവും വലിയ വെല്ലുവിളി. വിഷയത്തിന് പരിഹാരമായി മലയാളം വാക്കുകൾ ജർമ്മൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി ഒരു മലയാളം ജർമ്മൻ നിഘണ്ടു തയ്യാറാക്കാൻ തുടങ്ങി. എന്നാൽ നാമരൂപങ്ങളുടെ അർത്ഥം വാക്കുകൾകൊണ്ട് വിശദീകരിക്കാൻ ബുദ്ധിമുട്ടാണെന്ന് മനസിലായതോടെ ചിത്രങ്ങൾ ശേഖരിക്കുകയും അതു കാണിച്ച് അർത്ഥം വിശദീകരിക്കാൻ ശ്രമിക്കുകയും ചെയ്തു. ഇത് വലിയ വിജയമായി. ചിത്രങ്ങളുടെ മലയാളം ജർമ്മൻ വിവരണം രേഖപ്പെടുത്തി കമ്പ്യൂട്ടറിൽ സൂക്ഷിച്ച് തുടർപഠനത്തിന് ഉപയോഗിച്ചു. ഇതു കാണാനിടയായ, വിയന്ന ഇന്റർനാഷണൽ സ്കൂളിലെ ഒരു അധ്യാപക സുഹൃത്തിന്റെയും ഐക്യരാഷ്ട്രസഭയിലെ സഹപ്രവർത്തകരുടെയും അഭ്യർത്ഥന കണക്കിലെടുത്ത് മറ്റു ഭാഷകൾകൂടി ഉൾപ്പെടുത്തി സപ്തഭാഷാ സചിത്ര നിഘണ്ടുവായി രൂപമാറ്റം വരുത്തുകയായിരുന്നു.

### ഭാഷാശുദ്ധിയും കൃത്യതയും

എഡിൻബറോ യൂണിവേഴ്സിറ്റിയിലെ ഭാഷാശാസ്ത്രജ്ഞനും മലയാളികൾക്ക് സുപരിചിതനുമായ ആർ.ഇ ആഷർ ആണ് സപ്തഭാഷ നിഘണ്ടു പരിശോധിച്ച് ഭാഷാശുദ്ധി വരുത്തിയത്. വർഷങ്ങളുടെ പ്രയത്നത്തിനു ശേഷമാണ് വാക്കുകളുടെ ഉച്ചാരണം അന്താരാഷ്ട്ര സ്വനലിപിയിൽ രേഖപ്പെടുത്താൻ കഴിഞ്ഞത്. വിവിധ ഭാഷകളിലെ പതിനഞ്ചിലേറെ ഭാഷാപണ്ഡിതന്മാർ വാക്കുകൾ പരിശോധിച്ച് കൃത്യതവരുത്തി. യൂറോപ്യൻ യൂണിയൻ പ്രഖ്യാപിച്ച 'ഭാഷാ വത്സരം 2001'ലെ ഓസ്ട്രിയൻ ഫെഡറൽ ഗവൺമെന്റിന്റെ ഔദ്യോഗിക പ്രോജക്ടുകളിൽ ഒന്നായി ഈ സചിത്ര നിഘണ്ടു ഇടംപിടിച്ചു.

### അക്ഷരമുറ്റംപഠനപംക്തി

2020 നവംബർ ഒന്നുമുതൽ, മലയാളം പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ലോകത്തെ ഇരുപത്തിമൂന്ന് ഭാഷകളിൽ 'അക്ഷരമുറ്റം' എന്ന പേരിൽ ആന്റണി പുത്തൻപുരയ്ക്കൽ ഒരു പഠനപംക്തി ആരംഭിച്ചിട്ടുണ്ട്. മലയാളം, ഹിന്ദി, അറബി, ജാപ്പനീസ്, റഷ്യൻ, ചൈനീസ്, കോറിയൻ, ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച്, സ്പാനിഷ്, ഇറ്റാലിയൻ, പോർച്ചുഗീസ്, ക്രൊയേഷ്യൻ, ഹംഗേറിയൻ, ചെക്യൻ, പോളീഷ്, ടർക്കീഷ്, ഡാനിഷ്, നോർവീജിയൻ, സ്വീഡിഷ്, ഗ്രീക്ക്, ഡച്ച് എന്നീ ഭാഷകളാണ് അക്ഷരമുറ്റത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഒരാൾ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട വാക്കുകൾ 23 ഭാഷകളിൽ ചിത്രങ്ങളുടെ സഹായത്തോടെ അവതരിപ്പിക്കുന്നതാണ് ഈ പാഠ്യപദ്ധതി. ലോകത്തെ ഇരുപതു ഭാഷകളിലേക്ക് മലയാള പദങ്ങളുടെ ആദ്യ കുടിയേറ്റമാണ് ഈ പഠനപംക്തിയിലൂടെ സാധിധമാകുന്നത്. ഇതുവഴി രാജ്യാന്തരഭാഷകളിൽ ഒരു പ്രാഥമിക പരിചയം മലയാളികൾക്കും മലയാളം പഠിക്കാൻ ആഗ്രഹിക്കുന്ന വിദേശ വിദ്യാർത്ഥികൾക്കും ഉണ്ടാക്കുകയാണ് തന്റെ ലക്ഷ്യമെന്ന് ആന്റണി പുത്തൻപുരയ്ക്കൽ പറയുന്നു. ഈ സേവനം മലയാളമോ മറ്റ് ഇതര ഭാഷകളോ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് സാമൂഹ്യമാധ്യമങ്ങളിലൂടെ ലോകത്തിന്റെ ഏതുഭാഗത്തും ലഭ്യമാണ്.

## ആന്റണി പുത്തൻപുരയ്ക്കലിനെക്കുറിച്ച്

കോട്ടയം ജില്ലയിലെ രാമപുരം സ്വദേശിയാണ് ആന്റണി പുത്തൻപുരയ്ക്കൽ. ഓസ്ട്രിയയുടെ തലസ്ഥാനമായ വിയന്നയിലുള്ള ഐക്യരാഷ്ട്രസഭയുടെ അന്താരാഷ്ട്ര ആണവോർജ ഏജൻസിയിൽ ദീർഘകാലം ജോലി ചെയ്തു. 1993ൽ ബാലകൈരളി എന്ന പേരിൽ സേവനാടിസ്ഥാനത്തിൽ വിയന്നയിൽ ഒരു മലയാളം സ്കൂൾ സ്ഥാപിച്ചു. 10 വർഷം അവിടെ മലയാളം അധ്യാപകനായും പ്രധാനാധ്യാപകനായും പ്രവർത്തിച്ചു. സ്കൂളിലേക്കാവശ്യമായ മലയാളം പാഠപുസ്തകങ്ങൾ ലഭ്യമല്ലാതിരുന്നതിനാൽ 'മധുരം മലയാളം' എന്ന പേരിൽ ക്ലാസുകളിലേയ്ക്കാവശ്യമായ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

ജോലിയിൽനിന്ന് വിരമിച്ചശേഷം 2014 മുതൽ ഓസ്ട്രിയയിലെ സ്കൂളുകളിൽ 'അംബാസഡർ ഫോർ ഇന്റഗ്രേഷൻ' എന്ന തസ്തികയിൽ ഭാരതീയ തത്ത്വശാസ്ത്രവും സാംസ്ക്കാരിക സമന്വയവും സാമൂഹ്യ ജീവിതവും, അവധാനപൂർവ്വമായ സ്വകാര്യത തുടങ്ങിയ ജീവിതഗന്ധിയായ വിഷയങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ക്ലാസ്സുകൾ നയിച്ച് വരുന്നു. വിദ്യാഭ്യാസം, സാഹിത്യം, സാംസ്കാരികം, മനഃശാസ്ത്രം, ന്യൂറോ പ്ലാസ്റ്റിസിറ്റി, സെൻ ധ്യാനം എന്നീ വിഷയങ്ങളെ അധികരിച്ച് മലയാളം, ജർമ്മൻ, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അനേകം ലേഖനങ്ങൾ യൂറോപ്പിലെയും കേരളത്തിലെയും വിവിധ പത്രമാസികകളിലും സാമൂഹ്യ മാധ്യമങ്ങളിലും എഴുതാറുണ്ട്. VK







ജെനി ആൻഡ്രൂസ്
കേരള

# അകമിഴാവ്

ഒരു മിഴാവ് അവളിൽ
കൊട്ടിയുണർന്നു:
പുറപ്പെടായ്കയിലും
പുറപ്പാട് ഉദിക്കുവാൻ;
നാനാ വിവർത്തങ്ങളുമങ്ങനെ
കണ്ടു തീർക്കുവാൻ;
ദാ ഇത്രയുമാണത്
എന്നൊരു വൃത്തം വരയ്ക്കുവാൻ;
വൃത്തത്തിലെവിടായാലും
വൃത്തത്തിനുള്ളിലല്ലോയെന്ന്
വിസ്മയിക്കുവാൻ...
ആദി മുതലുള്ള കൃത്യഘടന:
നാളികൾ ഗ്രന്ഥികൾ സിരാ ശ്രേണികൾ
ഒരേ ഊന്നലി,ലൊരേ ഉന്നത്തിൽ.
എങ്കിലുമോരോ പെൺമയും
ഭിന്നമാം ശ്രുതിയിൽ.
ഭിന്നതകൾക്കായ്
പൊടുന്നനെ ഉദയ പ്രവാഹങ്ങൾ,
പൊടുന്നനെ അസ്തമയങ്ങളും.
പകലുകൾ ഇടനാഴികൾ.
ചിന്തകൾ കർമങ്ങൾ
ഇടനാഴി ഞെരുങ്ങിക്കടക്കുന്നു.
രാവുകൾ രാപ്പാടികളുടെ ആലാപന വേദി,
ഉറങ്ങുന്നവരുടെ തൊട്ടിൽ,
ഉറക്കമറ്റവരുടെ ആരവ മൈതാനി:
ശരം നിറയുന്നു, പൂവ് നിറയുന്നു.
ഒരു ഭേദത്താലും
ഭേദിക്കപ്പെടാതെയൊന്ന് ഗംഭീരം
അവിടെ സ്വരൂപിക്കലിന്
അളവുകോൽ മറ്റൊന്ന്.
പുറപ്പെടായ്കയൊരു 'ന്യൂന'മെങ്കിൽ
ഒരു കുറുകെവര അതിനെ റദ്ദാക്കുന്നു,
'അധിക'മെന്ന് പടി കയറ്റുന്നു.
ഒരു അകമിഴാവിൻ വാദനം...
ഒരൊതുക്കവുമപ്പോൾ ഇടനാഴിയല്ല
അതിരു മായ്ച്ച് എങ്ങുനിന്നോ
കാററുകൾ, കാററുകൾ.



**പ്രിയങ്ക പി**
ഓസ്ട്രിയ







**ജൂലിയസ് പി**
ഓസ്ട്രിയ








**സൈറ ജെറോം**
ഹെയ്തി





**നൈസി കണ്ണംപടം**
വിയന്ന

# എന്റെ പ്രശ്നങ്ങൾക്കുള്ള
# പരിഹാരം

എന്റെ പ്രശ്നങ്ങൾക്കുള്ള പരിഹാരം ഞാൻ എവിടെ കണ്ടെത്തും? എനിക്ക് എന്റെ സുഹൃത്തുക്കളോടോ, എന്റെ മാതാപിതാക്കളോടോ, എന്റെ സഹോദരനോടോ, സഹോദരിയോടോ, അധ്യാപകരോടോ എന്റെ മറ്റ് കുടുംബാംഗങ്ങളോടോ എന്റെ സൂപ്പർവൈസറോടോ സഹപ്രവർത്തകരോടോ ചോദിക്കാൻ കഴിയുമോ?

അതോ ആരോടും ചോദിക്കാതിരിക്കുകയും അത് മറക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണോ നല്ലത്? അല്ലെങ്കിൽ ഗൂഗിളിൽ പരിശോധിക്കണോ? അതോ ഞാൻ പ്രാർത്ഥിക്കണോ? എന്തുചെയ്യും? മറ്റ് വഴികൾ എന്താണ്? മറക്കണോ അതോ ഒളിച്ചോട്ടം ആണോ നല്ലത്? അവഗണിച്ചുകൊണ്ട് ഒരു പ്രശ്നം നീങ്ങുമോ? ഒരു പ്രശ്നത്തിന്റെ കാരണം എന്താണ്? പ്രശ്നത്തിന് ഒരു കാരണമുണ്ടോ? എന്തുകൊണ്ടാണ് ഈ പ്രശ്നം? ആരുടെയെങ്കിലും തെറ്റ് മൂലമാണോ ഈ പ്രശ്നം?

അല്ലെങ്കിൽ, ഞാൻ ചിന്തിക്കുന്ന രീതി, സംസാരിക്കൽ, ഞാൻ പ്രവർത്തിക്കുന്ന അല്ലെങ്കിൽ ഇന്നുവരെ ഞാൻ ജീവിച്ചിരുന്ന രീതി എന്നിവ മാറ്റാനുള്ള അവസരമായി പ്രശ്നം കാണാൻ കഴിയുമോ? പ്രശ്നം വളർച്ചയുടെ ഘട്ടം ആയി കണ്ടാൽ എങ്ങനെയുണ്ട്?





എന്റെ പ്രശ്നങ്ങളുടെ ഉത്തരവാദി മറ്റുള്ളവരെ ആക്കാതെ ഞാൻ തന്നെ എന്റെ പ്രശ്നത്തിന് പൂർണ്ണമായും ഉത്തരവാദിത്വം ഏറ്റെടുക്കുകയാണെങ്കിലോ? ഞാൻ പരാതി നിർത്തി ചുറ്റുമുള്ള സൗന്ദര്യത്തെ വിലമതിക്കാൻ തുടങ്ങിയാലോ? ആരെയെങ്കിലും ആക്രോശിക്കുന്നതിനുപകരം ശാന്തത പാലിച്ചാലോ? ഞാൻ എടുക്കുന്ന ഓരോ ശ്വാസത്തിനും ഓരോ ദിവസവും ഞാൻ ഉണരുന്നതിനും നന്ദി പറഞ്ഞാൽ എന്തു സംഭവിക്കും?

പബ്ലിക് ട്രാൻസ്പോർട്ടേഷനിൽ എന്റെ മൊബൈൽ ഫോണിൽ ഉറ്റു നോക്കുന്നതിനു പകരം, അപരിചിതനെ നോക്കി പുഞ്ചിരിച്ചാൽ എന്തുസംഭവിക്കും? സ്വന്തം കുട്ടിയെ നിരാശപ്പെടുത്തുന്നതിനുപകരം കുട്ടി പറയുന്നത് ശ്രദ്ധിച്ചാൽ എന്തുസംഭവിക്കും? കുട്ടികളെ എല്ലായ്പ്പോഴും നിയന്ത്രിക്കാൻ ശ്രമിക്കുന്നതിനുപകരം അവരിൽ വിശ്വാസം സമർപ്പിച്ച ഉത്തരവാദിത്വം പഠിപ്പിച്ച സ്വയം പ്രാപ്തരാക്കിയാലോ? മറ്റുള്ളവരിൽ നിന്ന് പ്രതീക്ഷിക്കുന്നതിനുപകരം നാം ആഗ്രഹിക്കുന്ന കാര്യങ്ങൾ വ്യക്തമായി ആശയവിനിമയം നടത്തുകയാണെങ്കിൽ എങ്ങനെയുണ്ട്?



നാം സ്നേഹം നൽകുകയും, സ്നേഹം പ്രചരിപ്പിക്കുകയും, സ്നേഹം സ്വീകരിക്കാൻ തയ്യാറാകുകയും ചെയ്താലോ? നാം ചെയ്യാൻ ആഗ്രഹിക്കാത്ത എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെടുകയാണെങ്കിൽ, മറ്റുള്ളവരോട് വേണ്ട എന്ന് പറയുകയും അതേ സമയം നമ്മൾക്ക് ശരിയായി എന്നു തോന്നുന്നു കാര്യത്തോട് പൂർണ്ണ അധികാരത്തോടെ അതേ എന്ന് പറയുകയും ചെയ്താൽ എങ്ങനെയുണ്ട്?

സന്തോഷം അനുഭവിക്കാനും, ഊർജ്ജം നിറഞ്ഞവരായിരിക്കാനും നല്ല മാനസികാവസ്ഥയിൽ പ്രിയപ്പെട്ടവരിലേക്ക് മടങ്ങാനും, നിരാശയ്ക്ക് പകരം, സ്നേഹത്തോടും സന്തോഷത്തോടും അവരെ സഹായിക്കാനും എന്തുകൊണ്ട് ഇഷ്ടപ്പെടുന്ന കാര്യങ്ങൾ ചെയ്യാൻ സമയം ചെലവഴിക്കുന്നില്ല?

ഓർക്കുക, നമ്മൾ ജനിച്ചത് സ്നേഹത്തിൽ നിന്നാണ്, നാം സ്നേഹമാണ്. നാം സ്നേഹത്തിന്റെ ഉറവിടമാണ് സ്നേഹത്തിൽ നിന്ന് തീരുമാനങ്ങളെടുക്കുക. ഏതു പ്രശ്നത്തിനും പരിഹാരം സ്നേഹമാണ്. സ്നേഹം മാത്രം. VK

പ്രവാസം



# പ്രവാസികളുടെ ഡേറ്റയും പ്രവാസിക്ഷേമവും





**ജോബി ആന്റണി**
വിയന്ന.

യുഎൻ സാമ്പത്തികസാമൂഹികകാര്യ വകുപ്പിന്റെ (DESA) പോപ്പുലേഷൻ ഡിവിഷൻ പുറത്തിറക്കിയ കണക്ക് അനുസരിച്ചു ലോകത്തിലെ ഏറ്റവും വലിയ പ്രവാസി സമൂഹം ഭാരതീയരാണെന്നാണ് റിപ്പോർട്ട്. തൊഴിൽ നേടാനോ അല്ലാതെയോ, അഭയം തേടിയൊക്കെയായി ഇന്ത്യയിൽ നിന്നും പുറത്ത് താമസിക്കുന്നവരുടെ എണ്ണം 17.5 ദശലക്ഷമാണ്. ഇത് രണ്ടു വർഷം മുമ്പുള്ള ഏകദേശ കണക്കാണ്.

20 വർഷം മുമ്പ് ഉണ്ടായിരുന്നതിന്റെ ഇരട്ടി പേർ പ്രവാസികൾ ആയി ഇന്നും തുടരുവെന്നാണ് ലഭ്യമായിരിക്കുന്ന ഡേറ്റ നോക്കിയാൽ മനസിലാവുന്നത്. 1.36 കോടിയിലധികം ഇന്ത്യൻ പൗരന്മാർ വിദേശത്ത് താമസിക്കുന്നതായിട്ടാണ് ലോക്സഭയിൽ വിദേശകാര്യ മന്ത്രാലയം ഈ അടുത്ത കാലത്ത് അവതരിപ്പിച്ച കണക്കുകൾ വ്യക്തമാക്കുന്നത്. പ്രവാസികൾ കുറെ പേർ തിരികെ എത്തുന്നുണ്ടെങ്കിലും മലയാളികൾ ഉൾപ്പെടയുള്ളവർ കോവിഡ് കാലത്തുപോലും വിദേശത്തേയ്ക്ക് ചേക്കേറാൻ വെമ്പുകയാണ്.

അതേസമയം വിക്കിപീഡിയ നൽകിയിരിക്കുന്ന വിദേശകാര്യ മന്ത്രാലയത്തിന്റെ റിപ്പോർട്ട് അനുസരിച്ച് വിദേശ ഇന്ത്യക്കാർ, അല്ലെങ്കിൽ പ്രവാസി ഭാരതീയർ (എൻആർഐ), ഇന്ത്യൻ വംശജർ (പിഐഒകൾ) എന്നറിയപ്പെടുന്നവർ ഉൾപ്പെടെ ഇന്ത്യയ്ക്ക് പുറത്ത് താമസിക്കുന്നവർ എണ്ണം ഏകദേശം 32 ദശലക്ഷമാണ്. കണക്കുകൾ ഇങ്ങനെയൊക്കെ ലഭിക്കുന്നുണ്ടെങ്കിലും പ്രവാസം സംബന്ധിച്ച കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ ഒരിടത്തും ലഭ്യമല്ല.

ലോക ബാങ്കിന്റെ കഴിഞ്ഞ വർഷത്തെ കണക്ക് പ്രകാരം സ്വന്തം നാട്ടിലേക്ക് വിദേശ പണം അയക്കുന്നതിൽ ഒന്നാം സ്ഥാനത്ത് ഇന്ത്യക്കാരാണ്. ഇന്ത്യക്കാരിൽ അത് കേരളീയരുമാണ്. 2018–2019 കാലയളവിൽ 76.4 ബില്യൺ ഡോളർ വിദേശത്തുള്ള ഇന്ത്യക്കാർ പണമയച്ചതായി റി



സർവ് ബാങ്ക് വിവരങ്ങൾ ഉദ്ധരിച്ച് മന്ത്രാലയം അറിയിച്ചത്. 2019-2020 (ഏപ്രിൽ-സെപ്റ്റംബർ) കാലയളവിൽ 41.9 ബില്യൺ ഡോളർ ലഭിച്ചതായും റിപ്പോർട്ട് ഉണ്ട്.

പൊതുഇടങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളിൽ പലയിടത്തും പൊരുത്തക്കേടുകൾ ധാരാളം. ബ്യൂറോ ഓഫ് ഇമൈഗ്രേഷന്റെ പക്കലുള്ള കണക്കുകളും അറിയാൻ സാധിക്കുന്നില്ല. കൃത്യമായ കണക്കുകൾ ഇല്ലാതെ എങ്ങനെയാണ് ആസൂത്രണം സാധ്യമാകുന്നത്. ശരിയായ ഡേറ്റയുടെ അഭാവം പ്രവാസികളുടെ ഫലപ്രദമായ നയരൂപീകരണ പ്രവർത്തനങ്ങളെ ബാധിക്കും. ഡേറ്റ ലഭ്യമായില്ലെങ്കിൽ സമയോചിതമായ കർമ്മ പദ്ധതികളിൽ നടപടിയെടുക്കാൻ സാധിക്കാതെവരികയോ കാലതാമസമോ നേരിട്ടേക്കാം.

എല്ലാ രണ്ടുവർഷം കൂടുമ്പോഴും നടക്കുന്ന കേരള കുടിയേറ്റ സർവേ (കെ.എം.എസ്) പ്രകാരം 1998ലെ ആദ്യകണക്കു വെളിപ്പെടുത്തുന്നത് 15 ലക്ഷം മലയാളികൾ ഇന്ത്യയ്ക്ക് പുറത്ത് വസിക്കുന്നുണ്ടെന്നും 750,000 മുൻപ്രവാസികൾ തിരിച്ചുവന്നിട്ടുണ്ടെന്നുമാണ്. ആദ്യ സർവ്വേയ്ക്ക് ശേഷം ഇപ്പോൾ 23 വർഷമായി. 2018വരെയുള്ള കണക്കുകളും ലഭ്യമാണ്. കേരള കുടിയേറ്റ സർവേ വിശ്വസിനീയമായ ഒരു സോഴ്സായി വേണം കരുതാൻ. കെ.എം.എസിന്റെ പുറത്തുവരാനുള്ള പുതിയ കണക്കുകൾ വിദേശമലയാളികളുടെ ഡേറ്റയിൽ കൂടുതൽ ഉൾകാഴ്ച നൽകിയേക്കും. ഏകദേശം നാൽപത് ലക്ഷത്തിലധികം മലയാളികൾ വിദേശത്ത് ജീവിക്കുന്നുവെന്നാണ് കരുതുന്നത്. കോവിഡിന്റെ പ്രതിസന്ധിമൂലം തൊഴിൽനഷ്ടപ്പെട്ടും മറ്റു കാരണങ്ങൾകൊണ്ടും തിരികെ എത്തുന്ന പ്രവാസികളും അവരുടെ നിലനിൽപ്പും ഈ ഡേറ്റയുടെ ഭാഗം തന്നെയാണ്. എത്രപേർ തിരികെ വന്നുവെന്നും, തിരികെപോയെന്നും സംസ്ഥാന സർക്കാരുകൾക്കോ, രാജ്യത്തിനു തന്നെയോ പൂർണ്ണമായി മനസിലാക്കാൻ സാധിച്ചതായുള്ള റിപ്പോർട്ടുകൾ ഒന്നും ഇതുവരെ പുറത്തുവന്നിട്ടില്ല.

പ്രവാസി കേരളീയകാര്യ വകുപ്പിന്റെ കീഴിലെ നോർക്കയുടെ 2020 ജനുവരി മുതൽ 2021 ജനുവരി 21 വരെയുള്ള കണക്കുകൾ പ്രകാരം 6,31,276 പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ടു കേരളത്തിലേക്ക് മടങ്ങിയെത്തി. 65000 പേർ തിരികെ പോയതായും വിവരമുണ്ട്. 2020 ജനുവരിക്കുശേഷം ഇതുവരെ കേരളത്തിലേക്ക് മടങ്ങിയത് 9,47,513 പേരും, തൊഴിൽ നഷ്ടപ്പെട്ട് എത്തിയവരെ കൂടാതെ 53,830 കുട്ടികളും, 22,071 മുതിർന്ന പൗരന്മാരും 11,574 ഗർഭിണികളും, 2,28,762 മറ്റുള്ളവരുമുണ്ടെന്നാണ് റിപ്പോർട്ട്.

സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 25-30 ശതമാനം പ്രവാസികളുടെ സംഭാവനയാണെന്ന് ഇത്തവണത്തെ ബജറ്റിൽ ധനമന്ത്രി തോമസ് ഐസക് പറഞ്ഞതും ഈ ഡേറ്റയോട് ചേർത്തുവായിക്കണം. കേരളത്തിൽ നിന്നുള്ളവർ ഉൾപ്പെടെ ഏറ്റവും കൂടുതൽ പ്രവാസികൾ ജീവിക്കുന്നത് ജി.സി.സി രാജ്യങ്ങളിലും, ശേഷം അമേരിക്കയിലും, യൂറോപ്പിലും, നേപ്പാൾ, സിങ്കപ്പൂർ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലുമായിരിക്കും. ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളിലും ഭാരതീയർ താമസിക്കുന്നുണ്ട്. 2015 മുതൽ 2019 ഡിസംബർ വരെ 125 രാജ്യങ്ങളിൽ നിന്നുള്ള 21,930 ഇന്ത്യക്കാരുടെ മൃതദേഹം ഇന്ത്യയിലേക്ക് തിരികെ



കൊണ്ടുവന്നതായി വിദേശകാര്യ മന്ത്രാലയത്തിന്റെ കണക്കുകൾ രേഖപ്പെടുത്തുന്നുണ്ട്.


ഇവിടെ ശ്രദ്ധേയമായ കാര്യം മലയാളികളും, ഗുജറാത്തികളെപോലെയോ, പഞ്ചാബികളെപോലെയൊക്കെ തന്നെ വിദേശജീവിതം ആഗ്രഹിക്കുന്നവരാണ്. ജീവിതനിലവാരം വിദേശത്ത് എത്തിയാൽ എങ്ങനെയെങ്കിലും മെച്ചപ്പെടുത്തിയെടുക്കാൻ സാധിക്കുമെന്ന വിശ്വാസം ഇപ്പോഴും കൂടുതൽ പേരെ വിദേശത്തേയ്ക്ക് ആകർഷിക്കുന്നു. അതേസമയം തിരികെ വരുന്നവരുടെ (റിവേഴ്സ് മൈഗ്രേഷൻ) കാര്യം ഏറ്റവും പ്രധാനപ്പെട്ട ക്ഷേമപ്രവർത്തനമായി കണക്കാക്കേണ്ടതാണ്. അല്ലാത്തപക്ഷം സംസ്ഥാനത്തിന്റെ സാമ്പത്തികസാമൂഹിക മേഖലയിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ പോരുന്നതാണ് ഈ ഡേറ്റ.

ഇതിനോടകം കേരളത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയിൽ പ്രവാസികളുടെ സംഭാവന ഏറെ സ്മരണ ഉണ്ടാകേണ്ട വസ്തുതയാണ്. പ്രവാസികൾക്കായി സേവന സൗകര്യ കേന്ദ്രങ്ങൾ ഒക്കെ ഉണ്ടെങ്കിലും അവരുടെ അനുഭവ സമ്പത്ത് സംസ്ഥാനത്തിന്റെ അല്ലെങ്കിൽ രാജ്യത്തിന്റെ വികസനത്തിന് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നത് ഏറെ ചർച്ച ചെയ്യേണ്ട മറ്റൊരു കാര്യമാണ്.

പ്രവാസി ക്ഷേമം മുൻനിറുത്തിയുള്ള എത്ര നിയമനിർമ്മാണങ്ങൾ കേരളത്തിലെ സർക്കാരുകൾ മുൻ വർഷങ്ങളിൽ നടപ്പാക്കി അല്ലെങ്കിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി അത്തരം നിയമങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടോ എന്നതൊക്കെ ഇതേ ഡേറ്റയുടെ ഭാഗം തന്നെയാണ്.

കേരളത്തിന്റെ സ്വന്തമായ ലോകകേരള സഭയ്ക്ക് ശേഷം മാധ്യമങ്ങൾ ഏറ്റവും കൂടുതൽ സംസാരിച്ചത് അവിടെയെത്തിയവർ എത്ര ഭക്ഷണം കഴിച്ചുവെന്നും അതിനു എന്തുചിലവായെന്നുമൊക്കെയാണ്. അല്ലാതെ അവിടെ ചർച്ച ചെയ്ത പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ചോ പ്രയോഗികതയെക്കുറിച്ചല്ല. പ്രവാസികൾ വിദേശത്ത് നിന്നും സമ്പാദിച്ച അറിവ്,






## MIGRATION FROM KERALA: DIPPING GROWTH

| Year | No.of Emigrants | Inter-Survey Difference | Decrease/Increase |
|---|---|---|---|
| 1998 | 1,361,919 | | |
| 2003 | 1,838,478 | 476,559 | 25.9% |
| 2008 | 2,193,412 | 354,934 | 16.2% |
| 2011 | 2,280,543 | 87,131 | 3.8% |
| 2013 | 2,400,375 | 206,963 | 8.6% |
| 2016 | 2,271,725 | -128,560 | -5.6% |
| 2018 | 2,121,887 | -278,488 | -13.1% |


*All data from Kerala Migration Survey*

വൈദഗ്ധ്യം, ആശയങ്ങൾ, സാങ്കേതിക വിദ്യകൾ, വിഭവങ്ങൾ തുടങ്ങിയ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താൻ കേരളത്തിന് എന്തുമാത്രം സാധിച്ചിട്ടുണ്ട് എന്നുള്ള തുടർ ചർച്ചകൾ പലപ്പോഴും സമ്മേളനങ്ങളിൽ മാത്രമായി ചുരുങ്ങിയിരിക്കുകയാണ്.



ഏറ്റവും കൂടുതൽ പ്രവാസി പണം ഒഴുകിയെത്തുന്നത് ഇന്ത്യയിലേക്കാണ്. അവ ഫലപ്രദമായി ഉപയോഗിക്കാനോ, വർദ്ദിപ്പിക്കാനോ എന്ത് സംവിധാനമാണ് രാജ്യത്ത് അല്ലെങ്കിൽ സംസ്ഥാങ്ങൾക്കുള്ളത്. വിദേശനാണ്യം നേടിത്തരുന്ന ഫാക്ടറിയായി മാത്രം പ്രവാസത്തെ കാണാതെ അവരും സംസ്ഥാനത്തെ അല്ലെങ്കിൽ രാജ്യത്തിന്റെ പൗരശക്തിയാണ് എന്ന തിരിച്ചറിവിൽ നിന്നും അവതരിപ്പിക്കുന്ന നവപദ്ധതികളിൽ വിദേശഇന്ത്യക്കാർ താൽപര്യം കാണിക്കും. അങ്ങനെ ഉണ്ടായാൽ രാജ്യത്തോട് കൂടുതൽ കൂർ കാണിക്കാൻ അവർ നിർബന്ധിതരാകും.

പ്രവാസിയായി ജീവിക്കുന്നവരുടെ കാര്യങ്ങൾക്കു വേണ്ടി എന്തെങ്കിലുമൊക്കെ സംവിധാനങ്ങൾ ഉണ്ടായാൽ മാത്രം പോരാ, പോകാനോ ജീവിക്കാനോ ഒരു നാടില്ലാതെ വരുമ്പോൾ തിരികെ എത്തി ജീവിക്കാനുള്ള തറവാടായി ഇന്ത്യ മാറണം. അത്തരം പദ്ധതികൾ രൂപപ്പെടേണ്ടതിന്റെ ആവശ്യം പ്രായോഗികതലത്തിൽ സംജാതമാകണം. നാട്ടിൽ ഒന്നും നടക്കില്ല എന്ന തോന്നൽ മാറ്റാൻ സർക്കാർ മുന്നിട്ടിറങ്ങണം. അപ്പോഴാണ് വിദേശഇന്ത്യക്കാരുടെ ഡേറ്റ അവരുടെ ക്ഷേമത്തിനും അതുവഴി നാടിനും നന്മയായി തീരുന്നത്. കേരളത്തിന്റെ കാര്യമെടുക്കുക. പ്രവാസി ക്ഷേമം മുൻനിറുത്തിയുള്ള എത്ര നിയമനിർമ്മാണങ്ങൾ സർക്കാരുകൾ മുൻ വർഷങ്ങളിൽ നടപ്പാക്കി അല്ലെങ്കിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി അത്തരം നിയമങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ തുടർന്നു. VK



# പെണ്ണഴക്

അലയുന്ന സ്വപ്നങ്ങൾ നിറയും നിൻ
മിഴികൾ വിടരും നിശാഗന്ധി പോലെ
ശ്രുതി ചേരും രാഗങ്ങൾ പൊഴിയും നിൻ
ചുണ്ടിൽ ഉണരുന്ന രാപ്പാടി പോലെ...
പുലരിത്തുടുപ്പു പോൽ പൂവിൻ ദളത്തിലെ
തൂമഞ്ഞു തുള്ളിയെപ്പോലെ
ഈറൻ നിലാവിന്റെ കസവുടയാടയിൽ
മിന്നുന്ന താരകം പോലെ
ആകാശമുറ്റത്ത് പിച്ചവെയ്ക്കുന്നോരാ
താരകക്കുഞ്ഞിന്റെയധരങ്ങളിൽ
വാനിൻ ചുവരിലെ വാർമഴവില്ലിന്റെ
വർണ്ണങ്ങൾ ചാലിച്ച സന്ധ്യ പോലെ...
കുഞ്ഞിളം ചുണ്ടിൽ നീ
ദുഗ്ദ്ധം ചുരത്തുമ്പോൾ
വാത്സല്യമൊഴുകുന്നൊരമൃതം
നുരയിടും നന്മ തൻ പാലാഴി പോലെ...
നിന്നിലെ പ്രണയഹിമാലയസാനുവിൽ
നിന്നും ജനിക്കുന്നു ഗംഗ
ഗംഗയെ കോരിക്കുടിച്ചു വളർന്നെത്ര
ധന്യ ഭഗീരഥർ മണ്ണിൽ...
മുടിയഴിച്ചിട്ടു നീ തിറയെടുത്താടുമ്പോൾ
കാണുന്നു ഭഗവതി രൂപം
ആയിരം കൈകളാലിടനെഞ്ചിൽ
ചേർക്കുമ്പോളണയുന്നു കാളിന്ദി തീരം...
രതിമൂർച്ഛ വേളയിൽ നിശ്വാസമുയരുമ്പോൾ
പുളയുന്ന കരിനാഗം പോലെ...
ഇരുളിൽ നിലാമഴ പാതയോരത്തു നീ
രതിസുഖസാരേ പാടി
കിട്ടുന്ന പച്ചക്കടലാസു ചുരുളിൽ
അന്നത്തെ അന്നം നീ തേടി...
മാറിമറിയുന്ന നിന്നിലെ ഭാവത്തെ
എന്തുപേർ ചൊല്ലി വിളിക്കും
ആദി പ്രപഞ്ചത്തിനാദ്യാക്ഷരമെന്നൊ
ആദിപരാശക്തിയെന്നോ...
സർവജ്ഞപീഠത്തിലേറിയെന്നാകിലും
ദുർഗ്രഹം സാഹസം നിന്നെപ്പഠിക്കുവാൻ
ആവില്ലെനിക്കു നിൻ മുടിനാരിനെ പോലും
അറിയുവാനാവില്ലൊരിക്കലുമൊരുനാളും!



**സുഗുണാ രാജൻ**
പയ്യന്നൂർ






ഓർമ്മ



# ഓവർ എ കപ്പ് ഓഫ് ഇറ്റാലിയൻ കഫേ



**കണ്ണൻ സി.വി. ജീവ**
ഇറ്റലി.

ഇറ്റലിയിൽ വന്നിട്ട് അധികനാളായിട്ടില്ല.

ഇറ്റാലിയൻ ഭാഷയിൽ ആകെ അറിയാവുന്ന രണ്ട് വാക്കുകൾ Si(Yes), No ഇത് മാത്രം.

വൈകുന്നേരം നടക്കനിറങ്ങിയതാണ്.

ചെറിയ വിശപ്പ് കുടലുകളെ തട്ടി ഉണർത്താൻ ശ്രമിക്കുന്നുണ്ട്.

കൈയ്യിൽ പൈസ ഉണ്ട് ബാറിൽ കയറി എന്ത് പറയണം എന്നോ എങ്ങനെ പറയണം എന്നൊ അറിയില്ല.

(ഇവിടെ ബാർ എന്ന് പറയുന്നത് എല്ലാവിധ ഭക്ഷണവും ഒപ്പം ലിക്കറും വിൽക്കുന്ന സ്ഥലം ആണ്)

നടന്ന് ഒരു ബാറിന്റെ മുന്നിൽ എത്തി. നല്ല പലഹാരം ഉണ്ടാക്കുന്ന മണംകൂടി ആയപ്പോൾ ചെറുകുടലും വൻ കുടലും അടിപിടി തുടങ്ങി.

ഞാൻ വെറുതെ ബാറിനുള്ളിലേക്ക് നോക്കി പേരുപോലും അറിയാത്ത ഒരുപാട് പലഹാരം മാടിവിളിക്കുന്നു.

തൊട്ടടുത്ത് ദേ നിൽക്കുന്നു എമറൈറ്റ്സ് ഏർലൈൻസിലെ ഏർഹോസ്റ്റസിനെക്കാളും ഭംഗിയിൽ ഒരു ഇറ്റാലിയൻ ചേച്ചി.

വിശപ്പും ചേച്ചിയുടെ സ്നേഹപൂർണമായ ചിരിയും കൂടി കണ്ടപ്പോൾ പതുക്കെ ഞാൻ ബാറിനുള്ളിലേക്ക് കയറി.

ഒരാവേശത്തിൽ ചാടി അകത്ത് കയറിയ ഞാൻ അവിടുത്തെ സെറ്റപ്പൊക്കെ കണ്ട് തിരിച്ച് ഇറങ്ങി ഓടിയാലോ എന്ന് അന്തം വിട്ട് ആലോചിച്ച് നിൽക്കുമ്പോൾ ദാ വരുന്നു അടുത്ത ഏർഹോസ്റ്റസ് മേഡം അവർ എന്നോടായി പറഞ്ഞു.

'ചാവോ...'

അത് കേട്ടപ്പോൾത്തന്നെ കാര്യം മനസ്സിലാവതെ വിശപ്പ് മാറി ഒരുവെപ്രാളം വന്നുതുടങ്ങി.

(പിന്നെ ആണ് മനസ്സിലായത് ഇറ്റാലിയൻസ് ആരെ ആദ്യം കാണുമ്പോഴും, സംസാരിച്ച് പിരിയുമ്പോഴും ചാവോ (Ciao) എന്ന് പറയും അത് നിർബന്ധമാണ് അങ്ങനെ പറയാത്തവരെ ഇവർക്ക് ഇഷ്ടമില്ല നമ്മൾ ഹായ്, ബൈ എന്നു പറയുന്ന അർത്ഥമാണ്)

ഞാൻ അതിന് തിരികെ മറുപടി പറഞ്ഞു.

'ഇല്ല, No Never....'

അത് കേട്ടപ്പോഴേ ചേച്ചിക്ക് കാര്യം മനസ്സിലായി. ഇവന് ഇറ്റാലിയൻ അറിയില്ല. അവർ ചിരിച്ചുകൊണ്ട് വീണ്ടും ചോദിച്ചു,

"Cosa vuoi? Poso aiutarti?'

(നിനക്ക് എന്താണ് വേണ്ടത്? ഞാൻ നിന്നെ സഹായിക്കട്ടേ)

ഇതുകൂടെ കേട്ടപ്പോൾ എനിക്ക് വെപ്രാളം കൂടി. ഇറങ്ങി ഓടിയാലോ എന്നുവരെ ആലോചിച്ചു. ഇവൾ ഓടിച്ചിട്ട് പിടിച്ചാൽ നാണക്കേടാകുമല്ലോ എന്നോർത്തപ്പോൾ കാലുകൾ തളർന്നു.

അവൾ വീണ്ടും തുടർന്നു,

"Per favore, siedi li "

(ദയവായി താങ്കാൾ അവിടെ ഇരിക്കുക)

എന്ന് പറഞ്ഞ് ടേബിളിന്റെ അടുത്തേക്ക് കൈ ചൂണ്ടി. ഞാൻ കരുതി ടേബിളിന്റെ അടുത്തേക്ക് മാറിനിക്കാനാണെന്ന്

പെട്ടന്ന് ഞാൻ അങ്ങോട്ട് മാറിനിന്നു.

എന്നിട്ടും അവൾ വിടുന്നില്ല.. കസേരയെ ചൂ



ണ്ടി വീണ്ടും എന്നോടായ് പറഞ്ഞു.

"Per favore, siediti l¶p"

(നീ ദയവായി അവിടെ ഇരിക്കു)

ഇത്തവണ അവൾ കാണിച്ച ആംഗ്യ ഭാഷ എനിക്ക് മനസ്സിലായി. ഞാൻ ചാടി ക്കയറി കസേരയിൽ ഇരുന്നു. അവൾ അടു ത്തേക്ക് വന്നു. ഞാൻ നാലുപാടും നോക്കി ചിലരൊക്കെ എന്നെ ശ്രദ്ധിക്കുന്നത് പോ ലെ എനിക്ക് തോന്നി. ഞാൻ വളരെ ദയനീയ മായി ആംഗ്യഭാഷയിൽ ഒരുഗ്ലാസ് വെള്ളം ആവശ്യപ്പെട്ടു. അവൾചോദിച്ചു.

'ലിക്കർ. ബിയർ. വൈൻ. കഫേ... '

ഞാൻ മുഴുവൻ കേൾക്കാൻ നിന്നില്ല. ഉടൻ മറുപടി പറഞ്ഞു.

'കഫേ... '



അവൾ വീണ്ടും ചോദിക്കുന്നു,

"Solo caffe, qualcosa atlra?

(കഫേ മാത്രം മതിയോ, മറ്റെന്തെങ്കിലും വേണോ.?)

എന്താ പറയേണ്ടതെന്ന് എനിക്കറിയില്ല അറിയാവുന്ന രണ്ട് വാക്കിൽ ഒന്ന് ഞാൻ പ്രയോഗിച്ചു.

'No..'

അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു..

'Grazie...'(നന്ദി)

ഞാൻ കരുതി കഫേ ഉണ്ടാക്കുന്ന പെ ണ്ണിന്റെ പേര് വിളിച്ചതായിരിക്കും എന്ന്..

അൽപ്പംകഴിഞ്ഞ് ദാ വരുന്നു ഒരു പീക്കി രി ഗ്ലാസിൽ കാപ്പിയുമായി അവൾ.. ദൈ വമേ, ഇതിൻറെ പത്ത്ഗ്ലാസ് ഒഴിച്ചാലും ഞാൻ നാട്ടിൽ കാ പ്പികുടിക്കുന്ന ഗ്ലാസ് നിറയി ല്ലല്ലോ..

ഓ.. സാരമില്ല ഇത് മതി.. ഇനി എന്തേലും ആഗ്യം കാ ണിച്ചാൽ അവൾ പിന്നെ യും എന്തെങ്കിലും പറയും. പിന്നെ അതിന് മറുപടിപറ യാൻ നിൽക്കണം. ആ പേടി യിൽ ഞാൻ മിണ്ടിയില്ല.

അവൾ ആ കുഞ്ഞു കാ പ്പിക്കപ്പ് ടേബിളിൾ വച്ചു. കൂ ടെ ഒരു ചെറിയ പാക്കറ്റും. ഞാൻ ആ പാക്കറ്റ് എടുത്ത് ചെവിയോട് ചേർത്ത് കുലു ക്കിനോക്കി. പഞ്ചസാര. ഞാ നീ കാണിക്കുന്നത് കണ്ട്

അവൾ തലയിൽ കൈവച്ചു കണ്ണും തള്ളി നോക്കിനിന്നു. പെട്ടന്നുതന്നേ 1€ എന്ന് എഴു തിയ പേപ്പറും തന്നു. അത് എനിക്ക് കാര്യം മനസ്സിലായി കാപ്പിക്ക് ഒരുയൂറോ ആയി. പെട്ടന്ന് തന്നെ പണം എടുത്ത് കൊടുത്തു. അവൾ വീണ്ടും പറഞ്ഞു.

'ഗ്രറ്റ്സിയേ...'

അവൾ പൈസയും കൊണ്ട് പോയസമ യം ഞാൻ ആ കാപ്പി വായിലേക്ക് കമഴ്ത്തി.

ദൈവമെ...,

ഇതെന്താ കയ്പ്പുള്ള ആസിഡ് ആണോ. കയ്ച്ചിട്ട് തുപ്പാനും വയ്യ ഇറക്കാനും വയ്യാ ത്ത അവസ്ഥ. സർവ്വ ദൈവങ്ങളെയും വി ളിച്ച് ഞാൻ അത് വിഴുങ്ങി. അകെ ഒരു പു കച്ചിൽ കണ്ണിൽ ഇരുട്ട് കയറുന്നപോലെ...

(അവർ എനിക്ക് തന്നത് ഇറ്റാലിയൻ കഫേ ആണ് കപ്പിപ്പൊടി നീരാവിയിൽ ഏസൻസ് ഊറ്റിഎടുത്തത്. നമ്മുടെ 10 കാ പ്പി ഇടാനുള്ള പൊടി വേണം ഒരു കുഞ്ഞ് ഗ്ലാസ് ഇറ്റാലിയൻകാപ്പി ഉണ്ടാക്കുവാൻ. മാ രകമായ കയ്പ്പാണ്. ആദ്യം കുടിക്കുന്നവർ ക്ക് ബുദ്ധിമുട്ട് അനുഭവപ്പെടും. യൂറോപ്യ ൻസിന്റെ ഇഷ്ടപാനിയം)

അപ്പോഴാണ് കൂടെ തന്ന പഞ്ചസാര ഓർമ്മ വന്നത് ആ വെപ്രാളത്തിൽ അത് പെ ട്ടന്ന് കൈയ്യിൽ എടുത്ത് കവർ കടിച്ചുകീ റി വായിലേക്കിട്ടു. തിരികെ വന്ന ജീവനും കൊണ്ട് ബാറിന്റെ പുറംവാതിൽ ലക്ഷ്യമാ ക്കി ഓടിത്തുടങ്ങി. എന്നെ കണ്ടതും അവൾ വീണ്ടും പറഞ്ഞു.

'ചാവോ...'

ഞാനും ഉറക്കെ മറുപടി പറഞ്ഞു,

'മിക്കവാറും ചാവും...' VK



കഥ



**ധനപാൽ**
ഈജിപ്റ്റ്

# മെഴുകുതിരികൾ



അയാൾ അവളെയും കൂട്ടി ആ 11 നില കെട്ടിടത്തിന്റെ ടറസ്സിലേക്ക് നടന്നു. അവിടെ നിന്നും അവളോട് താഴെ പാർക്കിംഗിലേക്ക് നോക്കാൻ ആവശ്യപ്പെട്ടു.

താഴേക്ക് നോക്കിയ അവൾ ഭയത്തോടെ പിന്നിലേക്ക് മാറി... അവൾക്ക് തല കറങ്ങുന്നത് പോലെ അനുഭവപ്പെട്ടു...ഇത്രയും വലിയ ഒരു കെട്ടിടത്തിന്റെ മുകളിൽ നിന്നും ഇങ്ങനെയൊരു കാഴ്ച്ച അവളുടെ ആദ്യത്തെ അനുഭവമായിരുന്നു...

'ഞാൻ ഇതിന് മുൻപ് ഒരു തവണ ഇവിടേക്ക് വന്നിട്ടുണ്ട്. അത് ഇവിടെ നിന്നും താഴേക്ക് ചാടാനായിരുന്നു... '

അവൾ ഒരു ഞെട്ടലോടെ അയാളുടെ കണ്ണുകളിലേക്ക് നോക്കി...

എന്താണ് കേട്ടതെന്ന് അവൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അവളുടെ നിറുകയിൽ തലോടിക്കൊണ്ട് അയാൾ പറഞ്ഞു, 'പേടിക്കേണ്ട...ഇനിയങ്ങനെ ഉണ്ടാകില്ല.... ഉറപ്പ്. '

'അന്ന് പതിവിൽ കൂടുതൽ ജോലിത്തിരക്കുണ്ടായിരുന്നതിനാൽ അയാൾ വളരെ ക്ഷീണിതനായിരുന്നു.നേരത്തെ കുളിച്ച് കിടക്കാമെന്ന് കരുതിയ അയാൾ അപ്രതീക്ഷിതമായി കുഴഞ്ഞ് വീഴുകയായിരുന്നു...

ആരൊക്കെയോ ചേർന്ന് അയാളെ ആശുപത്രിയിൽ എത്തിച്ചു. ബോധം തിരിച്ചുകിട്ടുമ്പോൾ ICU വിൽ ആയിരുന്നു. ചിരിച്ചു കൊണ്ട് അടുത്തുവന്ന നഴ്സ്,

'ഇപ്പോൾ പേടിക്കാനൊന്നുമില്ല... നിങ്ങളുടെ ഹൃദ



യം വീണ്ടും പണിമുടക്കാനൊരു ശ്രമം നടത്തിയതാ... ശ്രദ്ധിക്കണം, ഇത് രണ്ടാമത്തെ തവണയല്ലേ വേഗം ബൈപ്പാസ് ചെയ്യുന്നതായിരിക്കും നല്ലത്...'

എന്ന് പറഞ്ഞപ്പോൾ അയാൾക്ക് മറുപടി ഒന്നും ഉണ്ടായിരുന്നില്ല.

'കൃത്യം ഒരു വർഷം മുൻപായിരുന്നു അയാളുടെ ഹൃദയം ആദ്യമായി അയാളോട് പിണങ്ങുന്നത്. അന്ന് അന്റിയോപ്ലാസ്റ്റി വഴി താത്കാലികമായി പ്രശ്നം പരിഹരിക്കപ്പെട്ടു. പക്ഷേ ഇത്രയും പെട്ടെന്ന് വീണ്ടും...'

ഡിസ്ചാർജ് ചെയ്ത് റൂമിലെത്തിയിട്ടും അയാൾ അസ്വസ്ഥനായിരുന്നു. ശസ്ത്രക്രിയ നടത്താൻ അവർ തയ്യാറായിരുന്നില്ല. ദിവസങ്ങൾക്ക് ശേഷം വീണ്ടും ചെന്നപ്പോൾ നഗരത്തിന പുറത്തുള്ള മറ്റൊരു വലിയ ആശുപത്രിയിലേക്ക് റഫർ ചെയ്യുകയായിരുന്നു.

' ഏറെ പ്രതീക്ഷയോടെയാണ് അയാൾ അവിടേക്ക് ചെന്നത്. പലവിധ ടെസ്റ്റുകൾക്കും വിധേയനാക്കിയ അയാൾക്ക് തുടർന്നും മരുന്ന് കഴിക്കാനുള്ള നിർദ്ദേശമാണ് ലഭിച്ചത്.'

'കൊറോണിയയുടെ തുടക്കത്തിൽ തന്നെയുള്ള ബ്ലോക്കിന്റെ വ്യാപതി മനസ്സിലാക്കിയെടുക്കാൻ കഴിയാത്തതും, അതു കൊണ്ടുള്ള ആത്മവിശ്വാസക്കുറവുമൊക്കെയായിരിക്കണം അവരെയും ശസ്ത്രക്രിയയിൽ നിന്നും പിൻതിരിപ്പിക്കുന്നത്.'

'കൃത്യമായി മരുന്നു കഴിക്കുന്നതിനിടയിലും പല പല ആശുപത്രികൾ കയറിയിറങ്ങുക ഒരു പതിവാക്കിയെങ്കിലും എല്ലാവരും സൗകര്യപൂർവ്വം കയ്യൊഴിയുന്നതായി അയാൾക്ക് തോന്നി...'

അയാളുടെ രാത്രികൾക്ക് ഉറക്കമില്ലാതായി തുടങ്ങിയിരിക്കുന്നു...

പതിവുപോലെ അന്നും മറ്റൊരാശുപത്രിയിലേക്കായിരുന്നു യാത്ര. നീണ്ട കാത്തിരിപ്പിനൊടുവിൽ ഡോക്ടറുടെ മുന്നിലെത്തി. പഴയ ലിസ്റ്റുകളെല്ലാം നോക്കിയ ശേഷം,

" ഇതിലൊരു വ്യക്തതക്കുറവുണ്ട്, ഒന്ന് രണ്ട് ടെസ്റ്റുകൾ കൂടി നടത്തണം. എങ്കിലും നമുക്കിത് ചെയ്യാം... എത്രയും അടുത്ത ദിവസത്തേക്ക് ഒരു അപ്പോയൻമെന്റ് എടുത്തോളൂ... "

എന്ന് ഒരു ദൈവദൂതനെപ്പോലെ ആ ഈജിപ്ഷ്യൻ ഡോക്ടർ പറഞ്ഞപ്പോൾ, നിറ കണ്ണുകളോടെ അയാൾ കൈകൂപ്പി...

ജീവിതത്തെ കുറിച്ചുള്ള പുതിയ പ്രതീക്ഷകളുമായി അയാൾ പുറത്തേക്കിറങ്ങി. നേരത്തെ കാഷ്വാലിറ്റിയിൽ ഉണ്ടായിരുന്ന നേഴ്സ് അയാൾക്കരികിലേക്ക് വന്നു. പേപ്പറുകളെല്ലാം വാങ്ങി ഒപ്പം നടന്നുകൊണ്ട്,

'ഡോക്ടർ എന്ത് പറഞ്ഞു...'

അയാൾ വിവരങ്ങൾ ധരിപ്പിച്ചു.

' എന്നിട്ട് നിങ്ങൾ എന്ത് തീരുമാനിച്ചു...?

'ഇദ്ദേഹം മാത്രമേ ഇത് ചെയ്ത് തരാമെന്ന് പറഞ്ഞിട്ടുള്ളൂ... അതുകൊണ്ട് എത്രയും വേഗം അപ്പോയൻമെന്റ് എടുക്കണം... '

' അത് വേണ്ട സർ...'

അയാളൊന്ന് ഞെട്ടി...

"നിങ്ങൾ അദ്ദേഹത്തിന് മുന്നിൽ ഒരു പരീക്ഷണത്തിന് നിന്ന് കൊടുക്കേണ്ട സർ, അദ്ദേഹം ഇവിടെ ജോയിന്റ് ചെയ്തത് തന്നെ ഒരു പണിഷ്മെന്റ് ട്രാൻഫർ എന്ന നിലയിലാണ്... നിങ്ങൾ എത്രയും പെട്ടെന്ന് നാട്ടിൽ ചെല്ലൂ... അവിടെ നിങ്ങൾക്ക് ഇതിനേക്കാൾ നല്ല ചികിത്സ ലഭിക്കും. ഇത്രയൊന്നും ബുദ്ധിമുട്ടേണ്ടിവരില്ല..."

'ഞാനീ ചെയ്യുന്നത് എന്റെ പ്രൊഫഷനോടും ഈ സ്ഥാപനത്തോടും ചെയ്യുന്ന വിശ്വാസ വഞ്ചനയായിരിക്കാം... എങ്കിലും എനിക്ക് നിങ്ങളോട് ഇത് പറയണം എന്ന് തോന്നി. ഒരു പക്ഷേ നിങ്ങളുടെ നന്മയ്ക്ക് വേണ്ടിയായിരിക്കാം... '

'ഇതയും പറഞ്ഞ് ചെറുപുഞ്ചിരിയോടെ അവൾ നടന്നകലുമ്പോൾ, അയാളുടെ കണ്ണിൽ ഇരുട്ട് പടരുകയായിരുന്നു...'

പതിയെ പുറത്തേക്കിറങ്ങിയ അയാൾ റോഡിനെതിർവശത്തെ കടൽതീരത്തെ സിമന്റ് ബഞ്ചിലിരുന്നു...



കഥ

'നാട്ടിൽ അവളെ ഒന്നും അറിയിച്ചിട്ടില്ല ഇതുവരെ...'

'എന്നോടൊപ്പം ഇരുവരെയുള്ള ജീവിതത്തിൽ സംതൃപ്തയായിരിക്കുമോ അവൾ...?

പല തവണ കൂടെ കൂട്ടാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ അയാൾക്കതിന് കഴിഞ്ഞിരുന്നില്ല. പ്രവാസത്തിൽ ജീവിതം കരക്കടുപ്പിക്കാനുള്ള തുഴച്ചിലിനിടയിൽ എപ്പോഴെങ്കിലും അവളുടെ സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും വേണ്ടത്ര പരിഗണന നൽകിയിട്ടുണ്ടോ...?

'യാത്രകൾ ഒരുപാടിഷ്ടമായിരുന്നു അവൾക്ക്. വിവാഹം കഴിഞ്ഞ ആദ്യ നാളുകളിൽ ചെറിയ ചില യാത്രകൾ നടത്തിയ തൊഴിച്ചാൽ, ഓർത്ത് വെക്കാവുന്ന നല്ലൊരു ടൂറിന് പോലും കൊണ്ടുപോയിട്ടില്ല ഇതുവരെ...

എന്നും നാട്ടിൽ ചെല്ലുമ്പോൾ അവൾ പറയുമായിരുന്നു,

"നമുക്ക് എവിടേക്കെങ്കിലും പോകാം..." എന്ന്.

'പോകാം' എന്ന് പറയുമെങ്കിലും എണ്ണിച്ചുട്ട അപ്പം പോലെ കിട്ടുന്ന അവധി ദിനങ്ങൾ ഒന്നിനും തികയുമായിരുന്നില്ല... അല്ലെങ്കിൽ, അതിന് വേണ്ടി ശ്രമിച്ചിട്ടില്ല എന്ന് പറയുന്നതായിരിക്കും ശരി... '

'എങ്കിലും ഇതുവരെ ഒരു പരാതിയും പറഞ്ഞിട്ടില്ല അവൾ... '

കുറച്ച് വർഷങ്ങളായി അയാളെ രോഗങ്ങൾ അലട്ടാൻ തുടങ്ങിയിരിക്കുന്നു. രണ്ട് വർഷങ്ങൾക്ക് മുൻപ് നടുവേദന കാരണം നടക്കാൻ പോലും കഴിയാത്ത അവസ്ഥയിൽ ആശുപത്രിയിൽ എത്തിച്ചപ്പോൾ ഡിസ്കിന് സർജറി ചെയ്യേണ്ടി വന്നു. അതേ കദേശം ശരിയായി വരുമ്പോഴായിരുന്നു ആദ്യത്തെ അറ്റാക്ക്. ഇതിപ്പോൾ വീണ്ടും...

'കടൽ ശാന്തമാണ്, പക്ഷേ മനസ്സ് പ്രക്ഷുബ്ധമായിരുന്നു...'

അയാൾ എഴുന്നേറ്റ് റൂമിലേക്ക് നടന്നു.

ഭക്ഷണം കഴിച്ച് അൽപമൊന്ന് മയങ്ങാമെന്ന് കരുതിയെങ്കിലും അയാൾക്കതിന് കഴിഞ്ഞിരുന്നില്ല...

'ഒരായിരം ചോദ്യങ്ങൾ പിന്നെയും അയാളുടെ മനസ്സിൽ തിരമാലകളായി അലയടിച്ചു കൊണ്ടേയിരുന്നു...'

'ഈ ഒരവസ്ഥയിൽ അധികകാലം മുന്നോട്ട് പോകില്ല... എന്റെ ജീവനെന്തെങ്കിലും സംഭവിച്ചാൽ... രണ്ട് മക്കളെയും കൊണ്ട് അവൾ എന്ത് ചെയ്യാനാണ്...

അവർക്ക് നല്ല വിദ്യാഭ്യാസം നൽകാനും മകളെ നല്ല നിലയിൽ വിവാഹം കഴിപ്പിച്ചയച്ച ശേഷം നാട്ടിൽ വിശ്രമജീവിതം നയിക്കാനും, അവളുടെ നഷ്ടപ്പെട്ട സ്വപ്നങ്ങൾക്ക് അവസാനകാലത്തെങ്കിലും ചിറകുകൾ നൽകാനും വല്ലാതെ മോഹിച്ചിരുന്നു അയാൾ...'

'അറിയാതെ അയാളുടെ മനസ്സിൽ ചെകുത്താന്റെ ചിന്തകൾ പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു...!'

'ഒരു പക്ഷേ ഇവിടെ വച്ച് ഒരു അപകട മരണം സംഭവിക്കുകയാണെങ്കിൽ നല്ലൊരു തുക കുടുംബത്തിന് ജീവനാംശമായി ലഭിച്ചേക്കാം...'

'അതും കൊണ്ട് അവർക്ക് യാതൊരു ബുദ്ധിമുട്ടും കൂടാതെ അവരുടെ ഭാവി സുരക്ഷിതമാക്കി ജീവിക്കാൻ സാധിച്ചേക്കാം...'

'പിന്നെ മരണം നൽകുന്ന ദുഃഖം, അത് കാലം മായ്ച് കളഞ്ഞേക്കാം...'

അയാൾ മെല്ലെ പുറത്തേക്കിറങ്ങി. ആരും കാണുന്നില്ല എന്നുറപ്പ് വരുത്തിയ ശേഷം താമസിക്കുന്ന പതിനൊന്ന് നില കെട്ടിടത്തിന്റെ റെസ്സിലേക്ക് നടന്നു...

അവിടെ നിന്നും താഴെ പാർക്കിംഗിലേക്ക് നോക്കിയപ്പോൾ ഭയം തോന്നി...

അയാളുടെ കൈകാലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു...

'കണ്ണുമടച്ചൊന്ന് താഴേക്ക് ചാടിയാൽ എല്ലാം ശുഭം... '

മനസ്സിൽ ഭാര്യയെയും മക്കളേയുമോർത്തു... അയാളുടെ കണ്ണുകൾ നിറഞ്ഞു...

'ക്ഷമിക്കുക... ഭീരുത്വം കൊണ്ടല്ല...മറിച്ച്, ഗതികേട് കൊണ്ട്... മുന്നിൽ മറ്റ് വഴികളൊന്നും കാണാൻ കഴിയാത്തത് കൊണ്ട്... '

'നിമിഷനേരങ്ങൾക്കപ്പുറം താൻ ചിന്നിച്ചിതറിയ ഒരു മാംസതുണ്ഡം മാത്രം...! ചീറിപ്പാഞ്ഞെത്തുന്ന പോലീസും ആംബുലൻസും... '

എല്ലാം അയാളുടെ മനസ്സിൽ മിന്നി മറഞ്ഞു...

'ഒരു പക്ഷേ പോലീസ് ഇത് വെറുമൊരു ആത്മഹത്യമാത്രമാണെന്ന് റിപ്പോർട്ട് സമർപ്പിച്ചാൽ...? ഇതുവരെയുള്ള എല്ലാ ശ്രമങ്ങളും പാഴായിപ്പോയേക്കാം...'

അയാൾ മെല്ലെ പിറകിലോട്ട് മാറി അവിടെയിരുന്നു.

'ഏതെങ്കിലും കോടീശ്വരൻമാരായ അറബികളുടെ വാഹനത്തിന് മുന്നിൽ അബദ്ധത്തിലെന്നവണ്ണം ചാടുന്നതായിരിക്കും ഇതിലും നല്ലത്... അതാകുമ്പോൾ ആർക്കും ഒരു സംശയവും വരില്ല...'



അയാൾ താഴേക്കിറങ്ങി തിരക്കേറിയ കോർണിഷ് റോഡ് ലക്ഷ്യമാക്കി നടന്നു.

'നേരം സന്ധ്യയോടടുക്കുന്നു. ആകാശം രക്തവർണ്ണം പുതച്ച് നിൽക്കുകയാണ്...'

ഒരു പക്ഷേ അയാളുടെ മരണത്തെ സ്വീകരിക്കാൻ...!

അയാൾ റോഡരികിൽ നിൽപ്പുറപ്പിച്ചു. പല പല വാഹനങ്ങൾ അയാൾക്ക് മുന്നിലൂടെ കടന്ന് പോയി ലക്സസ്...ബി എം ഡബ്ല്യു... ലാൻ ക്രൂയിസർ...അങ്ങനെ അങ്ങനെ...

'എല്ലാം അറബികളുടേത് തന്നെയായിരിക്കാം... പക്ഷേ മിക്കതിലും ഡ്രൈവിംഗ് സീറ്റിൽ മലയാളികളോ, മറ്റ് രാജ്യക്കാരോ ഒക്കെയാണ്. ഒരു പക്ഷേ അതിന് മുന്നിൽ ചാടിയാൽ അവർ ജയിലിലായേക്കാം... ജീവനാംശം നൽകാൻ അവർക്കെതിരെ വിധിയുണ്ടായേക്കാം... അവർക്കതിന് കഴിഞ്ഞില്ലെങ്കിൽ ഒരിക്കലും പുറത്തിറങ്ങാൻ കഴിഞ്ഞില്ലെന്ന് വരാം...'

'അവർക്കും കാണില്ലേ എന്നെപ്പോലെ കുടുംബം... ഭാര്യ... കുട്ടികൾ... ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ...'

'കടലിൽ നിന്നും വീശിയ ഒരു തണുത്ത കാറ്റ് അയാളുടെ ചിന്തകളെ തണുപ്പിച്ച് കൊണ്ട് കടന്നു പോയി... '

അയാൾ ആ ഉദ്യമത്തിൽ നിന്നും പിൻ വാങ്ങി. റൂമിലേക്ക് തിരിച്ച് ചെന്ന്  കട്ടിലിൽ കമിഴ്ന്ന് കിടന്ന് കരഞ്ഞു...

'ജീവിക്കാനും മരിക്കാനും വഴി കണ്ടെത്താൻ കഴിയാതെ... ഒരു പാട്... ഒരു പാട് നേരം... '

മരുന്നുകളെല്ലാം തീർന്നശേഷം മനസ്സില്ലാ മനസ്സോടെയാണെങ്കിലും നേരത്തെ കാണിച്ച നഗരത്തിന് പുറത്തുള്ള ആശുപത്രിയിലേക്ക് അയാൾ പോയി.

പതിവ് പരിശോധനകൾക്ക് ശേഷം ഡോക്ടർ പറഞ്ഞു,

'അവിടെ തന്നെയുള്ള ഗവൺമെന്റ് ഹോസ്പിറ്റലിൽ ഇവിടുത്തെ ഷെയ്ക്ക്മാരെയും VIP കളെയുമൊക്കെ പരിശോധിക്കാനായി ജർമ്മനിയിൽ നിന്നും വളരെ വിദഗ്ധനായ ഒരു ഡോക്ടർ വരാറുണ്ട്... അദ്ദേഹം അടുത്തയാഴ്ച്ച വരുന്നുണ്ട്. ഞാനൊരു ലെറ്റർ തരാം. എന്റെ ഒരു കൂട്ടുകാരനുണ്ടവിടെ. നാളെ തന്നെ അവനെ ചെന്ന് കണ്ട് അദ്ദേഹത്തിന്റെ ഒരപ്പോയൻമെൻറ് എടുക്കണം... തത്കാലം അതുവരെയുള്ള മരുന്ന് എഴുതി തരാം... '

തിരിച്ച് റൂമിലേക്ക് പോകുമ്പോൾ ഇന്നലെകളെക്കുറിച്ച് മറക്കാൻ ശ്രമിച്ചു...

'വിചാരിച്ച പോലെ  അയാൾക്ക് ഡോക്ടറെ കാണാനായി പരിശോധനകൾക്ക് ശേഷം അഡ്മിറ്റാകാനും വേഗം തന്നെ ശസ്ത്രക്രിയ നടത്താമെന്നും ഉറപ്പ് നൽകി...'

അന്ന് മാത്രമാണ് അയാൾ ഭാര്യയേയും മറ്റും വിവരങ്ങൾ അറിയിച്ചത്.

'അവൾ കരയുന്നുണ്ടായിരുന്നു... കരയാതെ തനിക്ക് വേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ട് അയാൾ ഫോൺ കട്ട് ചെയ്തു...'

ശസ്ത്രക്രിയ വളരെ സങ്കീർണ്ണമായിരുന്നു... രാവിലെ ഓപ്പറേഷൻ തിയറ്ററിൽ കയറ്റിയ അയാൾക്ക് ബോധം തിരിച്ചു കിട്ടുമ്പോഴേക്കും രാത്രി ഏറെ വൈകിയിരുന്നു...

പിറ്റേന്ന് ഡോക്ടർ പരിശോധനയ്ക്കിടെ പറഞ്ഞപ്പോൾ മാത്രമാണ് അയാൾക്ക് മനസ്സിലായത്.

അദ്ദേഹം ചെയ്ത അപൂർവ്വം ചില ദൈർഘ്യമേറിയ ശസ്ത്രക്രിയകളിൽ ഒന്നായിരുന്നു അതും...!

ഡിസ്ചാർജ് ചെയ്ത് കുറച്ച് ദിവസങ്ങൾക്ക് ശേഷം അയാൾ നാട്ടിൽ പോകാൻ ലീവ് എഴുതിക്കൊടുത്തു. ഇപ്പോൾ തന്നെ ഒരു മാസത്തോളമായി അവധിയിൽ ആണ്. എങ്കിലും അയാളുടെ അവസ്ഥയെക്കുറിച്ച് അറിയാവുന്നത് കൊണ്ട് കമ്പനി ലീവ് നൽകി.

നാട്ടിൽ നിന്നും തിരിച്ചു വരുമ്പോൾ അയാൾ ആദ്യമായി അവളെയും കൂടെ കൂട്ടി... അവളുടെ സാമീപ്യം അയാൾക്ക് ആവശ്യമായിരുന്നു...'

'അയാൾ അവളുടെ കണ്ണ് തുടച്ച് കൊണ്ട് ടറസ്സിൽ നിന്നും താഴേക്കിറങ്ങി നടന്ന് കോർണിഷിലെ ആ പഴയ സിമന്റ് ബഞ്ചിലിരുന്നു...'

'ഇനി കുറച്ച് വർഷങ്ങൾ കൂടി കഴിഞ്ഞാൽ, നമ്മുടെ മക്കളുടെ വിദ്യഭ്യാസമൊക്കെ പൂർത്തിയായാലുടൻ ഞാൻ നാട്ടിലേക്ക് തിരിച്ചു വരും.'

' പിന്നീട് നമുക്ക് നമ്മുടെ നഷ്ടപ്പെട്ടു പോയ സ്വപ്നങ്ങളെല്ലാം തിരിച്ചുപിടിക്കണം...'

'നീ ആഗ്രഹിച്ചത് പോലെ, ജീവിത സായന്തനത്തിലെങ്കിലും യാത്രകൾ നടത്താം... പാറി പറന്ന് നടക്കാം...'

'ഇന്ന് നീ കണ്ട് ഭയന്ന 11 നില കെട്ടിടമല്ല എന്റെ സ്വപ്നം... അത് പാരിസ് ആണ്... 322 മീറ്റർ ഉയരമുള്ള അംബരചുംബിയായ ഈഫൽ ടവറിന്റെ 1700ഓളം പടികളും കഴിയുമെങ്കിൽ ചവിട്ടി നമുക്കതിന്റെ മുകളിൽ ചെന്ന് നിന്ന് അത്ഭുതകരമായ കാഴ്ചകൾ കാണാം...'

'ഇതെന്റെ സ്വപ്നമാണ്...നിന്നോടൊപ്പം ഞാനത് നിറവേറ്റിയിരിക്കും... '

'വർഷങ്ങൾ ആരെയും ഒന്നിനെയും കാത്ത് നിൽകാറില്ല.... അതിന് അതിന്റേതായ സമയക്രമമുണ്ട്... അതൊരിക്കലും തെറ്റാറില്ല...'

'ഇന്ന് മകളുടെ ഗ്രാജ്വേഷൻ സിറമണിയാണ്... പ്രൗഢഗംഭീരമായ സദസ്സിന്റെ മുൻ നിരയിൽ തന്നെ അയാളുമുണ്ടായിരുന്നു...'

'നിറഞ്ഞ ഹർഷാരവങ്ങൾക്കിടയിൽ മകൾ തൊപ്പിയും ഗൗണുമണിഞ്ഞ് ഒന്നാമതായി ബിരുദം ഏറ്റുവാങ്ങുമ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞു...'

'ഇതൊന്നും കാണാൻ കാത്തു നിൽകാതെ...'

'ഒരു പക്ഷേ അവൾ കാണുന്നുണ്ടായിരിക്കാം... എന്നെ ഇത്രയും കാലം സഹിച്ചതിന് ദൈവം അവൾക്ക് സ്വർഗ്ഗം സമ്മാനിച്ചിരുന്നൂ എങ്കിൽ...'

'ആറ് മാസങ്ങൾക്ക് മുൻപ് ശ്വാസകോശാർബുദത്തിന്റെ രൂപത്തിൽ മരണം അവളുടെ ജീവൻ കവർന്നെടുക്കുമ്പോൾ, അയാൾക്ക് നിസ്സഹായനായി നോക്കി നിൽക്കാനേ കഴിഞ്ഞുള്ളൂ...'ചെറിയ ചുമയിൽ തുടങ്ങിയ രോഗം തിരിച്ചറിയുമ്പോഴേക്കും ഏറെ വൈകിയിരുന്നു...


'4th സ്റ്റേജിൽ നടത്തിയ ശസ്ത്രക്രിയ അവളുടെ ജീവൻ അധികകാലം നിലനിർത്താൻ പര്യാപ്തമായിരുന്നില്ല...'

'അയാൾ കണ്ണുനീർ തുടച്ച് കൊണ്ട് മകൾക്കായ് കയ്യടിച്ചു...'


'ഒരു സാധാരണ പ്രവാസി മെഴുകുതിരി പോലെയാണ്...'

'അവന്റെ സ്വപ്നങ്ങളും മോഹങ്ങളും ത്യജിച്ച് ജീവിതം ഉരുകി തീർക്കുമ്പോൾ, അവനിൽ അവശേഷിക്കുന്നത് ഉരുകിയൊലിച്ച ഒരു തുള്ളി കണ്ണുനീർ മാത്രമായിരിക്കും...' VK

# അഭയമില്ലാത്ത അഭയാർത്ഥി



**ഹംദാൻ ചെമ്പിരിക്ക**
ഈജിപ്റ്റ്



'സ്വാതന്ത്ര്യം...! സ്വാതന്ത്ര്യം...! സ്വാതന്ത്ര്യം...!'

പെട്ടെന്നാണ് നിയമ്പ ഉറക്കത്തിൽ നിന്ന് ഞെട്ടി ഉണർന്നത്. അവന്റെ ഹൃദയമിടിപ്പ് വർധിച്ചിട്ടുണ്ടായിരുന്നു. കഴുത്തിലൂടെ വിയർപ്പുകണങ്ങൾ ഒഴുകി എല്ലിനോട് ഒട്ടിപ്പിടിച്ച കറുത്ത തൊലിയിലൂടെ ഒഴുകുന്നുണ്ടായിരുന്നു. എന്തൊക്കെയോ ചിന്തകൾ അവനെ ഒരുപാട് അലട്ടുന്നുണ്ടായിരുന്നു. നീണ്ട നിശ്വാസം വിട്ട് അവൻ വീണ്ടും പതിയെ പിറു പിറുത്തു:

'സ്വാതന്ത്ര്യം... ! സ്വാതന്ത്ര്യം...!'

തൊട്ടപ്പുറത്തെ സ്ട്രീറ്റ് ലൈറ്റിന്റെ പാതി വെളിച്ചത്തിൽ നിയമ്പ നട്ടെല്ല് നിവർത്തി എണീറ്റ് നിന്നു. നേരം ഇനിയും വെളുത്തിട്ടില്ല. ഒട്ടും പരിചയമില്ലാത്ത നാടും വഴികളും അവന് വിചിത്രമായി തോന്നി. അമ്മയെയും സഹോദരിയെയും പറ്റിയുള്ള ചിന്തകൾ അവനെ വീണ്ടും വീണ്ടും അസ്വസ്ഥപ്പെടുത്തി കൊണ്ടേയിരുന്നു. ഉച്ചത്തിൽ ഒന്ന് കരയണമെന്ന് ആഗ്രഹമുണ്ട് പക്ഷേ കണ്ണിൽ നിന്ന് ഒരു തുള്ളി അശ്രു പോലും ഇറ്റി വീണില്ല. കഠിനമായ വിശപ്പ് കാരണം തീർത്തും പരവശനായിരുന്നു നിയമ്പ. പതിയെ സ്ട്രീറ്റ് ലൈറ്റിന്റെ വെളിച്ചം അവന്റെ കാഴ്ചയിൽ നിന്നും മങ്ങാൻ തുടങ്ങി. ശക്തമായ തളർച്ച ശരീരമാസകലം അനുഭവപ്പെട്ടു. ബോധം പൂർണമായും നഷ്ടപ്പെട്ട അവൻ നിലംപതിച്ചു.

'അമ്മേ....!'

സഹോദരി നാറോമിയുടെ അലർച്ച കേട്ടാണ് അന്ന് നിയമ്പ എണീറ്റത്. കേട്ടപാതി കേൾക്കാത്ത പാതി ശബ്ദം കേട്ട ദിശയിലേക്ക് അവൻ കുതിച്ചു. അമ്മയെയും പിന്നാലെ സഹോദരിയേയും രണ്ട് വെള്ളക്കാരായ പട്ടാളക്കാർ വലിച്ചിഴച്ച് ഒരു ട്രക്കിലേക്ക് കൊണ്ട് പോകുന്ന അതി ദാരുണമായ കാഴ്ചയാണ് അവൻ കണ്ടത്. ഓടിച്ചെന്ന് അവരുടെ കൈകളിൽ നിന്നും പിടി മാറ്റാൻ ശ്രമിച്ച നിയമ്പക്കും കണക്കിന് അടി കിട്ടി. അതിൽ ഒരടി തലക്കായിരുന്നു കിട്ടിയത്. അതോടെ അവന്റെ ബോധം നഷ്ടപ്പെട്ടു. രക്തത്തിൽ കുതിർന്ന നിയമ്പക്ക് ബോധം തെളിഞ്ഞപ്പോൾ ചുറ്റും ശൂന്യതയാണ് അനുഭവപ്പെട്ടത്. കാപ്പിരികളുടെ നാട്ടിൽ വെള്ളക്കാരുടെ അധിനിവേശം ശക്തമായ കാലമായിരുന്നു അത്. തന്റെ അമ്മയും സഹോദരിയും എവിടെയാണെന്ന് പോലും അവനു അറിയില്ലായിരുന്നു. ഏതെങ്കിലും വെള്ളക്കാരന്റെ തടങ്കലിൽ പീഡനം അനുഭവിക്കുകയായിരിക്കും അവരിപ്പോൾ. അമ്മ വല്ലതും കഴിച്ചിട്ടുണ്ടാകുമോ? നേരത്തിന് ഭക്ഷണം ലഭിച്ചില്ലെങ്കിൽ അമ്മക്ക് തളർച്ച വരും. കൂട്ടിന് നറോമി ഉള്ളതാണ് ഒരു സമാധാനം. അന്നാണ് അവൻ അവസാനമായി അവരെ കണ്ടത്. അവരെ ഓർത്ത് കൊണ്ട് ഒരു മൂലയിൽ ഇരുന്ന് തേങ്ങി കരഞ്ഞ് കൊണ്ടിരിക്കുമ്പോഴാണ് കാതടിപ്പിക്കുന്ന സൈറൺ മുഴക്കവുമായി വെള്ളക്കാരന്റെ പട്ടാള ജീപ്പ് അത് വഴി കടന്ന് പോയത്. ഇരുട്ടായതിനാൽ പട്ടാള വണ്ടിയുടെ ഹെഡ്‌ലൈറ്റിന്റെ പ്രകാശരശ്മികൾ കലങ്ങിയ നിയമ്പയുടെ കണ്ണിലേക്ക് തറച്ചു കയറി. ദേഷ്യവും ക്രോധവും മൂർത്ത് പ്രതികാരവാഞ്ചയോടെ അവൻ പട്ടാള വണ്ടിയെ തുറിച്ചു നോക്കി. തങ്ങളിൽ നിന്നും





ഹനിക്കപ്പെട സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ശക്തമായ അഭിലാഷവും രക്തത്തിൽ തിളക്കുന്നുണ്ടായിരുന്നു. പട്ടാള വണ്ടിയുടെ മുകളിൽ നിന്നും ഒരു വെള്ളക്കാരൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു:

‘പുലർച്ചയോടെ ഇവിടെ ഒരൊറ്റ ചെറ്റയെയും കണ്ട് പോകരുത്. കയ്യിൽ കിട്ടിയാൽ എല്ലാത്തിന്റെയും ശവങ്ങളായിരിക്കും കാണുക. വിട്ടോ ഇവിടുന്ന്..... ’ വെറുപ്പ് കലർന്ന വിദ്വേഷത്തിന്റെ ശബ്ദമായിരുന്നു അയാളുടേത്.

കറുത്തവരും ദരിദ്രരുമായതിന്റെ പേരിൽ പിറന്ന മണ്ണ് വിട്ട് പോകണമത്രേ. എവിടേക്ക് പോകാനാണ്? അല്ലേലും ഈ ഭൂമിയിൽ ആരും സ്ഥിരം താമസക്കാരല്ലല്ലോ. നമ്മുടെ പുരയിടങ്ങൾ നിൽക്കുന്നിടത്ത് സ്വർണ ഖനികളാണ് പോലും! അതിന് ഈ ശിക്ഷകളൊക്കെ ഏറ്റു വാങ്ങാൻ നമ്മളെന്ത് അപരാധം ചെയ്തു. ജീവൻ ത്യജിച്ചായാലും ജനിച്ച മണ്ണിൽ ജീവിക്കാനുള്ള അവകാശത്തിനായി പോരാടണം. ഇത്തരം ചിതറിയ ചിന്തകൾ നിയമ്പയുടെ മനസ്സിനെ അലോസരപ്പെടുത്തികൊണ്ടേയിരുന്നു. അന്നേരം ഒരു കൂട്ടം പട്ടാളക്കാർ ലാത്തിയും തോക്കുമായി ആ ഗ്രാമത്തിൽ നരനായാട്ട് തുടങ്ങി. ഗത്യന്തരമില്ലാതെ വെടിയൊച്ചകൾക്കിടയിലൂടെ തുടങ്ങിയ ഓട്ടമാണ് നിയമ്പയെ അകലെയുള്ള ബ്രാവോസ് പട്ടണത്തിലേക്ക് എത്തിച്ചത്.

സൂര്യപ്രകാശത്തിന്റെ പ്രസരമേറ്റ് കണ്ണ് തുറന്ന കഥാനായകൻ പതുക്കെ എണീറ്റു. ശരീരത്തിൽ മണ്ണ് പുരണ്ടത് അവൻ ഗൗനിച്ചില്ല. ശക്തമായ ചൂടും ഒപ്പം മൂന്ന് ദിവസമായി ഒന്നും കഴിക്കാത്തതിനാൽ വിശപ്പും അസഹനീയമായിരുന്നു. കുറച്ച് മുന്നോട്ട് നടന്നപ്പോഴാണ് ഒരു ഇറച്ചിക്കോഴി കട ദൃഷ്ടിയിൽ പതിഞ്ഞത്. അവിടെ താറാവും മുയലുമൊക്കെ ഉണ്ടെങ്കിലും നിയമ്പയുടെ നോട്ടം പതിഞ്ഞത് കറുത്ത തൂവലുള്ള പറവയിലേക്കാണ്. ചിറകുണ്ടായിട്ടും പറക്കാൻ പറ്റാത്ത, വളഞ്ഞ ചുണ്ടുകൾ ഉണ്ടായിട്ടും സ്വയം ഭക്ഷിക്കാൻ സാധിക്കാത്ത ഒരു പാവം കറുത്ത പറവ. തന്നെ പോലെ തന്നെ സ്വാതന്ത്ര്യം ഹനിക്കപ്പെട്ട പറവയുടെ നിസ്സഹായത ചിന്തിച്ചു തീരും മുമ്പേ ആ പറവയും കശാപ്പ് ചെയ്യപ്പെട്ടു, നിയമ്പയുടെ ജീവിക്കാനുള്ള അവകാശം ഹനിക്കപ്പെട്ടത് പോലെ. അപ്പോഴാണ് അവൻ സ്വയം ആത്മഗതം ചെയ്യുന്നത്, താനും ഇവിടെ അഭയാർത്ഥിയാണ്, അഭയം നൽകാൻ ആരുമില്ലാത്ത അഭയാർത്ഥി. ശബ്ദമില്ലാത്തവന്റെ ശബ്ദമാകാൻ പോലും ആരുമില്ലാത്ത അഭയാർത്ഥി... VK




സ്മൃതി



# എവിടെയാണ് എന്റെ ലോകം?

## ജർമ്മനിയിൽ നിന്നൊരു നാടൻ കത്ത്



**എഡ്വേർഡ് നസ്രത്ത്**
ജർമ്മനി.

ആയിരത്തിതൊള്ളായിരത്തി എഴുപത്തിനാല് ഒക്ടോബർ മാസത്തിലെ ഒരു വാരാന്ത്യത്തിലെ തണുപ്പുള്ള വെള്ളിയാഴ്ച ദിവസമാണ് ഞാനാദ്യമായി ജർമ്മനിയിലെത്തിയത്. ബ്രൂണൈയിൽനിന്ന് ബി.ഒ.സിയുടെ വിമാനത്തിൽ ലണ്ടൻവഴി ഡ്യൂസൽ ഡോർഫിൽ എത്തുകയായിരുന്നു ഞാൻ. എന്നെ സ്വീകരിക്കുവാനായി എയർപോർട്ടിൽ എന്റെ ഭാര്യ ഞങ്ങളുടെ കുഞ്ഞുമകളുമായി കാത്തുനിന്നിരുന്നു.

വിമാനത്തിൽ നിന്നിറങ്ങിയ എന്നെ ആദ്യം അലോസരപ്പെടുത്തിയത് സൂര്യപ്രകാശത്തിന്റെ അഭാവമായിരുന്നു. കാർമേഘാവൃതമായ ആകാശം! ബ്രൂണൈൽ എന്നോടൊപ്പമുണ്ടായിരുന്ന എന്റെ അപ്പൻ തുന്നിത്തന്ന സൂട്ടും നീളമുള്ള ഓവർകോട്ടും ധരിച്ചിരുന്നതുകൊണ്ട് തണുപ്പറിഞ്ഞില്ല. എന്നെ വിസ്മയിപ്പിച്ച മറ്റൊരുകാര്യം വിമാനത്തിൽനിന്ന് എന്നോടൊപ്പമിറങ്ങിയ യാത്രക്കാരൊക്കെ നല്ല വേഗതയിൽ നടന്നതാണ്. അവരോടൊപ്പം എത്താനായി എനിക്കും വേഗത്തിൽ നടക്കേണ്ടിവന്നു. ഇവിടെയെന്താണീ മനുഷ്യരെല്ലാം ഇത്ര വേഗത്തിൽ നടക്കുന്നത്? വിമാനത്താവളത്തിനകത്തും പുറത്തും ഒക്കെ നടക്കുന്നവരെല്ലാം നല്ല വേഗതയിലാണ് നടക്കുന്നതെന്ന് ഞാൻ കണ്ടു. ഈ ചടുലമായ നടത്തം ഇവിടത്തെ ജീവിതത്തിന്റെ ഒരു ഭാഗമാണെന്ന് ക്രമേണ ഞാൻ മനസ്സിലാക്കി. ഈ ജനതയുടെ സ്ഥിരോത്സാഹത്തിൻറെ ഭാഗമാണ് ഈ നടത്തം, ഇവിടെ മനുഷ്യർ ഓടുന്നു അഥവാ പുരോഗതിയിലേക്ക് കുതിക്കുന്നു. അവിടെ എന്റെ നാട്ടിൽ മനുഷ്യർ ഇഴയുന്നു... ഞാനാലോചിച്ചു ഇവരോടൊപ്പം എത്തണമെങ്കിൽ എന്റെ നാട്ടുകാർ എന്തുമാത്രം ഓടേണ്ടിയിരിക്കുന്നു.

ഞാൻ ജനിച്ചുവളർന്ന നാട്, ലോകത്തിലേക്കുവെച്ച് ഏറ്റവും സുന്ദരമായ ദൈവത്തിന്റെ സ്വന്തം നാട് എന്ന് അറിയപ്പെടുന്ന കേരളത്തിൽ 'കൊല്ലം കണ്ടാൽ ഇല്ലം വേണ്ട'ന്നു



വിഖ്യാതി നേടിയ പട്ടണത്തിലെ അതിമനോഹരമായ മുക്കാട് എന്ന ഗ്രാമത്തിലാണ്. സ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി ഒരു വർഷത്തെ കോളേജഭ്യാസവും നടത്തി ഒടുവിൽ സിവിൽ എഞ്ചിനിയറിംഗ് ഡിപ്ലോമ സമ്പാദിച്ചുകൊണ്ട് ഒരു ജോലിക്കുള്ള തപ്പൽ തുടങ്ങി. സ്വന്തം നാട്ടിൽ ഒരു ജോലി ലഭ്യമാകുന്നതിനുള്ള സാദ്ധ്യത വിരളമായതുകൊണ്ട് 1967 ജനുവരി മാസം പതിനൊന്നാം തീയതി മദ്രാസിൽനിന്ന് 'റജ്ജൂല' എന്ന കപ്പലിൽ കയറി അന്തമില്ലാത്ത കടലിലൂടെ പതിനൊന്നുദിവസം യാത്ര ചെയ്തു മലേഷ്യയിലെ പെനാംഗ് എന്ന തുറമുഖത്തിറങ്ങി. അവിടെനിന്ന് ട്രെയിൻവഴി സിങ്കപ്പൂരിലെത്തി. അവിടെ ജോലി ചെയ്തുകൊണ്ടിരുന്ന അപ്പന്റെ കൂടെ കുറെ ദിവസങ്ങൾ താമസിച്ചിട്ട് വീണ്ടും നാലുദിവസത്തെ കപ്പൽ യാത്രചെയ്ത് മലേഷ്യൻ സംസ്ഥാനമായ സറാവാക്കിലെ ലബുവാൻ എന്ന പട്ടണത്തിലും അവിടെനിന്ന് വീണ്ടും പന്ത്രണ്ട് മണിക്കൂർ ഒരു ബോട്ടിൽ യാത്ര ചെയ്ത് ബ്രൂണൈ എന്ന രാജ്യത്തുമെത്തി.

അക്കാലത്ത് സുൽത്താൻ ഒമർ ആലി സയഫുദിൻ ആയിരുന്നു ബ്രൂണൈയിലെ ഭരണാധിപൻ. പിൽക്കാലത്ത് അദ്ദേഹം സ്വയം ഭരണമുപേക്ഷിച്ച് പുത്രൻ ഹസനാൽ ബോൾക്കിയായെ സുൽത്താനായി വാഴിച്ചു. അന്ന് ബ്രിട്ടീഷ് നിയന്ത്രണത്തിലായിരുന്ന ബ്രൂണൈയിൽ ഗവൺമെൻറ് സർവ്വീസിൽ ടെക്നിക്കൽ അസിസ്റ്റൻറായി ജോലിചെയ്തുകൊണ്ടിരുന്ന സമയത്ത്, 1971 ൽ അവധിക്ക് നാട്ടിൽ പോയിരുന്നു. വിദ്യാഭ്യാസകാലത്തെ പ്രണയിനി, വിവാഹത്തിന് എന്നെ കാത്തിരിക്കാമെന്ന് സത്യം ചെയ്തിരുന്നവൾ. മറ്റൊരാളിന്റെ പ്രിയതമയായത് നാട്ടിൽ വന്നപ്പോഴാണ് അറിഞ്ഞത്.

ദുഃഖത്തിന്റെ അഗാധതയിലേക്ക് തള്ളിയിട്ട, സാഫല്യമാകാതെപോയ പ്രണയത്തിന്റെ നിരാശയിൽ മദ്യപാനവും ധൂമപാനവും നടത്തി മധുരനൊമ്പര ഗാനങ്ങൾ പാടി അലഞ്ഞുനടന്ന നാളിൽ ഒരു പള്ളിപ്പെരുന്നാളിലാണ് കറുത്തപൊട്ടുള്ള വെള്ളസാരിയണിഞ്ഞ് ചുവന്ന ചുണ്ടിൽ സദാ സ്ഫുരിക്കുന്ന പുഞ്ചിരിയുമായി ചന്ദനനിറമുള്ള വദനവും, ചുരുണ്ട മുടിയുമുള്ള സുന്ദരിയെ ഞാൻ കണ്ടുമുട്ടിയത്.

ആ നിമിഷം സ്ഥായിയായിരുന്ന എൻറെ ദുഃഖം മാറി. ഞാൻ തീരുമാനിച്ചു ഇവളായിരിക്കും എൻറെ ജീവിതസഖിയെന്ന്. ജർമ്മനിയിൽ നേഴ്സിംഗ് പഠിച്ചു ജോലിചെയ്തുകൊണ്ടിരുന്ന ആ സുന്ദരിയും ലീവിന് നാട്ടിൽ വന്നവളായിരുന്നു. പിന്നെയെല്ലാം വളരെ പെട്ടെന്നായിരുന്നു. അവളുടെയും എൻറെയും കുടുംബ പ്രധാനികൾ കണ്ടുമുട്ടുന്നു. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ആലോചന, പെണ്ണുകാണൽ, നിശ്ചയം, വിവാഹം! വിവാഹാനന്തരം മിന്നൽപോലെ മറഞ്ഞുപോയ 21 ദിവസത്തെ മധുവിധുനാളുകൾ തിമിർത്താടി ഞാൻ ബ്രൂണൈയിലേക്കും എന്റെ പ്രിയതമ ജർമ്മനിയിലേക്കും യാത്രയായി.

എത്രയും വേഗം പ്രാണപ്രേയസിയുടെ അരികിലെത്തുകയായിരുന്നു അടുത്ത ലക്ഷ്യം. ഇതിനകം എന്റെ പ്രിയതമ ഗർഭിണിയായിരുന്നു. ഞങ്ങളുടെ ദാമ്പത്യജീവിതത്തിലെ പ്രഥമസന്താനം ഒരു പെൺകുഞ്ഞ് ഭൂജാതയായി. ആ കുഞ്ഞിനെയും പോറ്റി ജോലിയുമായി കഷ്ടപ്പെടുന്ന ഭാര്യയെ ഓർത്ത് ബ്രൂണൈയിലെ നല്ല ജോലി ഉപേക്ഷിച്ച് ഒത്തിരി സ്വപ്നങ്ങളും പേറി ഗോഥെയുടേയും ഗ്രാസന്റേയും നാടായ ശാർമ്മണ്യ ദേശത്തെ മെറ്റ്മാൻ എന്ന സ്ഥലത്തെത്തി.

ബ്രൂണൈയിലെ സുൽത്താൻ, വിൻസ്റ്റൺ ചർച്ചിലിന്റെ ഒരു ആരാധകനായിരുന്നു. അദ്ദേഹത്തോടുള്ള ബഹുമാനസൂചകമായിട്ടാണ് മനോഹരമായ ഒരു ചർച്ചിൽ മ്യൂസിയം ബ്രൂണൈയുടെ തലസ്ഥാനമായ Bandar Seri Bagavan എന്ന സ്ഥലത്ത് സുൽത്താൻ നിർമ്മിച്ചത്. ആ മ്യൂസിയത്തിൽ ഹിറ്റ്ലർ ചെയ്യുന്ന ഒരു പ്രസംഗം റിക്കാർഡ് ചെയ്തുവെച്ചിട്ടുണ്ട്. ആ പ്രസംഗത്തിലൂടെയാണ് ഞാനാദ്യം ജർമ്മൻ ഭാഷ ശ്രവിച്ചത്. ഇത്രയും കാഠിന്യമേറിയ ഉച്ചാരണമുള്ള ഈ ഭാഷ എങ്ങനെ വശത്താക്കും എന്ന ഒരു ആധി എന്നെ ഗ്രസിച്ചിരുന്നു. മലയാളം അറിയുന്നവന് ലോകത്തിലെ ഏതൊരു ഭാഷയും പഠിക്കാനാവുമെന്ന ആത്മവിശ്വാസവും ഉണ്ടായിരുന്നു. ഏത് രാജ്യത്തുവന്നാലും അവിടത്തെ ഭാഷ സ്വായത്തമാക്കുന്നത് പ്രാണവായുപോലെ അത്യന്താപേക്ഷിതമാണ്. ഭാഷ അറിയാതെ ജർമ്മനിയിൽ ജീവിക്കുവാനും ജീവിതത്തെ പൂർണ്ണമായി പങ്കുകൊള്ളാനും കഴിയില്ല. അതിനാലാണ് വന്നുകഴിഞ്ഞ് മൂന്നുമാസത്തിനുള്ളിൽ തന്നെ ജർമ്മൻ ഭാഷാപഠനത്തിനായി ഞാൻ ഡ്യൂസൽ ഡോർഫിലുള്ള ബെനഡിക്റ്റ് ഭാഷാസ്ക്കൂളിൽ ചേർന്നത്.

ഞാൻ മാത്രമായിരുന്നു ഇന്ത്യാക്കാരനായി ആ ക്ലാസിൽ അന്നുണ്ടായിരുന്നത്. മറ്റുള്ളവരൊക്കെ കുടിയേറി പാർക്കാനെത്തിയ, ഭാഷവശമില്ലാത്ത, ജർമ്മൻ വംശജർ. പോളണ്ടിൽനിന്നും റഷ്യയിലെ കാസാസ്ഥാനിൽനിന്നും റുമേനിയയിൽനിന്നുമൊക്കെ വന്നവരാണ്. അവർക്ക് ഫീസുകൊടുക്കാതെ ജർമ്മൻ പഠിക്കാം. ഗവൺമെൻറ് അവരുടെ പഠനത്തിനുവേണ്ടിയും ജോലി ലഭ്യമായി സ്വയം കാര്യങ്ങൾ നടത്താനാവുന്നതുവരെയും മാന്യമായി ജീവിക്കാനുള്ള പണവും പാർപ്പിടവും നൽകി അവരെ പ്രോത്സാഹിപ്പിച്ചിരുന്നു. ജർമ്മൻകാർ ക്ഷണിക്കാതെ, വലിഞ്ഞുകയറിവന്ന ഇന്ത്യക്കാരൻ സ്വയം പണം കൊടുത്തു പഠിക്കേണ്ടിവന്നു.

ഇന്ന് വിദേശികൾ ജർമ്മൻ സംസ്ക്കാരവുമായി സമന്വയം ചെയ്യുന്നില്ല എന്ന് പ്രസംഗിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ വക്താക്കൾ മറന്നുപോയ ഒരു കാര്യമുണ്ട്.





ആദ്യകാല വിദേശികൾക്ക് ജർമ്മൻഭാഷ പഠിക്കാനുള്ള സൗകര്യം നൽകി അവരെ പ്രോത്സാഹിപ്പിച്ചിരുന്നെങ്കിൽ വിദേശികൾ ഉദ്ഗ്രഥനം ചെയ്യുന്നില്ല എന്ന ഇവരുടെ ആർപ്പുവിളിയുടെ ആവശ്യം വേണ്ടിവരുമായിരുന്നില്ല. വിദേശത്തുനിന്ന് വിളിച്ചും വിളിക്കാതെയും വന്നുകയറിയവർക്ക് ഇവിടെ താമസിക്കുവാനും ജോലിചെയ്യുവാനും അനുവാദം കൊടുത്തപ്പോൾ ജർമ്മൻ ഭാഷാപഠനമെങ്കിലും സാധ്യമാക്കേണ്ടതിനു വേണ്ട ധനസഹായം നൽകേണ്ടിയിരുന്നത് ജർമ്മൻ ഗവൺമെൻറിന്റെ ബാദ്ധ്യസ്ഥതയായിരുന്നു എന്നാണെന്റെ അഭിപ്രായം.

എന്റെ ജർമ്മൻ ഭാഷാപഠനാനന്തരം ജർമ്മൻ പത്രങ്ങൾ വായിച്ചും ജർമ്മൻ ടി.വി. പ്രോഗ്രാമുകൾ കണ്ടും പ്രിയ ഭാര്യയുടെ സഹായം കൊണ്ടും ഭാഷ പരിപോഷിപ്പിക്കുവാൻ ഞാൻ കഠിനപ്രയത്നം ചെയ്തു. ഏറ്റവും വില കുറഞ്ഞതും പേജുകൾ അധികമില്ലാത്തതുമായ 'ബിൽഡ്' എന്ന ദിനപത്രം ആയിരുന്നു ഞാൻ പ്രഭാത സവാരിക്കുപോകുമ്പോൾ വാങ്ങുക. ആറേഴു മാസത്തിനുള്ളിൽ ഒരുവിധം ഭാഷാപ്രാവീണ്യം നേടിയ ശേഷമാണ് ജോലിക്കുവേണ്ടിയുള്ള എൻറെ അന്വേഷണത്തിനാരംഭമിട്ടത്.

താമസിച്ചിരുന്ന വീടിനടുത്തുള്ള 'ഇൻറഗ്രൽ' എന്ന ഒരു ആർക്കിടെക്റ്റൻ കമ്പനിയിൽ എന്റെ വിദ്യാഭ്യാസ യോഗ്യതയും മുൻ പരിചയവും കണക്കിലെടുത്ത് അവരെന്നെ 'ഡ്രാഫ്റ്റ്സ്മാൻ' ആയി ജോലിക്കെടുത്തു. ജോലിചെയ്യാൻ തൊഴിൽ കൈമാറ്റം ചെയ്യുന്ന ഓഫീസിൽ നിന്ന് അനുവാദം കിട്ടുമെന്നുള്ള പ്രതീക്ഷയോടെ ആയിരുന്നു അവരെന്നെ ജോലിക്ക് നിയമിച്ചത്. ആവശ്യത്തിനുള്ള ഫോർമുലകളൊക്കെ പൂരിപ്പിച്ചു. അപേക്ഷ കൊടുത്തു മൂന്നുമാസംവരെ ആയിട്ടും മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് കൈമാറ്റം ചെയ്യുന്ന ഓഫീസുമായി നേരിട്ട് ബന്ധപ്പെട്ടപ്പോഴാണ് ജർമ്മൻ ഔദ്യോഗികതലത്തിലെ കയ്പ്പേറിയ അനുഭവങ്ങളുടെ ഒരു ഘോഷയാത്രയ്ക്ക് തുടക്കമിട്ടത്. മാനുഷിക മൂല്യങ്ങൾക്ക് ഒരുവിധ പരിഗണനയുമില്ലാതെ നിയമത്തിന്റെ കാർക്കശ്യത്തിൽ തൂങ്ങി നിർദ്ദയമായി 'ഡ്രാഫ്റ്റ്സ്മാൻ' ആയി ജോലി ചെയ്യാനുള്ള എന്റെ അപേക്ഷ നിഷ്ക്കരുണം കൈമാറ്റം ചെയ്യുന്ന ഓഫീസ് നിരസിക്കുകയായിരുന്നു. ഞാൻ താമസിച്ചിരുന്ന മെറ്റമാൻ മേഖലയിൽ മൂന്ന് തതുല്യ യോഗ്യതയുള്ളവർ ജോലിയില്ലാതെ നിൽക്കുന്നുണ്ടെന്നതിനാൽ അവർക്കാണ് ആ ജോലിക്ക് ആദ്യ ചാൻസെന്ന കാരണം പറഞ്ഞാണ് അവരെന്റെ അപേക്ഷ നിരസിച്ചത്. ഇവർ ജോലി ചെയ്യാൻ താൽപ്പര്യമില്ലാത്തവരാണെന്നും വളരെ നാളുകളായി ഇവർ ജോലി രഹിതരാണെന്നും ഒക്കെ അറിയാമായിരുന്നിട്ടും അവരെന്റെ അപേക്ഷ നിരസിച്ചു. ഞാൻ ജോലി ചെയ്തുകൊണ്ടിരുന്ന സ്ഥാപനത്തിന് എൻറെ സേവനം അത്യന്താപേക്ഷിതമാണെന്നും ബ്രൂണൈയിലെ എൻറെ പരിചയം അവർക്കൊരു മുതൽക്കൂട്ടാണെന്നും ഒക്കെ പറഞ്ഞ് അവർ എഴുതിയെങ്കിലും കൈമാറ്റം ചെയ്യുന്ന ഓഫീസുകാർ എനിക്ക് ജോലി ചെയ്യുവാനുള്ള അനുവാദം നിരസിക്കുകയുണ്ടായി. ഇത്തവണ കാരണം പറഞ്ഞത് ഞാൻ കുടുംബ പുനർസംഗമ വീസയിൽ വന്നവനാണെന്നും അതിനാൽ നിയമപരമായി ജോലി ചെയ്യാനുള്ള അനുവാദമില്ലെന്നും, വിസായുടെ അവസ്ഥ (status) മാറ്റിക്കിട്ടിയിട്ടുമതി ഇനി ജോലിക്ക് ശ്രമിക്കുന്നതെന്നൊരു ഉപദേശവും നൽകി.

വിദേശ ഓഫീസും തൊഴിൽ കൈമാറ്റം ഓഫീസും എന്നെ ഫുഡ്ബോൾപോലെ അങ്ങോട്ടുമിങ്ങോട്ടും ഇട്ട് തട്ടി! വിദേശ ഓഫീസ് സമ്മതിച്ചാൽ ജോലിക്കനുവാദം തരാമെന്ന് തൊഴിൽ കൈമാറ്റം ഓഫീസും. വിദേശ ഓഫീസ് കാർ ജോലി തരാമെന്ന് പറയുന്നത് കേട്ട് ഞാൻ വഴിയറിയാതെ വിഷമിച്ചു. രണ്ട് ഓഫീസുകളുടെ ഒരു ഒത്തുകളിയായിരുന്നു എന്നാണ് എനിക്ക് പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞത്. ജീവിതം മടുത്ത ഒരു വിഷമസന്ധിയായിരുന്നു അന്ന്! എന്റെ വിഷമസ്ഥിതി കണ്ട് മനം നോവുന്ന ഭാര്യ, ഭാര്യയേയും കുഞ്ഞിനേയും ഇവിടെ തനിച്ചാക്കി പോവാൻ കഴിയാത്ത എന്റെ നിസ്സഹായാവസ്ഥ!

ജോലിചെയ്ത് കുടുംബം പുലർത്തേണ്ട ഭർത്താവ് വീട്ടിലിരുന്ന് വീട്ടുജോലി നിർവ്വഹിക്കുകയും ഭാര്യയുടെ അദ്ധ്വാനഫലം കൊണ്ട് ജീവിക്കേണ്ടിവരികയും ചെയ്യുന്ന അശരണനായ ഒരു ഭർത്താവിന്റെ മനോവ്യഥ വിവരണാതീതമാണ്. ജർമ്മൻ അധികാരികളുടെ മനസ്സ് കാഠിന്യമേറിയതാണെന്നും മാനുഷിക മൂല്യങ്ങളും കുടുംബത്തിന്റെ ഭദ്രതയുമൊക്കെ ക്രിസ്തുവിന്റെ അനുയായികളായ ഇവർക്ക് തൃണമാണെന്നും മനസ്സിലാക്കിയപ്പോൾ ജർമ്മനിയിലേക്ക് വന്നതിൽ ഞാൻ ദുഃഖിച്ചു. ജീവിതത്തിലെ ഒരു വലിയ പാകപിഴ ചെയ്തു എന്ന തോന്നൽ എന്നെ പിന്തുടർന്നു!

ആരോഗ്യവകുപ്പിൽ ജോലിക്ക് ശ്രമിച്ചാൽ അധികാരികളുടെ അനുവാദം കിട്ടാനെളുപ്പമായിരിക്കുമെന്നാരോ പറഞ്ഞതനുസരിച്ച് മെയിൽ നേഴ്സായി പഠിക്കുവാനുള്ള സ്ക്കൂളിന്റെ അനുവാദവുമായി ഞാൻ വീണ്ടും തൊഴിൽ കൈമാറ്റം ഓഫീസും കയറിയിറങ്ങി. അതിന് അന്നത്തെ മെറ്റമാൻ തൊഴിൽ കൈമാറ്റം ഓഫീസും അധികാരി, കാലിനു സ്വാധീനമില്ലാത്ത കാരുണ്യത്തിന്റെ മയമില്ലാത്ത മുഖവുമായിട്ടുള്ള, പ്രായമേറിയ ആ മനുഷ്യൻ അനുവാദം നിരസിച്ചു കാളവണ്ടികളുടെയും ചേരികളുടെയും ഇന്ത്യയിൽ നിന്നുവന്ന കറുത്ത വർഗ്ഗക്കാരനായ എന്നെ എന്തോ യാഥാസ്ഥിതികത്തിൽ മുങ്ങിയ അയാൾക്ക് അപകർഷതയോടെയെ കാണാൻ കഴിഞ്ഞുള്ളു! അയാൾ പെൻഷനായി കഴിഞ്ഞതിനുശേഷമാണ് എനിക്ക് ജോലിക്കുള്ള അനുവാദം കിട്ടിയത് എന്നത് പ്രസക്തമാണ്. നിരാശയുടെ കയത്തിലും വിരസതയുമായി കഴിഞ്ഞിരുന്ന ഈ കാലത്തെ ഒരേയൊരു ആശ്വാസവും മനസ്സിന് സന്തോഷം പകർന്നിരുന്നതും തുടർച്ചയായി ലഭിച്ചിരുന്ന 'എൻറെ ലോകം' മാസികയാണ്. മലയാളം വായിക്കുവാനോ നാട്ടിലെ വിശേഷങ്ങളറിയുവാനോ ഉള്ള സാദ്ധ്യത അന്ന് വിരളമായിരുന്നു. നാട്ടിൽ പോയിവരുന്ന സുഹൃത്തുക്കൾ കൊണ്ടുവരുന്ന പഴയ പത്രങ്ങളും മാസികകളും കഴിഞ്ഞാൽ 'എന്റെ ലോക'മായിരുന്നു മലയാള വായന. ആകാംക്ഷയോടെ അക്കാലത്ത് 'എന്റെ ലോക'ത്തിനായി കാത്തിരുന്ന മലയാളികളിൽ ഞാനുമുണ്ടായിരുന്നു.

ദുർഘടങ്ങളും കടമ്പകളുമായി മനസ്സെപ്പോഴും നീറിപ്പുകയുന്ന സമയമായിരുന്നു അന്ന്. അപ്പോഴാണ് ചുറ്റും നടക്കുന്നവ വീക്ഷിക്കാനാരംഭിച്ചതും സ്വന്തം അനുഭവങ്ങൾ സാക്ഷ്യമായതും, എങ്കിൽ എന്തുകൊണ്ടിവ കടലാസിൽ പകർത്തിക്കൂടാ എന്ന ആശയം തോന്നിയതും, അങ്ങനെ എഴുതി തുടങ്ങിയതും. എഴുതിയത് 'എന്റെ ലോക'ത്തിനയച്ചുകൊടുത്തു. അവർ അത് പ്രസിദ്ധീകരിച്ചു. പ്രസിദ്ധീകരിച്ചു കണ്ടപ്പോൾ എഴുതുവാൻ ഉത്സാഹമായി. 'എന്റെ ലോകം' പത്രാധിപസമിതിയുടെ പ്രോത്സാഹനവും കഥകൾ വായിച്ച സുഹൃത്തുക്കളുടെ പ്രോത്സാഹനവും എന്നെ വീണ്ടും കഥകൾ എഴുതുവാൻ പ്രേരിപ്പിച്ചു. ഒരു പ്രവാസിയുടെ കഥാരചനയ്ക്ക് പരിമിതിയുണ്ട്. അവന്റെ ഭാഷയും സാഹിത്യവുമായുള്ള ബന്ധവും പരിമിതമാണ്. അത് എഴുത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. എങ്കിലും എന്റെ കഥകൾ വായിക്കുവാനിഷ്ടപ്പെടുന്ന ഒരു ചെറിയ സമൂഹം ജർമ്മനിയിലും അയൽരാജ്യങ്ങളിലും ഉണ്ടെന്നുള്ളത് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്റെ കഥകൾ സദയം സ്വീകരിച്ച മലയാളി സുഹൃത്തുക്കളെയും ഞാൻ നന്ദിയോടെ സ്മരിക്കും. എന്റെ ഒന്ന് രണ്ട് രചനകൾ ജർമ്മനിയിലേക്ക് വിവർത്തനം ചെയ്ത ശ്രീ ജോസ് പുന്നാംപറമ്പിലിനെ ഞാൻ നന്ദിയോടെ എന്നും ഓർക്കും. 'എന്റെ ലോകം' എന്ന മാസികയാണ് എന്നെ ഒരു കഥാകൃത്താക്കിയതെന്ന് അഭിമാനത്തോടെ ഞാൻ സ്മരിക്കുന്നു.



ദിവസങ്ങളും ആഴ്ചകളും മാസങ്ങളും പറന്ന് വർഷങ്ങളായി രൂപാന്തരപ്പെട്ടു. ശാർമ്മണ്യദേശത്തെ കാലഭേദങ്ങൾ കൃത്യസമയങ്ങളിൽ നടന്നു. മരങ്ങൾ കിളിർത്തു. വസന്തം വിടപറഞ്ഞപ്പോൾ മരങ്ങൾ, ഇലകൾ, കൊഴിച്ച് ശിഖരങ്ങൾ ആകാശത്തേക്ക് നോക്കി സൂര്യന്റെ വരവിനായി നെടുവീർപ്പിട്ടുനിന്നു. സൂര്യന് പകരം മഴയും മഞ്ഞും ശീതക്കാറ്റും ശിഖിരങ്ങളെ അവരുടെ ഇഷ്ടത്തിന് വിപരീതമായി അങ്ങോട്ടുമിങ്ങോട്ടും കുലുക്കി തണുപ്പിച്ചുവിറപ്പിച്ചു! മഞ്ഞുകണങ്ങൾ തൂകി ദേശം മുഴുവനും തൂവെള്ള പട്ടുപുതപ്പിച്ചു. എല്ലാ പ്രയാസങ്ങളും തരണം ചെയ്ത് മരങ്ങൾ പ്രതീക്ഷയോടെ വസന്തത്തിന്റെ വരവ് കാത്തുനിന്നു.

എന്റെ ജീവിതത്തിലും വസന്തമുണ്ടാകുമെന്ന പ്രതീക്ഷയോടെ ഞാനും ജീവിതം തുടർന്നു. മെറ്റ്മാനിലുള്ള ഏതെങ്കിലും കമ്പനിയിൽ ഒരു സാദാജോലിക്കാരനായി നിയമനം ലഭിച്ചാൽ ജോലിക്കുള്ള അനുവാദം എളുപ്പമായിരിക്കുമെന്നുമുള്ള ഒരു സുഹൃത്തിന്റെ ഉപദേശം. ഭാര്യയുടെ ഒരു സഹപ്രവർത്തകയുടെ ഭർത്താവിന്റെ നിർദ്ദേശപ്രകാരം ജോർജ്ജ് ഫിഷർ എന്ന കമ്പനിയിൽ ഒരു തൊഴിലാളിയായി നിയമനം ലഭിക്കുകയും, അത് ചെയ്യാനുള്ള അനുവാദം തൊഴിൽ കൈമാറ്റം ഓഫീസും തരികയും ചെയ്തു. വീട്ടിലിരുന്ന മുരടിച്ചുമടുത്ത എനിക്ക് എന്ത് ജോലിയും സ്വാഗതാർഹമായിരുന്നു.

ഒരു ഫാക്ടറിയുടെ ഉൾവശം ഒരിക്കൽപോലും കണ്ടിട്ടില്ലാത്ത എനിക്ക് ആദ്യദിവസം ദുരൂഹവും നിഗൂഡവുമായ ഒരു പുതുലോകത്തേക്ക് കാലെടുത്തുവെച്ച പ്രതീതിയായിരുന്നു. ഫാക്ടറികളിൽ പൊടിപടലങ്ങളാൽ അന്തരീക്ഷം മലീമസമായിരുന്നു. കാതടപ്പിക്കുന്ന യന്ത്രങ്ങളുടെ ശബ്ദവും തലങ്ങനെയും വിലങ്ങനെയും ഒച്ചവെച്ചോടുന്ന 'ഫോർക്ക് ലിഫ്റ്റ്' നിറഞ്ഞുനിൽക്കുന്ന പൊടിപടലങ്ങളിലൂടെ ഊളിയെത്തുന്ന മഞ്ഞ പ്രകാശത്തിൽ നീല യൂണിഫോമിട്ട് ജോലിയെടുക്കുന്ന മനുഷ്യരും!

ഫാക്ടറിക്കുള്ളിലെ ലോകം എന്നെ വല്ലാതെ ആശ്ചര്യപ്പെടുത്തി. തുർക്കി, പോർച്ചുഗൽ, യൂഗോസ്ലാവിയ, മൊറോക്കോ, ടൂണിഷ്യ എന്നീ രാജ്യങ്ങളിൽനിനിന്നും വന്നവരായിരുന്നു ഈ ഫാക്ടറികളിലെ മിക്ക കഠിനപ്രയ്നങ്ങളും ചെയ്തിരുന്നവർ. സ്വദേശികൾ താരതമ്യേന പ്രയത്നരഹിതമായ ജോലികളിലാണ് ഏർപ്പെട്ടിരുന്നത്. ഇവിടെ ജോലി ചെയ്യുന്ന ജർമ്മൻകാർ ഒരു പ്രത്യേക തരത്തിൽ വാക്കുകളാൽ അഭ്യാസം കാട്ടിയാണ് വിദേശിയരോട് ജർമ്മൻ സംസാരിച്ചിരുന്നത്. ഇങ്ങനെ സംസാരിച്ചാലെ വിദേശികൾക്ക് മനസ്സിലാവൂ എന്നിവർ ധരിച്ചുവച്ചിരിക്കുന്നു. ശരിയാണ്, കുറെ വിദേശികൾക്ക് ഭാഷയുടെ പോരായ്മ ഉണ്ടായിരുന്നു. പക്ഷേ, എല്ലാ വിദേശികളോടും ഇവർ ഈ രീതിയിൽ സംസാരിക്കുന്നത് ആവശ്യമായിരുന്നോ എന്നത് ചോദ്യമായിട്ടവശേഷിക്കുന്നു.

വൃത്തിരഹിതമായ അന്തരീക്ഷത്തിൽ കഠിനമായി ജോലിചെയ്തായിരുന്നു ജർമ്മനിയിലെ ജീവിത ചെലവിനുള്ള പണം സമ്പാദിച്ചു തുടങ്ങിയത്. ശാരീരികമായും മാനസികമായും തളർന്ന സമയമായിരുന്നു അത്. പലതവണ ഈ ജോലി ഉപേക്ഷിച്ച് തിരികെ പോയാലോ എന്നാലോചിച്ചിരുന്നു. എങ്കിലും കുടുംബത്തിന്റെ നിലനിൽപ്പിനു ത്യാഗം സഹിച്ചേ കഴിയൂ എന്ന് മനസ്സിലാക്കി തുടർന്നു. എന്നെ ഏറ്റവും വേദനിപ്പിച്ചിരുന്നത് കമ്പനിയിലെ പ്രാരംഭ ജോലിക്കാരിൽ നിന്നും ഫോർമാനിന്നുമുള്ള അവഗണന ആയിരുന്നു. പശുക്കളെ പൂജിക്കുന്നവരുടേയും ചേരികളുടേയും നാടായ ഇന്ത്യയിൽനിന്നുവന്ന ഇവന് എന്തറിയാം! ഏറ്റവും മോശമായ ജോലിക്കേ ഇവൻ തരമാകൂ എന്ന അവരുടെ തോന്നൽ! ജർമ്മൻ ഭാഷ വിക്കിവിക്കി പറഞ്ഞു കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുന്ന ഭോഷന്മരായ പ്രാരംഭ ജോലിക്കാരും ഫോർമാന്മാരും.

ഒരു തുർക്കി സുഹൃത്താണ് എന്റെ നിസ്സഹായാവസ്ഥ മനസ്സിലാക്കി എന്നെ ഉപദേശിച്ചത്. അതിൻപ്രകാരം ഒരു കുപ്പി മാരികോൺ മദ്യം വാങ്ങി ഫോർമാനു സമ്മാനിച്ചതിനുശേഷമാണ് ഏറ്റവും വൃത്തിഹീനവും ശ്വാസകോശങ്ങളിൽ പൊടിപടലങ്ങൾ കയറുന്നതുമായ ജോലിയിൽനിന്ന് മുക്തി നേടിയത്. ഭാഷ ഒരുവിധം നന്നായി കൈകാര്യം ചെയ്യാനറിയുന്നവനാണെന്ന് മനസ്സിലാക്കിയിട്ടും അവഗണനയായിരുന്നു. സ്ഥിരം മദ്യസേവകരായ പ്രാരംഭ ജോലിക്കാരിൽ നിന്നും ഫോർമാന്മാരിൽ നിന്നും എനിക്കുണ്ടായത്.

ഒരു സാധാരണ തൊഴിലാളികൾ സെക്ഷൻ ചീഫുമായി സംസാരിക്കുന്നത് അവിടെ നിഷിദ്ധമായിരുന്നു. കുറച്ചുകൂടി ഭേദമായ ഒരു ജോലിക്കുവേണ്ടി പലതവണ ഫോർമാനോട് സംസാരിച്ചിട്ടും ഫലം കാണാനാവാതെ ഒടുവിൽ എല്ലാ ധൈര്യവും സംഭരിച്ച് എന്റെ വിദ്യാഭ്യാസ യോഗ്യതകളെക്കുറിച്ച് സെക്ഷൻ ചീഫിനെ ധരിപ്പിക്കുകയും കുറച്ചുകൂടി നല്ല ഒരു ജോലി തരണമെന്ന് അപേക്ഷിക്കുകയും ചെയ്തു. എന്റെ ജർമ്മൻഭാഷാ നൈപുണ്യവും വിദ്യാഭ്യാസയോഗ്യതയും കണക്കിലെടുത്ത് ആറുമാസത്തിനുള്ളിൽ ശാരീരികാദ്ധ്വാനം കുറഞ്ഞതും ജോലിയിൽ തൽപ്പരത തോന്നുന്നതുമായ ഒരു പുതിയ സ്ഥലത്തേക്ക് മാറ്റം കിട്ടി. ഇവിടം മറ്റൊരു ലോകമാണ് ഇവിടത്തെ ജോലിക്കാരിൽ ഭൂരിഭാഗവും ജർമ്മൻകാരാണ്. വളരെകുറച്ച് വിദേശികളെ ഇവിടെ ജോലി ചെയ്യുന്നുള്ളു. ഇവിടെയും അവഗണനപ്രകടമായിരുന്നു. ഇന്ത്യയിൽ നിന്നാണെന്ന് അറിഞ്ഞാലുള്ള അവരുടെ ആദ്യത്തെ ചോദ്യം 'വിശുദ്ധ കന്നുകാലി'നെ കുറിച്ചാണ്. ഇത്രയും പട്ടിണിയുള്ള രാ





ജ്യത്ത് എന്തുകൊണ്ട് പശുക്കളെ കൊന്ന് ഭക്ഷിച്ചുകൂടാ എന്ന അഭിപ്രായപ്രകടനവും! പിന്നെ ഇന്ത്യക്കാർ പെണ്ണുങ്ങൾ നെറ്റിയിൽ പൊട്ടുതൊടുന്നതിന്റെ അർത്ഥം വിവരിച്ച് കൊടുക്കണം. പിന്നെയും ചോദ്യങ്ങൾ എന്തുകൊണ്ടാണ്. ഇന്ത്യയിൽ ഇത്രയേറെ ചേരികളും കാളവണ്ടികളും വൃത്തികേടും!

എല്ലാവിധ അവഗണനകളെയും തൃണവൽക്കരിച്ച് വർഷങ്ങൾ അവിടെ ജോലിചെയ്തു. സംശയത്തോടും ദുരൂഹതയോടും നോക്കിയിരുന്നവരൊക്കെ പിന്നെ സായാഹ്നബീയർ മേശയിലെ കൂട്ടുകക്ഷികളായി. ഇന്ത്യക്കാർ നല്ല മനസ്സിലുള്ളവരാണെന്നും ഇന്ത്യ അവർ ധരിച്ചിരുന്നതുപോലെ അത്ര മോശം രാജ്യമല്ലെന്നും ഇന്ത്യക്കാർക്കും അവരോടൊപ്പം നിൽക്കാനുള്ള കഴിവുണ്ടെന്നും ക്രമേണ അവർ മനസ്സിലാക്കി. ഇന്ന് ഇന്ത്യയുടെ വിദ്യാഭ്യാസയോഗ്യത ലോകം മുഴുവൻ അഗീകരിച്ചിരിക്കുന്നു. ഒന്നാംകിട രാജ്യക്കാർ ഇന്ത്യയിലെ യുവപ്രതിഭകളെ ലഭിക്കാനായി മത്സരിക്കുന്നു. ജർമ്മനിയിൽ ഇന്ത്യയെക്കുറിച്ചുള്ള അബദ്ധമായ ധാരണകൾ മാറിയിരിക്കുന്നു. പണ്ട് ദൃശ്യമാധ്യമങ്ങളിൽനിറഞ്ഞുനിന്നിരുന്ന ഇന്ത്യ പാവപ്പെട്ടവരുടെയും ചേരികളുടെയും ആരാധിക്കപ്പെടുന്ന പശുക്കളുടെയും കാളവണ്ടികളുടെയും ലോകമായിരുന്നു. ഇന്ന് പുരോഗതിയിലേക്ക് കുതിച്ചുപായുന്ന ഇന്ത്യയുടെ വ്യാവസായിക രംഗവും കമ്പ്യൂട്ടർ യുഗവുമൊക്കെയാണ് ദൃശ്യമാദ്ധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്.

ജർമ്മനിയിൽ നിന്നുമെന്താണ് ഉൾക്കൊള്ളാനുള്ളത്. പ്രഥമവും പ്രധാനവും അവരുടെ സ്ഥിരോത്സാഹം തന്നെ. ജോലിയോടുള്ള ആത്മാർത്ഥമായ പ്രതിബദ്ധത. സമയം കൃത്യമായി പാലിക്കുന്നതിലുള്ള കർത്തവ്യബോധം. സ്വന്തം രാജ്യത്തോടുള്ള അമിതമായ കൂറ്. ഒരു മണിക്കൂർ സൂചനാപണിമുടക്ക് നടന്നാൽ രാജ്യത്തിന് അതുമൂലമുണ്ടായ ഭീമമായ നഷ്ടത്തെക്കുറിച്ച് പിറ്റേദിവസത്തെ വാർത്തയായി വരുന്ന അത്ഭുത പ്രതിഭാസം സമരങ്ങൾ കഴിയുന്നതും ഒഴിവാക്കി വ്യവസായികളുടെയും രാജ്യസ്നേഹികളുടെയും ഉത്തരവാദിത്വമുള്ള തൊഴിലാളിസംഘടനകളുടെയും രാഷ്ട്രീയക്കാരുടെയും സഹകരണത്തോടെയാണ് ഓരോ വർഷവും വേതനനിരക്ക് വർദ്ധിപ്പിക്കുന്നത്. രാജ്യസ്നേഹമുള്ള ജനസേവകരായ രാഷ്ട്രീയ പാർട്ടികളും അവരുടെ ജനപ്രതിനിധികളും ലോകത്തിന് മുഴുവൻ മാതൃകയാണ്. ലോകത്തിലേക്ക് വെച്ച് ഏറ്റവും നല്ല ഹൈവേകൾ, ഏറ്റവും നല്ല പാലങ്ങൾ, ഏറ്റവും നല്ല ട്രാഫിക്ക് നിയമങ്ങൾ, അത് കർശനമായും പാലിക്കുന്ന ഇവിടത്തെ ജനത.



ഗോഥേയും, ഷില്ലറും, ഗ്രാസും, ഹെർമ്മൻ ഹെസ്സെയും അങ്ങനെ എത്ര എത്ര നല്ല എഴുത്തുകാർക്ക് ജന്മം നൽകിയ അനുഗൃഹീത രാജ്യമാണ് ജർമ്മനി. പൈതൃകമായും പൗരാണികമായും പരമ്പരാഗതമായും ലഭ്യമായ ചേതോഹരമായ കൊട്ടാരങ്ങളും വീടുകളും അതിന് തനിമ ചോർന്നുപോകാതെ സൂക്ഷിക്കുന്നതിലുള്ള ഈ രാജ്യക്കാരുടെ വ്യഗ്രത ഹിറ്റ്ലറിന്റെ കിരാതഭരണത്തിൽ സർവ്വവും നഷ്ടപ്പെട്ടിട്ടും ചുരുങ്ങിയ കാലം കൊണ്ട് സകലതും പൂർവ്വാധികം ഭംഗിയോടും കെട്ടുറപ്പോടും വീണ്ടും കെട്ടിപ്പടുത്ത് ലോകത്തിലെ ഏറ്റവും മുന്തിയ സാമ്പത്തിക വളർച്ചയുള്ള രാജ്യമാക്കി മാറ്റിയ ജർമ്മൻ ജനതയെ അത്ഭുതത്തോടും ബഹുമാനത്തോടുമെ വീക്ഷിക്കാനാവൂ. എന്താണ് ഞാനിവരിൽ കാണുന്ന അപാകതകൾ? മുപ്പതു വർഷത്തിലേറെ ജർമ്മൻ ജനതയോടൊപ്പം ജീവിച്ച് എനിക്ക് ജർമ്മൻ വീക്ഷണത്തിൽ എല്ലാം ഭദ്രമായി തോന്നുമെങ്കിലും എന്നെ അലോസരപ്പെടുത്തുന്ന ചില കാര്യങ്ങളുണ്ട്. ഭൂരിപക്ഷം ജർമ്മൻകാർക്കും ജീവിതത്തിലെ പ്രധാനകാര്യം ജോലിയോടുള്ള പ്രതിബദ്ധതയാണ്. അങ്ങനെയായതുമൂലം പലപ്പോഴും കുടുംബത്തിനുവേണ്ടി സമയം കാണാനാവാതെ വരുകയും അത് കുടുംബജീവിതത്തിൽ പാളിച്ചകൾ ഉണ്ടാക്കുകയും ചെയ്യുന്ന ദുരവസ്ഥ! വർഷം മുഴുവനും കഠിനാദ്ധ്വാനം ചെയ്ത് വർഷത്തിൽ രണ്ടു തവണ സൂര്യപ്രകാശം തേടി വിദേശരാജ്യത്തെ ഏതെങ്കിലും സമുദ്രതീരങ്ങളിൽ സൂര്യനെ മതിയാവോളം അനുഭവിച്ചു മദ്യപാനവും നടത്തി ആടിപ്പാടി ഉല്ലസിക്കുന്നതിനു വേണ്ടി മാത്രമായിരിക്കുന്നു ഇവിടെ ഭൂരിപക്ഷം പേരുടേയും ജീവിതം! കുടുംബം കെട്ടിപ്പടുക്കാനും സന്താന ഉൽപ്പാദനത്തിനുമുള്ള ഇവരുടെ അകാരണമായ ഭയം എനിക്ക് മനസ്സിലാക്കാനാവുന്നില്ല! കുഞ്ഞുങ്ങളേക്കാൾ മൃഗങ്ങളെ സ്നേഹിക്കുന്നതിൽ തൽപ്പരത കാണിക്കുന്ന ഇവരുടെ ചേതോവികാരം എനിക്ക് മനസ്സിലാകുന്നില്ല. ജർമ്മൻ ജനതയുടെയും രാജ്യത്തിന്റെയും നിലനിൽപ്പിന് കുഞ്ഞുങ്ങൾ അത്യന്താപേക്ഷിതമാണെന്ന കാര്യം ജർമ്മൻ ജനതയിൽ നല്ലൊരു വിഭാഗം സൗകര്യപൂർവ്വം മറന്ന് 'എനിക്കുശേഷം പ്രളയം' എന്ന മനോഭാവത്തിൽ ജീവിക്കുന്നു.

ഒരു ഈശ്വരവിശ്വാസിയായതുകൊണ്ടാവാം സ്വവർഗ്ഗരതി വൈരുദ്ധ്യങ്ങളെ നിയമാനുസൃതമായി കാണുന്ന ഇവരുടെ ഉദാരവൽക്കരിക്കപ്പെട്ട കാഴ്ചപ്പാടിനോട്

യോജിക്കാനാവുന്നില്ല. ശിഥിലമാകുന്ന വൈവാഹിക ജീവിതത്തിലൂടെ കഷ്ടതയനുഭവിക്കേണ്ടിവരുന്ന കുഞ്ഞുങ്ങളുടെ കാര്യം ഓർക്കുമ്പോൾ ധാർമ്മികമൂല്യങ്ങളെക്കാൾ വിലകൽപ്പിക്കുന്നത് ജീവിക്കുന്ന പാർപ്പിടങ്ങൾ വൃത്തിയാക്കി വയ്ക്കുന്ന ഇവരുടെ അമിത ഉത്സാഹത്തിലാണ്. തീർച്ചയായും അത് ജീവിതത്തിന്റെ നല്ലൊരുഭാഗം തന്നെയാണ്. എങ്കിലും ഇവരുടെ ഉൽസുകത എന്നെ അമ്പരിപ്പിക്കുന്നു. രോഗപ്രതിരോധത്തിനും ആരോഗ്യസംരക്ഷണത്തിനും ഇത്രയേറെ പണം ചെലവഴിക്കുന്ന മറ്റൊരു രാജ്യം ലോകത്തുണ്ടോ എന്ന് സംശയമാണ്. ആവശ്യത്തിനും അനാവശ്യത്തിനും ഗുളികകൾ വിഴുങ്ങുന്ന നല്ലൊരു ശതമാനം ജർമ്മൻ ജനതയുണ്ട്. ഇവരുടെ ഈ ഗുളികകൾ വിഴുങ്ങുന്നതിനുള്ള തൽപ്പരതയും അതുപോലെ വീട് ഒരു പൊടിപോലും പിടിക്കാതെ സൂക്ഷിക്കുകയും ചെയ്യുന്നതുകൊണ്ടാവാം ഇവരെ കളിയാക്കി 'ഗുളിക വിഴുങ്ങികൾ' എന്നും 'വൃത്തിയാക്കൽ പിശാച്' എന്നും വിളിക്കുന്നത്.

ഭൂരിപക്ഷം ജർമ്മൻകാരും വിദേശീയരെ ജർമ്മൻ ജീവിതത്തിന്റെ ഭാഗമായി അംഗീകരിച്ചുകഴിഞ്ഞെങ്കിലും ഒരു ചെറിയവിഭാഗം പ്രത്യേകിച്ചും, കിഴക്കൻ ജർമ്മനിയിലെ ചില സംസ്ഥാനങ്ങളിലെ ജനത, വിദേശീയരെ തിരസ്ക്കരിക്കുകയും ആക്രമിക്കുകയും ചെയ്യുന്ന വാർത്തകൾ ദൃശ്യമാധ്യമങ്ങളിലടെ കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്. ഇത് അവഗണിക്കപ്പെടേണ്ട ഒരു വിഭാഗം നവനാസികളുടെ ചെയ്തികളാണെന്ന് പറഞ്ഞ് രാഷ്ട്രീയക്കാർ തടിതപ്പാൻ ശ്രമിക്കുന്നുണ്ടെങ്കിലും കിഴക്കൻ ജർമ്മനിയിലെ നല്ലൊരു വിഭാഗം ജനത ഈ നവനാസികളെ പ്രോത്സാഹിപ്പിക്കുന്നുണ്ട് എന്നതൊരു സത്യമാണ്. വിദേശികളെ ആക്രമിക്കുന്ന ഇവരെ കയ്യടിച്ച് പ്രോത്സാഹിപ്പിക്കുകയും അവരെ ഈ ജോലികളിൽ നിന്നും തടയാതിരിക്കുകയും ചെയ്യുന്ന ഇവരെ ഞാൻ ഭയപ്പെടുന്നു.

ജർമ്മനിയിൽ കുടിയേറിയതിനാൽ ഞാൻ സംതൃപ്തനാണോ? ഉത്തരം ആണെന്നുമല്ലെന്നുമാവാം. തീർച്ചയായും എനിക്കിന്ന് അല്ലലുകൂടാതെ ജീവിക്കാനുള്ള ഒരവസ്ഥ സംജാതമായിരിക്കുന്നു. അത് ജർമ്മനിയിൽ വന്നതുകൊണ്ടും ഇവിടെ പ്രതിമാസവരുമാനമുള്ള ഒരുവന് ഇവിടെ കാറ് വാങ്ങാം, വീട് നിർമ്മിക്കാം. സമ്പദ്സമൃദ്ധിയിൽ ജീവിക്കാം. ഇവിടെ സാമ്പത്തികഭദ്രത കൈവന്നിരിക്കുന്നു. ജീവിത സായാഹ്നത്തിലേക്ക് സമ്പാദ്യം അധികമില്ലേങ്കിലും പെൻഷൻകൊണ്ട് ജീവിക്കാം. പെൻഷൻ ജീവിക്കാൻ അപര്യാപ്തമെങ്കിൽ ഗവൺമെൻറിന്റെ സഹായമുണ്ടാകും. ഇവിടെ എല്ലാം കൊണ്ടും മനുഷ്യൻ സുരക്ഷിതനാണ്. ജർമ്മൻ ഭാഷയും സംസ്കാരവും അതുവഴി യൂറോപ്യൻ സംസ്കാരവും സാഹിത്യവും ഒക്കെ മനസ്സിലാക്കാൻ കഴിഞ്ഞത് ജീവിതത്തിലെ നേട്ടമായി ഞാൻ കരുതുന്നു. വൃത്തിയായും കൃത്യമായും എല്ലാ കാര്യങ്ങളും നടന്നുപോകുന്ന, ശാന്തി വിളയാടുന്ന ഈ രാജ്യത്ത് കുടിയേറപ്പാർത്തതിൽ എനിക്ക് സന്തോഷമുണ്ട്.

എന്നാലും മനസ്സിന്റെ കോണിൽ പച്ചപിടിച്ച ഒരു ഗ്രാമത്തിന്റെ ചിത്രം മിന്നിത്തിളങ്ങുന്നു. ജനിച്ചുവളർന്ന വീടും വിദ്യ അഭ്യസിച്ച വിദ്യാലയവും ദിനംപ്രതി കുർബാനയ്ക്ക് പൊയ്ക്കൊണ്ടിരുന്ന പള്ളിയും ഒക്കെ ഇപ്പോഴും ഓർമ്മയിൽ തളംകെട്ടി നിൽക്കുന്നു. ജർമ്മനിയിൽ വന്നതിൻറെ പ്രഥമലക്ഷ്യം കുറെനാൾ ജോലിചെയ്ത് ധനം സമാഹരിച്ച് തിരികെ പോകാമെന്ന ആഗ്രഹത്തോടെയായിരുന്നു. പക്ഷേ, കണ്ണടച്ച് തുറക്കുന്നതിനുമുമ്പ് വർഷങ്ങൾ ഓടിയകന്നു. നാട്ടിലെ ജീവിതം സാക്ഷാൽക്കരിക്കാത്ത ഒരു സ്വപ്നമായി അവശേഷിക്കുന്നു. കഠിനപ്രയത്നം ചെയ്ത് കെട്ടിപ്പടുത്ത വീടും സമ്പാദ്യവും ഇവിടെ ജനിച്ച് ജർമ്മൻ സംസ്കാരത്തിൽ മുങ്ങിക്കുളിച്ച് വളർന്ന മക്കളെയുമിട്ട് തിരികെ പോകാനാവാതെ ഗ്രാമത്തിന്റെ പച്ചപ്പ് സ്വപ്നം കണ്ട് തൃപ്തിയടയുന്നവരായി മാറിയിരിക്കുന്നു എന്റെ പ്രായത്തിലുള്ളവർ.

എവിടെ ആയിരിക്കണം ശിഷ്ടജീവിതം? പരസഹായമില്ലാതെ ജീവിക്കാനാവുന്നിടത്തോളം കാലം സ്വന്തം വീട്ടിലാവാം ജീവിതം. ജീവിത പങ്കാളി നഷ്ടമായാൽ പിന്നെയെങ്ങനെയാവും ജീവിതം? സ്നേഹം ചൊരിഞ്ഞുവളർത്തിയ മക്കളാണെങ്കിലും ജർമ്മൻ ജീവിതം കണ്ട് വളർന്ന മക്കളുടെ അസൗകര്യവും സമയദൗർലഭ്യവും കൊണ്ട്, വാർദ്ധക്യത്തിൽ മക്കളുടെ സ്നേഹം ഏറ്റം ആവശ്യമുള്ളപ്പോൾ ഏതെങ്കിലുമൊരു വൃദ്ധമന്ദിരത്തിൽ കൊണ്ടാക്കുമോ? അങ്ങനെയായാൽ ജീവിതാവസാനംവരെ വൃദ്ധമന്ദിരത്തിൻറെ ഒരു മുറിയിൽനിന്ന് കർട്ടൻ മാറ്റി ജനലിലൂടെ നിരത്തിലൂടെ ഓടുന്ന വണ്ടികളെ ആകാംക്ഷയോടെ നോക്കി മകന്റെയോ മകളുടെയോ കാറുവരുന്നുണ്ടോ എന്നും നോക്കി നിൽക്കേണ്ടിവരുമോ ശിഷ്ടകാലം? അതോ സ്വന്തം വീട്ടിൽ മക്കളോടും പേരക്കുട്ടികളോടുമൊപ്പം വാർദ്ധക്യം സന്തോഷത്തിന്റെയും സംതൃപ്തിയുടെയും നാളുകളായി തീരുമോ? എന്തായിരിക്കും നാളെ എന്നെ കാത്തിരിക്കുന്നത്? അതോ ശിഷ്ടകാലം നാട്ടിൽ ചെലവഴിക്കുന്നതായിരിക്കുമോ നല്ലത്? ഞാൻ ജനിച്ചുവളർന്ന നാട്ടിലാവട്ടെ എന്റെ വാർദ്ധക്യം അവിടെയുള്ള വീട്ടിൽ താമസിച്ച് നിത്യേന പ്രഭാതകുർബാനയ്ക്ക് പോവുകയും സായാഹ്നങ്ങളിൽ പള്ളിമുറ്റത്തിരുന്ന് സമപ്രായക്കാരോടൊപ്പം സൊറപറഞ്ഞ് രസിക്കുകയും ചെയ്യാം.

അറബിക്കടലിൽനിന്നും കുരുമുളകിനെയും ഏലത്തെയും തെങ്ങോലകളെയും തഴുകിയെത്തുന്ന വാസനയുടെ മന്ദമാരുതന്റെ തലോടലും ഏറ്റ് ജീവിതസായാഹ്നം ശാന്തസുന്ദരമായ എന്റെ ഗ്രാമത്തിലാവണമെന്ന വല്ലാത്തൊരു അത്യാസക്തി എന്നെ മഥിക്കുന്നു! ഒരു തീരുമാനമെടുക്കണം... എപ്പോൾ? . VK




---

*എഡ്വേർഡ് നസ്രത്ത് (മുക്കാടൻ) കാവനാട് (കൊല്ലം ജില്ല) 1947 ൽ ജനിച്ചു. വിദ്യാഭ്യാസം നേടിയത് നീരാലും കൊല്ലത്തും. 1974 ൽ ജർമ്മനിയിലെത്തി. ഹിൽഡനിൽ താമസിക്കുന്നു. ഭാര്യ ഫ്രഡീന. ജന്നിഫർ, ജിമ്മി, ജസിഫർ എന്നിവർ മക്കൾ.*




# മരുഭൂമിയിലെ നീരുറവ



**രാജൻ വി കോക്കൂരി**
ഒമാൻ

എന്റെ നാടായ ആറ്റൂരിൽ നിന്നും പത്താം ക്ലാസ്സിൽ കഷ്ടിച്ച് പാസ്സായ ഞാൻ പഠിക്കുവാനും പിന്നീട് ജോലി കിട്ടുവാനും വേണ്ടി സ്വസ്വപ്നങ്ങളുമായി ഞാൻ ഒരു ഓർഡിനറി ടിക്കറ്റുമായി ഷൊർണൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും അച്ഛൻ ജോലി ചെയ്തിരുന്ന ബാംഗ്ലൂരിൽ എത്തി.

കുറെ വർഷത്തെ രാത്രിയും പകലും ഉള്ള പഠിപ്പും അഞ്ചു വർഷത്തെ BPL എന്നാ പ്രശസ്ത കമ്പനിയിലെജോലിക്കു ശേഷം ഞാൻ പ്രസ്തമായ ഒരു ഹോം കമ്പ്യൂട്ടർ ഉണ്ടാകുന്ന EIKO Computers എന്ന കമ്പനിയിൽ ജോലി ചെയ്യുന്ന കാലം. ആ കാലഘട്ടം കമ്പ്യൂട്ടർ ഹാർഡ്വെയർ രംഗത്ത് ഇന്ത്യ മുന്നോട്ടു'കുതിക്കുന്ന കാലമായിരുന്നു.

അങ്ങിനെ ഒരു ദിവസ്സം പാത്രത്തിൽ പ്രശസ്തമായ TVS ഗ്രൂപ്പ് ബാംഗ്ലൂരിൽ ഒരു വലിയ റിസർച്ച് സെന്റർ തുറക്കുന്നുവെന്ന വാർത്ത പത്രത്തിൽ കണ്ടത്. ഒന്ന് നോക്കാതെ വെറുതെ അപേക്ഷ അയച്ചത്. അയച്ച എന്നെ അവർ തെരെഞ്ഞെടുത്തു അങ്ങിനെ TVSE എന്ന എന്റെ കമ്പനിയിലെ എന്റെ ന്യൂതനവും കമ്പ്യൂട്ടർ അറിവിന്റെ പുതിയ ലോകത്തിന്റെ വാതിലിലൂടെ കയറാൻ സാധിച്ചു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ കമ്പനി തന്നെ പാസ്പോർട്ട് എടുത്തു നൽകി. രണ്ടു മൂന്ന് ആഴ്ച അമേരിക്കയിൽ പോയി തിരിച്ചെത്തിയ പന്നീർസെൽവത്തിനടേ സായിപ്പിന്റെ ഇംഗ്ലീഷ്'സംസാരം കൂടി കേട്ടപ്പോൾ ഏഴു കടൽ അക്കരെ അമേരിക്ക കാണുവാനുള്ള ആഗ്രഹത്തിന്റെ ആഴവും കൂടി വന്നു.

അടുത്തുതന്നെ അമേരിക്കയിലേക്ക് പറക്കുവാനുള്ള കൂട്ടത്തിൽ എന്റെ പേരും വരുമെന്ന് പ്രതീക്ഷിച്ചു കാത്തിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ ആ യാത്ര സഭലമായില്ല. കുറേമാസത്തെ ബാംഗ്ലൂർ സിറ്റി ഓഫീസിലെ ജോലി ചെയ്തപ്പോൾ ഞങ്ങളെ എല്ലാവരെയും 70സാ അകലെയുള്ള തുംകൂർ എന്നാ സ്ഥലത്തെ ഫാക്ടറിയിലേക്കു സ്ഥലം മാറ്റം നൽകി. എല്ലാ ദിവസവും എത്ര ദൂരം പോയി വരേണ്ട കഷ്ടപ്പാടോർത്തും അമേരിക്കൻ യാത്ര മുടങ്ങിയുതും കാരണം തിരിച്ചും ബാംഗ്ലൂർ സിറ്റിയിലെ കമ്പ്യൂട്ടർ കമ്പനിയിലേക്ക് നല്ല ജോലി എന്നെ തേടി വന്നു. ഏതായാലും TVS കമ്പനിയിൽ കയറിയ കാരണം ഒരു പാട് കമ്പ്യൂട്ടർ ജോലികളും ഒരു പുതിയ TVS സുസുക്കി 100ഇള മോട്ടോർസൈക്കിളും സ്വന്തമായി. എന്നാൽ അമേരിക്കയിൽ പോയില്ലെങ്കിലെന്താ, ഗൾഫിലേക്ക് ഒരു കൈ നോക്കിയാലോ എന്നായി



അടുത്ത ചിന്ത.

ഒരുപാടു നാളുകളുടെ ശ്രമത്തിനൊടുവിൽ ബോംബെയിൽ ഒരു ഇന്റർവ്യൂ കിട്ടി റിയാദിൽ ജോലിക്കായി. അന്നാദ്യമായി ശർമ്മ ട്രാൻസ്പോർട്ടിന്റെ ബസ്സിൽ ബോംബയ്ക്കു തിരിച്ചു, ബസ്സു ഏകദേശം പൂനയിൽ എത്തിയപ്പോൾ ഭയങ്കര മഴ. എല്ലാ വർഷവും ജൂലായ് ആദ്യ ആഴ്ചയിലെ മിഴിയിൽ എന്റെ ബസ്സ് കുറെ കറങ്ങി വെളുപ്പിനെ മൂന്ന് മണിക്ക് ബോംബയിലെ സയോൺ എന്ന സ്ഥലത്തു എത്തി ചേർന്നു. ആദ്യമായി ബോംബയിൽ എന്തുന്ന എന്നെ കൂട്ടിക്കൊണ്ടുപോകാൻ എന്റെ വലിയ അമ്മാമനും മകൻ സതീഷ് എന്നിവർ മഴയത്തു ചെളിയിൽ കുടയും പിടിച്ചു നിന്നതു കണ്ടപ്പോഴാണ് എനിക്കാശ്വാസമയത്.

ബോംബെയിലെ റോഡിലൂടെ കുറെ ദൂരം നടന്നു അവസാനം കിട്ടിയ ടാക്സിയിൽ ഞങ്ങൾ പുലർച്ചെ അന്ധേരിയിലുള്ള വീട്ടിൽ എത്തി. ആ ഇന്റർവ്യൂ എനിക്ക് ജോലി നേടിത്തന്നില്ലെങ്കിലും അത് പിന്നീട് എനിക്ക് തുടർന്നുള്ള യാത്രകൾക്ക് പ്രചോദനം ആയി, കുറെ ദിവസ്സങ്ങൾ കടന്നു പോയി. അൽഖോബാറിലെ സാമിൽ ആൻഡ് തുർബാഗിൽ Cad എഞ്ചിനീയർ വേണമെന്ന പരസ്യത്തിലൂടെ ഇരുപത്തഞ്ചുപേരിൽ നിന്നും ഞാൻ ഉൾപ്പടെ രണ്ടുപേർക്ക് ജോലി കിട്ടി. ഇന്റർവ്യൂ ദിവസം ഡ്രൈവർ ആയി പണ്ട് അതെ സ്ഥലത്തു ജോലി ചെയ്തിരുന്ന ഷെരീഫിനെ കൂട്ടുകിട്ടിയതിനാൽ ആദ്യമായി ഗൾഫിൽ പോകാൻ ഒരു ധൈര്യം വന്നു. അവസാനം 1992 ജനുവരി 31 ഞാൻ ആദ്യമായി സൗദി അറേബ്യയിലെ ടെഹ്റാൻ എന്ന വിമാനത്താവളത്തിൽ എത്തി ചേർന്ന്. എന്നോടൊപ്പം മറ്റ് കുറച്ചു പഴയ പ്രവാസികളും ഉണ്ടായതിനാൽ പെട്ടന്ന് തന്നെ ഞങ്ങളുടെ പേരുകൾ എഴുതിയ ബോർഡ് കയ്യിൽ പിടിച്ചു നിന്ന ഫിലിപിനോ ഡ്രൈവർ ഞങ്ങളുടെ ആളാണെന്നു മനസിലായി.

അയാളുടെ കൂടെ കാറിൽ കയറി ഇരുന്നതും അയാൾ കാറ് വളരെ വേഗത്തിൽ അൽഖോബാർ എന്ന പട്ടണത്തിലേക്കു വിട്ടു. ഞാൻ ആദ്യമായാണു 100ഗങ്ങ കൂടുതൽ സ്പീഡിൽ ഓടുന്ന കാറിൽ യാത്ര ചെയ്തിരുന്നത്. എങ്ങിനെയെങ്കിലും ഞങ്ങളുടെ താമസസ്ഥലത്തു എത്തിയാൽ മതി എന്നായിരുന്നു പ്രാർത്ഥന. ഒരു ബങ്ക് കട്ടിലും ഒരു ബ്ലാങ്കറ്റ് കിടക്ക തലയിണ എന്നിവ തന്നു ഞങ്ങളുടെ പാസ്പോർട്ട് കയ്യിൽ വാങ്ങി ഫിലിപിനോ ഡ്രൈവർ സ്ഥലം വിടുന്നതിനു മുൻപ് ഭക്ഷണവും വെള്ളവും എല്ലാം വാങ്ങി തന്നു. പിറ്റേ ദിവസ്സം രാവിലെ 6.30മ ആകുമ്പോൾ വരുമെന്ന് അയാളുടെ മുറിയൻ ഇംഗ്ലീഷിൽ പറഞ്ഞിട്ട് അയാൾ പോയി. ഞങ്ങളുടെ കൂട്ടത്തിൽ ഒരു മലയാളി ഡ്രൈവർ ബോംബെയിൽ വെച്ച് പരിചയപ്പെട്ട ഷെരീഫ് ഉണ്ടായിരുന്നു. അയാൾ പിൽക്കാലത്തു എന്റെ വലിയ സുഹൃത്തും സഹായിയും ആയി തീർന്നു, കഷ്ടപെട്ടതാണെങ്കിലും ബാക്കിയുള്ള ദിവസങ്ങൾ ഒരു പാട് നല്ല സുഹൃത്തുക്കളെയും ഓർമകളും നൽകി.

ഒരു പാട് മറ്റു രാജ്യത്തെ ആൾകാർക്കൊപ്പം എന്റെയും മൻസൂറിന്റെയും ജോലി തുടങ്ങി. ഒരു ദിവസ്സം എന്റെ സുഹൃത്തിനെ ഉപദ്രവിച്ചവനെ ഞാൻ എഞ്ചിനീയറിംഗ് മാനേജരുടെ അടുത്തെത്തിച്ചു. അതിനു ശേഷം അവർ എന്നോട് അധികം കളിയ്ക്കാൻ അവർ മുന്നോട്ടു വന്നില്ല.

എന്റെ വിനയ സ്വഭാവം കാരണം എല്ലാവർക്കും എന്നെ വളരെ ഇഷ്ടമായി. അന്നത്തെ കാലത്തു മൊബൈൽ ഫോൺ ഇല്ലായിരുന്നു. വെള്ളിയാഴ്ച കോയിൻ ബൂത്തിൽ തലേ ദിവസം വാങ്ങി വെച്ച കോയിനുകളുമായി പുലർച്ചെ തന്നെ ഞങ്ങൾ നടന്നു പോകുമായിരുന്നു ഖോബാർ ടൗണിലേക്ക് . ആഴ്ചതോറും മിക്കവാറും ഒരു തവണയേ അമ്മയെയും അച്ഛനെയും പ്രിയതമ അനിതയെയും വിളിക്കാൻ സാധിക്കാറുള്ളത്. എന്റെ ചിലപ്പോഴത്തെ സങ്കടം മനസ്സിലാക്കിയ എന്റെ അമേരിക്കൻ തലവൻ സ്റ്റീവ് ഡോർസി എനിക്ക് അങ്ങേരുടെ AT&T ടെലിഫോൺ കോഡ് തരാറുണ്ടായിരുന്നു. എന്നേക്കാൾ വളരെ കൂടുതൽ ശമ്പളും വാങ്ങിയിരുന്ന കൂടുയുണ്ടായിരുന്ന അമേരിക്കക്കാർ വളരെ നല്ല രീതിയിൽ പെരുമാറുകയും അവധി ദിനങ്ങളിൽ യാത്രകൾക്കുപോലും എന്നെ കൂട്ടാറുണ്ടായിരുന്നു.

അതുവരെ Drawing ബോർഡിൽ മാത്രം ജോലി ചെയ്യാറുള്ള എല്ലാ ഇന്ത്യൻ Designer മാർക്കും ഞങ്ങളുടെ കമ്പ്യൂട്ടർ Cad പഠിക്കുവാനും എനിക്ക് കഴിഞ്ഞു. പിൽക്കാലത്തു നേതൃസ്ഥാനത്തേക്ക് എന്നെ എന്റെ കനേഡിയൻ ഇന്ത്യൻ എഞ്ചിനീയറിംഗ് മാനേജർ ഗോപാൽ ബഹൽ പിടിച്ചു ഉയർത്തി. മലയാളികൾക്കിടയിൽ നല്ലൊരു സുഹൃത്ത്ബന്ധം അവിടെ ഉണ്ടായിരുന്നു. ആയിടക്കാണ് ഒരു പുതിയ സൗദി അഡ്മിൻ മാനേജർ വന്നു ചേർന്നത്. പുതിയ ഭരണപരിഷ്കാരങ്ങൾ നടപ്പാക്കുന്നതിൽ ഒരു ദിവസ്സം എന്റെ സുഹൃത്ത് ഷെരീഫ് ഒറ്റയ്ക്ക് താമസിക്കുന്ന മുറി ഒഴിഞ്ഞു കൊടുക്കാൻ അയാൾ ആവശ്യപ്പെട്ടത്.

ചൂടനായ ഷെരീഫ് അത് ചെവികൊള്ളാതെ മുറി പൂട്ടി പുറത്തോട്ട് പോയി. ഇതറിഞ്ഞ മാനേജർ ഷെരീഫ്നെ പിറ്റേ ദിവസ്സം തന്നെ പുറത്താക്കിയ കടലാസ് കൊടുക്കുകയും രാജ്യത്തു നിന്ന് തന്നെ പറഞ്ഞയക്കാൻ ഒരുങ്ങി. പിറ്റേ ദിവസ്സം 17 സ്ഥലങ്ങളിലെ അരാംകൊ ഓഫീസികളിൽ എത്തേണ്ട വലിയ പ്രൊജക്റ്റ് drawings എത്തിക്കാൻ പറ്റാത്ത ഒരാവസ്ഥയിലായി. അത് സാധരണ ചെയ്യാറുള്ള ഷെരീഫ് അന്നെത്തിയില്ല. ഇത് തന്നെ അവസരം ഷെരീഫിനെ രക്ഷിക്കാൻ എന്ന് കരുതി ഞാൻ എന്റെ അമേരിക്കൻ എഞ്ചിനീയറിംഗ് മാനേജർ ഹൊവാർഡിന്റെ അടുത്തെത്തി കമ്പനിക്ക് വരൻ പോകുന്ന പ്രശ്നങ്ങളെ കുറിച്ച് പറഞ്ഞു. ഇത് കേട്ടാൽ ഉടനെ തന്നെ അദ്ദേഹം മുതലാളിയുടെ അടുത്തേക്കോടി. അങ്ങിനെ ഡ്രൈവർ ഷെരീഫിനെ ജോലിയിൽ തിരിച്ചെടുത്തു. കുറെ നല്ല അനുഭവങ്ങളും സുഹൃത്തുക്കളുടെ ഓർമകളുമായി അങ്ങിനെ പന്ത്രണ്ടു വർഷത്തെ പ്രവാസകാലത്തെ ആദ്യത്തെ സൗദിയിലെ ജോലി അവസാനിച്ചു ഞാൻ 2004 മസ്കറ്റിലേക്കു യാത്രയായി. VK




# ഒമാൻ പ്രസിഡന്റ് ശ്രീമതി അമ്മുജം രവീന്ദ്രൻ

ഡബ്ല്യൂ.എം.എഫ് ഒമാൻ പ്രസിഡന്റ് ശ്രീമതി അമ്മുജം രവീന്ദ്രൻ ഒമാൻ ബീച്ചുകൾ വൃത്തിയാക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധതയ്ക്കും അർപ്പണബോധത്തിനും വേണ്ടി പ്രവർത്തിച്ചതിന്റെ ഭാഗമായി, പ്രാദേശിക പരിസ്ഥിതി സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾക്ക് സന്നദ്ധ പ്രവർത്തകർക്കും സാമൂഹിക പ്രവർത്തകർക്കും ഒമാൻ പരിസ്ഥിതി അതോറിറ്റി പ്രസിഡന്റ് ഡോ. അബ്ദുല്ല അലി അൽ അമ്രി അവാർഡ് നൽകി.വേൾഡ് മലയാലി ഫെഡറേഷനിലുള്ള എല്ലാവരുടെ പേരിൽ ശ്രീമതി.അമുജം രവീന്ദ്രന് ഹൃദയംഗമമായ അഭിനന്ദനങ്ങൾ

# മീഡിയ വൺ ബ്രേവ് ഹാർട്ട് പുരസ്ക്കാരം വേൾഡ് മലയാളി ഫെഡറേഷൻ സൗദി അറേബ്യക്ക്




**റിയാദ്:**കോവിഡ് കാല പ്രവർത്തനങ്ങൾക്കുള്ള മീഡിയ വൺ ബ്രേവ്ഹാർട്ട് പുരസ്ക്കാരം വേൾഡ് മലയാളി ഫെഡറേഷൻ പ്രവർത്തകരായ നാഷണൽ കോഡിനേറ്റർ നാസർ ലൈസ്,റിയാദ് കൗൺസിൽ പ്രസിഡന്റ് ഡൊമനിക് സാവിയോ,ഗ്ലോബൽ വെൽ ഫയർ കോഡിനേറ്റർ ശിഹാബ് കൊട്ടുകാട്,ഗ്ലോബൽ അഡ്വൈസറി അംഗം നൗഷാദ് ആലുവ,നാഷണൽ വൈസ് പ്രസിഡന്റ് സലാം പെരുമ്പാവൂർ,റിയാദ് കൗൺസിൽ സെക്രട്ടറി റിജോഷ് കോഴിക്കോട്,ട്രഷറർ കബീർ പട്ടാമ്പി,നാഷണൽ ജോയിൻ സെക്രട്ടറി റാഫി കൊയിലാണ്ടി,റിയാദ് കൗൺസിൽ എക്സിക്കൂട്ടീവ് അംഗം ഹാരിസ് ബാബു മഞ്ചേരി,ചാരിറ്റി കോഡിനേറ്റർ നിഷമത്തുള്ള,കൾചറൽ കോഡിനേറ്റർ ഷംനാസ് അയ്യൂബ്,വൈസ് പ്രസിഡന്റ് ഇലിയാസ് കാസർകോട് വിമൻസ് വിങ് സെക്രട്ടറി അഞ്ജു അനിയൻ,വൈസ് പ്രസിഡനന്റ് ഡോ:സീമ മുഹമ്മദ്,സാബ്രിൻ ഷംനാസ്,അനു രാജേഷ്,സെലിൻ ജെയിംസ് എന്നിവർ ചേർന്ന് റിയാദ് അപ്പോളോ ഡിമോറോ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഏറ്റു വാങ്ങി.







# ബിജി മോൾക്കും മക്കൾക്കും തലചായ്ക്കാൻ WMF ന്റെ സ്നേഹവീട്

ശ്രീമതി ബിജി മോൾക്കും മൂന്ന് പെൺ മക്കൾക്കും ഇനി ആരെയും ഭയപ്പെടാതെ ജീവിക്കാം. ഭർത്താവിന്റെ മരണശേഷം മൂന്ന് പെണ്മക്കളുമായി എന്ത് ചെയ്യണമെന്നറിയാതെ, കയറി കിടക്കാൻ സ്വന്തമായി ഒരു കിടപ്പാടം പോലുമില്ലാതെ പകച്ചുനിന്ന ബിജിമോൾക്ക് ഓസ്ട്രിയ ആസ്ഥാനമായി 161 രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന വേൾഡ് മലയാളി ഫെഡറേഷൻ (WMF) മിഡിൽ ഈസ്റ്റ് റീജിയന്റെ ഭവന ദാന പദ്ധതിയുടെ ഭാഗമായി, കൗൺസിലിലെ അംഗ രാജ്യങ്ങളായ സൗദി അറേബ്യ, യുഎഇ, ഖത്തർ, ഒമാൻ, കുവൈറ്റ്, യെമൻ എന്നീ രാജ്യങ്ങളിലെ നാഷണൽ കൗൺസിലുകളുടെയും മറ്റ് അഭ്യുദയകാംഷികളുടെയും സഹകരണത്തോടെ വീട് വെച്ച് നൽകി.

നസ്രത്ത് ചാരിറ്റബിൾ ട്രസ്റ്റ് അങ്കമാലി തുറവൂർ പഞ്ചായത്തിലെ വാതക്കാട് നൽകിയ സ്ഥലത്ത് പണിപൂർത്തിയായ വീടിന്റെ താക്കോൽ, വേൾഡ് മലയാളി ഫെഡറേഷൻ ഗ്ലോബൽ കോർഡിനേറ്ററും ആക്റ്റിങ് ചെയർമാനുമായ ഡോ: ജെ രത്നകുമാർ (ഒമാൻ) കൈമാറി. ഡബ്ല്യു എം എഫ് മിഡിൽ ഈസ്റ്റ് കോഓർഡിനേറ്റർ ടോം ജേക്കബ് (കുവൈറ്റ്) അധ്യക്ഷത വഹിച്ചു. ഗ്ലോബൽ രക്ഷാധികാരി ശ്രീ. ടി പി ശ്രീനിവാസൻ ഐ എഫ് എസ് മുഖ്യ പ്രഭാഷണം നടത്തി. തുറവൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ജിനി രാജീവ്, വൈസ് പ്രസിഡന്റ് ശ്രീ. റോയ് സെബാസ്റ്റ്യൻ , ഡിസ്ട്രസ് മാനേജ്മെന്റ് കളക്ടിവ് ഡൽഹി പ്രസിഡന്റ് അഡ്വ. ദീപ ജോസഫ്, നസ്രത്ത് ചാ




രിറ്റബിൾ ട്രസ്റ്റ് ഡയറക്ടർ ശ്രീമതി. മിനി ആന്റണി, ഡബ്ലിയു എം എഫ് ഗ്ലോബൽ ട്രഷറർ ശ്രീ. എസ് എസ് സുനിൽ ( കുവൈറ്റ്) ഗ്ലോബൽ ജോയിന്റ് സെക്രട്ടറി ശ്രീ. ഹരീഷ് നായർ (ആഫ്രിക്ക) ഗ്ലോബൽ ചാരിറ്റി കോഓർഡിനേറ്റർ ശ്രീ. റഫീഖ് മരക്കാർ (കളമശ്ശേരി), ഹൗസിംഗ് പ്രൊജക്ട് കൺവീനർ ശ്രീ. ഏലിയാസ് ഐസക്, ശ്രീ. പ്രമോദ് വാമദേവൻ (ഖത്തർ), കേരള സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ശ്രീ. കെ ചാണ്ടി, ബഹറൈൻ നാഷണൽ കൗൺസിൽ പ്രസിഡന്റ് ശ്രീ. കോശി സാമുവൽ, ശ്രീ. സുമിത് ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.

മിഡിൽ ഈസ്റ്റ് പ്രസിഡന്റ് ശ്രീ. ഗിരീഷ് ബാബു ( ബഹറൈൻ), ചാരിറ്റി കോഓഡിനേറ്റർ ശ്രീ. വർഗീസ് ഇഞ്ജക്കൽ (കുവൈറ്റ്) ലിൻടെയും ഡി എം സി യുമായുള്ള സമയോചിതമായ ഇടപെടൽ ആണ് ഹൗസിംഗ് പ്രോജക്ടിന് പ്രാരംഭം കുറിച്ചത്. ചടങ്ങിൽ നേരിൽ പങ്കെടുക്കാൻ കഴിയാതിരുന്ന ഗ്ലോബൽ ചെയർമാൻ ശ്രീ. പ്രിൻസ് പള്ളിക്കുന്നേൽ (ഓസ്ട്രിയ), ഗ്ലോബൽ സെക്രട്ടറി ശ്രീ. പൗലോസ് തേപ്പാല (ഖത്തർ) മിഡിൽ ഈസ്റ്റ് സെക്രട്ടറി ശ്രീ. ഒബൈദ് മരക്കാർ (യു എ ഇ) മിഡിൽ ഈസ്റ്റ് ട്രഷറർ ശ്രീ. നിസാർ യൂസുഫ് (സൗദി അറേബ്യ) നസ്രത്ത് ചാരിറ്റബിൾ ട്രസ്റ്റ് ഫൗണ്ടർ ശ്രീ. ഫ്രാൻസിസ് കൈതാരം (ബഹറൈൻ) എന്നിവർ ഓൺ ലൈൻ വഴി ചടങ്ങിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

ഭവന ദാനം കൂടാതെ, കുട്ടികളുടെ വിദ്യാഭ്യാസ സംബന്ധമായ ആവശ്യത്തിലേക്ക് ഒരുലക്ഷം രൂപ തദവസരത്തിൽ ശ്രീ. കോശി സാമുവൽ (ബഹറൈൻ നാഷണൽ കൗൺസിൽ പ്രസിഡന്റ്) ബിജി മോൾക്ക് കൈമാറി. വരും നാളുകളിലും ഇതുപോലുള്ള ചാരിറ്റി പ്രർത്തനങ്ങൾക്കു മുൻതൂക്കം നൽകി അര്ഹരായവരിലേക്ക് ണങഎന്റെ സഹായങ്ങൾ എത്തിക്കാൻ സാധിക്കുമെന്നും, ഈ പ്രൊജെക്റ്റുമായി സഹകരിച്ചവർക്കും നിർദ്ദേശങ്ങൾ നൽകിയവർക്കും പങ്കെടുത്തവർക്കും പ്രത്യേകം നന്ദിയും കടപ്പാടും ണങഎ മിഡിൽ ഈസ്റ്റ് കൗൺസിൽ അറിയിച്ചു.

# WMF സിങ്കപ്പൂരിന്റെ നേതൃത്ത്വത്തിൽ കടലോര ശുചീകരണ പരിപാടി സംഘടിപ്പിച്ചു

തീരദേശ സന്ദർശനങ്ങൾ ഉല്ലാസപരമായ ഒരു പ്രവർത്തി ആണെങ്കിലും, അതേ പ്രവർത്തി മറ്റൊരു വിധത്തിൽ കടലും, കടലോര പ്രദേശങ്ങൾ മലിനപെടുത്തുന്നതിന്റെയും, മാലിന്യം അടിഞ്ഞു കൂടുന്നത്തിന്റെയും ഒരു കാരണം കൂടിയാണ്. തീരദേശ പ്രദേശങ്ങളിലെ മാലിന്യ സമാഹാരണവും, ശരിയായ സംസ്കരണവും ഈ പ്രശ്നം പരിഹരിക്കാൻ സഹായിക്കുമെങ്കിലും, അതൊരു പരിമിതമായ പ്രാദേശിക സ്വാധീനം മാത്രമേ ഉണ്ടാക്കുന്നുള്ളൂ. നമ്മൾ ഒരോരുത്തരും പ്രത്യക്ഷമായോ പരോക്ഷമായോ ഈ മാലിന്യ കൂമ്പാരങ്ങൾക്ക് കാരണക്കാരാവുന്നുണ്ട് എന്നതിനാൽ നാം നമ്മളാൽ കഴിയും വിധം നമ്മുടെ ചുറ്റുപാടുകൾ വൃത്തിയായി സൂക്ഷിക്കുന്നതിലും, നമ്മുടെ സാമൂഹിക ഇടങ്ങളിലെ മാലിന്യ നിർമാജന പ്രവർത്തികളിൽ പങ്കാളികളാവുന്നതിലും പ്രതിജ്ഞാ



ബദ്ധരാണ്.ഇതേ ആശയം ഉൾക്കൊണ്ട് ഇക്കഴിഞ്ഞ 2021 മാർച്ച് 20, ശനിയാഴ്ച World Malayalee Federation (WMF) സിംഗപ്പൂർ ഘടകത്തിന്റെ ആഭിമുഖ്യത്തിൽ, സിംഗപ്പൂരിലെ ഒരു പ്രധാന ഉല്ലാസകേന്ദ്രവും, ഒരു ചെറു ദ്വീപുമായ കോണി ദ്വീപിന്റെ (Conney Island) കടലോര പ്രദേശങ്ങളും, നടപ്പാതകളുടെ വശങ്ങളും വൃത്തിയാക്കുകയുണ്ടായി. കോവിഡ് നിബന്ധനകൾ പാലിച്ചു കൊണ്ട് 7 പേരടങ്ങുന്ന ഒരു സംഘമാണ് ഈ പ്രവർത്തിയിൽ പങ്ക് ചേർന്നത്.അർജുൻ, അസ്ഫക്ക്, നദ, നിതേഷ്, സൗമ്യ, ജാൻവി, സനൽ എന്നിവരാണ് അന്ന് ഒത്തുകൂടിയത്.ലോകത്ത് എവിടെ ആയിരുന്നാലും ഇത് പോലെയുള്ള ശുചികരണ പ്രവർത്തികളും, സാമൂഹിക ഇടപെടലുകളും നടത്തുവാൻ നമ്മുക്ക് World Malayalee Federation എന്ന ഈ വലിയ കൂട്ടായ്മ കേന്ദ്രികരിച്ച് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. VK





ശ്വേത
ഓസ്ട്രിയ

# കുരുമുളക് ബീഫ് റോസ്റ്റ്




500 ഗ്രാം ബീഫ് പാചകം ചെയ്യുന്നതിന് ഒരു കുക്കറിൽ 1 ടീസ്പൂൺ എണ്ണ ചേർത്ത് ബീഫ് ചേർക്കുക. ഇതിലേക്ക് 1 ടീസ്പൂൺ ചതച്ച ഇഞ്ചി, വെളുത്തുള്ളി, 3 അരിഞ്ഞ പച്ചമുളക്, 10 ആഴം, 1/4 ടർമെറിക് പൊടി, 1/2 പെപ്പർ പൊടി, 1/2 ടീസ്പൂൺ മുളകുപൊടി, 1 1/2 ടീസ്പൂൺ കൊടിപൊടി, 1 ടീസ്പൂൺ ഗരം മസാല, ഉപ്പ് എന്നിവ ചേർത്ത് നന്നായി ഇളക്കുക.അതിനുശേഷം 1/4 കപ്പ് വെള്ളം ചേർത്ത് നന്നായി വേവിക്കുക. മറ്റൊരു പാനിൽ 2 ടീസ്പൂൺ എണ്ണ ചേർത്ത് അരിഞ്ഞ സവാള ചേർത്ത് വഴറ്റുക. അതിലേക്ക് ചതച്ച ഇഞ്ചി, വെളുത്തുള്ളി എന്നിവ ചേർത്ത് മണം പോകുന്നതുവരെ വഴറ്റുക. അതിനുശേഷം 2 തക്കാളി ചേർത്ത് വഴറ്റുക.അതിനുശേഷം വേവിച്ച ബീഫ് ചേർത്ത് വഴറ്റുക. ആവശ്യമെങ്കിൽ ഉപ്പ് ചേർക്കുക. 1/2 ടീസ്പൂൺ പെരുംജീരകം പൊടി ചേർത്ത് എല്ലാം ഇളക്കുക. കുറഞ്ഞ തീയിൽ 10 മുതൽ 15 മിനിറ്റ് വരെ വേവിക്കുക. ഇടക്ക് ഒന്ന് ഇളക്കണം. അതിനുശേഷം 1 ടീസ്പൂൺ ചതച്ച കുരുമുളക് പൊടി ചേർക്കുക.ശേഷം കറിവേപ്പിലയും ചേർത്ത് നന്നായി ഇളക്കുക. ഒരു അടപ്പ് വെച്ച് അടച്ചുവെച്ച് 5 മിനിറ്റ് കൂടി വേവിക്കുക. 5 മിനിറ്റിനു ശേഷം എല്ലാം ഒരുമിച്ചു ചേർത്ത് ഉപ്പുമാവിനൊപ്പം വിളമ്പുക.

# കടലപരിപ്പ് പ്രഥമൻ

കടല പരിപ്പ് 250 ഗ്രാം (വേവിച്ചത്)
ശർക്കര 600 ഗ്രാം (ഉരുക്കിയത്)
ചവ്വരി 50 ഗ്രാം (വേവിച്ചത്)
കശുവണ്ടി 50 ഗ്രാം
തേങ്ങക്കൊത്ത് 1/2 കപ്പ്
ഏലയ്ക്കാപ്പൊടി 1/2 ടീ.സ്പൂൺ
നേർത്ത തേങ്ങ പാൽ 3 കപ്പ്
2 ആം തേങ്ങാപ്പാൽ 2 കപ്പ്
1 ആം തേങ്ങാപ്പാൽ 1 കപ്പ്
നെയ്യ് 50 ഗ്രാം
ചുക്കുപൊടി 1/2 ടീ.സ്പൂൺ

### പാകംചെയ്യുന്ന രീതി

**ഒന്നാം ഘട്ടം**

ആദ്യം പരിപ്പ് കഴുകി, 1/2 മണിക്കൂർ കുതിരാൻ വയ്ക്കുക.കട്ടിയുള്ള ഉരുളിയിൽ പരിപ്പ് വറുത്തെടുക്കുക.ഉരുളിയിൽ പരിപ്പ്( പ്രഷർ കുക്കറിലും ചെയ്യാം) ആവശ്യത്തിന് വെള്ളവും, ഏറ്റവും നേർത്ത തേങ്ങാപ്പാലും ചേർത്ത്, നന്നായി വേവിക്കുക.

**ചവ്വരി വേവിച്ച് വെക്കുക.**


തേങ്ങ എടുത്ത് അരച്ച്, 3 തരം നേർത്ത തേങ്ങാപ്പാൽ തയ്യാറാക്കി വെക്കുക. കട്ടിപ്പാൽ, വെള്ളം ചേർക്കാതെ അരച്ച് പിഴിഞ്ഞെടുത്തത്, 1 കപ്പ് വെള്ളം ചേർത്ത് അരച്ച് നേർത്തപാൽ, 2 കപ്പ് വെള്ളം ചേർത്ത് അരച്ച് പിഴിഞ്ഞ് ഏറ്റവും നേർത്ത് പാൽ തയ്യാറാക്കി വെക്കുക. 3 തരം തേങ്ങാപ്പാലും വെവ്വേറെ സൂക്ഷിക്കുക. ഇനി 1/2 കപ്പ് വെള്ളം ചൂടാക്കി ശർക്കർ ഉരുക്കി മാറ്റി വയ്ക്കുക.
കശുവണ്ടിയും തേങ്ങയും വെവ്വേ നെയ്യിൽ വറുത്ത് മാറ്റിവെക്കുക.

**രണ്ടാം ഘട്ടം**

ഇനി കട്ടിയുള്ള ഒരു ഉരുളി എടുത്ത് നെയ്യ് ചൂടാക്കുക. വേവിച്ച് ഉടച്ച് പയറിന്റെ 3/4 ഭാഗം ഒരു തവി ഉപയോഗിച്ച് ഉടച്ച് വെക്കുക ബാക്കിയുള്ളവ അതേപോലെ വിടുക. ഈ പരിപ്പ ഉരുളിയിൽ നെയിക്കൊപ്പം 5 മിനിറ്റ് വഴറ്റുക. ശേഷം ഉരുക്കിയ ശർക്കര ചേർത്ത് നന്നായി ഇളക്കുക, തുടർച്ചയായി ഇളക്കിക്കൊണ്ടിരിക്കണം. മിശ്രിതം കട്ടിയായി,ഉരുളിയുടെ വശങ്ങളിൽ നിന്ന് വേർപെടാൻ തുടങ്ങുംബോൾ,കനം കുറഞ്ഞ തേങ്ങപ്പാലും, വേവിച്ച സോഗോയും വേവിക്കുക. ഇളക്കിക്കൊണ്ടെ ഇരിക്കണം.അതും കട്ടിയാകാൻ തുടങ്ങിയപ്പോൾ രണ്ടാം പാൽ ചേർത്ത് വീണ്ടും ഇളക്കുക. അതും കട്ടിയാകാൻ തുടങ്ങിയപ്പോൾ ഒന്നാം പാൽ ചേർത്ത് 1 മിനിറ്റ് നന്നായി ഇളക്കി ചൂടാക്കുക, തിളപ്പിക്കരുത് ഇനി ചുക്കുപൊടിയും, ഏലയ്ക്കാപ്പൊടിയും ചേർത്ത് നന്നായി ഇളക്കുക.പായസം തീയിൽ നിന്ന് മാറ്റി 2,3 മൂന്നു മിനിറ്റുകൂടി ഇളക്കുക. ഇനി വറുത്ത തേങ്ങയും കശുവണ്ടിയും ചേർക്കുക.

**നുറുങ്ങ്:** രുചികരമായ പരിപ്പു പ്രഥമൻ വിളമ്പാൻ തയ്യാറായി. ശർക്കരയുടെ അളവ് നിങ്ങളുടെ അഭിരുചിക്കനുസരിച്ച് കൂട്ടുകയും കുറക്കുകയും ചെയ്യാം. കടല പരിപ്പിനു പകരം മൂംഗ് പയർ/ചെറുപയർ പരിപ്പ് എന്നിവയും ഉപയോഗിച്ച് ഇതേ രീതി പ്രഥമൻ ഉണ്ടാക്കാവുന്നതാണ്.





**ശ്രീജ ടോമി**
ഇറ്റലി





**വിദ്യ ഗിരീഷ്**
ലോമേ ടോഗോ

# വിഷു അട

വിഷുദിനത്തിലെ പ്രഭാത ഭക്ഷണമായാണ് വിഷു അട തയാറാക്കുന്നത്. വിഷു ഐതിഹ്യങ്ങളിൽ വിഷു അടയുടെ സ്ഥാനം ഒഴിച്ചു കൂടാനാവാത്തത് ആണ്.

### ആവശ്യമുള്ള സാധനങ്ങൾ

പച്ചരി പൊടിച്ച് ഇളം ചൂടിൽ വറുത്തത് 1 കപ്പ്
തേങ്ങ ചിരകിയത് 2 കപ്പ്
ശർക്കര പൊടിച്ചത് 200 ഗ്രാം
ഏലക്കായപ്പൊടി അര ടീ സ്പൂൺ
നേന്ത്രപ്പഴം ചെറുതായി നുറുക്കിയത് ഒരെണ്ണം
നെയ്യ് ആവശ്യത്തിന്

### ശർക്കരക്കൂട്ട് തയ്യാറാക്കുന്ന വിധം

ചെറിയ പാനിൽ നെയ്യ് ഒഴിച്ച് അതിലേയ്ക്ക് നേന്ത്രപ്പഴം ചെറുതായി അരിഞ്ഞത് ചേർത്ത് വഴറ്റുക. പഴം ചെറുതായി ഉടഞ്ഞു വരുമ്പോൾ ശർക്കര പൊടിച്ചത് ചേർത്ത് ഇളക്കാം. ശർക്കര ഉരുകി തുടങ്ങുമ്പോൾ തേങ്ങ ചിരകിയതും ഏലയ്ക്കാ പൊടിയും ചേർത്ത് ഇളക്കി മാറ്റി വെയ്ക്കാം.

### അട തയ്യാറാക്കുന്ന വിധം

പച്ചരിപ്പൊടിയിൽ തിളച്ച വെള്ളം ഒഴിച്ചു കുഴച്ചെടുക്കണം. മാവ് ഒരുപാട് വെള്ളമായി പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. മൃദുവായ മാവ് ചെറിയ ഉരുളകളാക്കി വാഴ ഇലയിൽ കൈ കൊണ്ട് പരത്തി എടുക്കണം. അതിനുശേഷം പകുതി ഭാഗത്ത് തയ്യാറാക്കി വെച്ചിരിക്കുന്ന ശർക്കരക്കൂട്ട് നിറച്ച് മടക്കി ഇലയോട് കൂടി ആവിയിൽ പുഴുങ്ങി എടുക്കണം. സ്വാദിഷ്ഠമായ വിഷു അട തയ്യാർ.